മെയ് 2019

Price ₹ 25

# ജീവനും വെളിച്ചവും



**നീ സത്കർമങ്ങളിൽ വ്യാപൃതനായിരിക്കുക**
**പ്രതിഫലവുമായി യജമാനൻ നിന്നെ കാത്തിരിക്കുന്നു**

# Jubilee Memorial Hospital


## Latin Archdiocese of Trivandrum

*Little Flower College of Nursing*




**College Code - JBN.**

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2019 മേയ്
പുസ്തകം - 43 ലക്കം - 5
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**പ്രിന്റർ & പബ്ലിഷർ**
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ടോണി ഹാംലെറ്റ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


### മുഖവിചാരം

# സ്ഫോടനങ്ങളുടെ ശബ്ദം നിലയ്ക്കുന്നില്ല

മനുഷ്യമനഃസാക്ഷിയെ ഞെട്ടിച്ചുകൊണ്ടാണ് തിരുവുത്ഥാനദിനത്തിൽ ഭീകർ ശ്രീലങ്കയിൽ സംഹാരതാണ്ഡവം നടത്തിയത്. ഈ ലോകത്ത് ദരിദ്രർക്കും അവികിസിത രാഷ്ട്രങ്ങൾക്കും സുരക്ഷയില്ല എന്ന സന്ദേശമാണ് കൊളംബോയിലെ മൂന്നുദേവാലയങ്ങൾക്കും മൂന്നുഹോട്ടലുകൾക്കും നേരെ നടന്ന ആക്രമണം നൽകുന്നത്. ഈ കുറിപ്പെഴുതുമ്പോഴും സ്ഫോടനങ്ങളുടെ ഒച്ച കെട്ടടങ്ങിയിട്ടില്ല എന്നത് വലിയ ആശങ്കയായി തുടരുന്നു. ഏപ്രിൽ 21-ാം തീയതി ഉണ്ടായ ചാവേർ ആക്രമണത്തിൽ 400 ഓളം പേരാണ് വധിക്കപ്പെട്ടത്. ഇതിലുമേറെപ്പേർ ഗുരുതര പരിക്കുകളോടെ ചികിത്സയിലാണ്.

നഗോംബോയിലെ കടൽത്തീരത്ത് സ്ഥിതിചെയ്യുന്ന സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലെ സ്ഫോടനത്തിൽ ഭർത്താവും രണ്ടുകുട്ടികളും കൊല്ലപ്പെട്ട അമ്മയുടെ നൊമ്പരം അണപൊട്ടിയൊഴുകിയപ്പോൾ അവരുടെ ഇടറുന്ന വാക്കുകളാണ് “എനിക്കുള്ളതെല്ലാം പറിച്ചെടുത്തോ?” എന്നത്.

ഇത്തരം കൊടുംക്രൂരതകളിൽ നിഷ്കളങ്കരും നിർമലരുമായ അനേകം കുഞ്ഞുങ്ങൾ പോലും ഇരകളായി മാറുന്നത് ഹൃദയഭേദകമാണ്. ഉയിർപ്പുതിരുന്നാളിൽ തൂവെള്ള വസ്ത്രങ്ങളും ധരിച്ച് ദിവ്യഈശോയെ സ്വീകരിച്ച കുഞ്ഞുങ്ങളുടെ ചേതനയറ്റ ശരീരം കഠിനഹൃദയരുടെപോലും കരളലിയിപ്പിക്കും. ഭീകരതയുടെ തേർവാഴ്ചയിൽ ഇന്ന് ഏറ്റവുമധികം പീഡനങ്ങൾക്കിരയാകുന്നത് നിഷ്കളങ്കരായ കുഞ്ഞുങ്ങളാണ്. എന്തേ ഇത്തരം പൈശാചികതകൾ?


മനുഷ്യന്റെ ആർത്തിയെ പൊലിപ്പിക്കുന്ന ഘടകങ്ങളാണ് ലഹരിയും ആഡംബരവസ്തുക്കളും സുഗന്ധദ്രവ്യങ്ങളും നവമാധ്യമങ്ങളും. ഇവയുടെ നീരാളിപ്പിടുത്തത്തിൽപ്പെട്ട് സംഘർഷഭരിതമായിക്കൊണ്ടിരിക്കുന്നു ലോകം. തന്റെ പ്രതിയോഗിയുടെ വധത്തെ തുടർന്ന് ലേഡി മക്ബത്ത് വിലപിക്കുന്നതിങ്ങനെയാണ് - “അറേബ്യയിലെ മുഴുവൻ സുഗന്ധദ്രവ്യങ്ങൾക്കും ശുദ്ധിയാക്കാൻ സാധിക്കാത്തവിധം രക്തപങ്കിലമാണ് എന്റെ കരങ്ങൾ.” നിരപരാധികളെ കൊന്നൊടുക്കുന്ന കൊടുംഭീകരർ രക്തപങ്കിലമാകുന്ന തങ്ങളുടെ സ്ഥിതി തിരിച്ചറിയണം.

സുഗന്ധദ്രവ്യങ്ങളും ആഡംബര വസ്തുക്കളും ലഹരി പദാർത്ഥങ്ങളും നവമാധ്യമസങ്കേതങ്ങളും സൃഷ്ടിക്കുന്ന മായിക പ്രപഞ്ചം തകർത്തെറിയുന്ന മാനുഷികമൂല്യങ്ങൾ തിരിച്ചറിയണം. ഈ തിരിച്ചറിവിൽ നിന്ന് ഒരു പുതിയ ലോകക്രമം രൂപപ്പെടുത്താൻ സർവ്വദേശീയ ആത്മീയ-സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-നവകൂട്ടായ്മയ്ക്ക് കഴിയേണ്ടതുണ്ട്.

ചാവേർ ആക്രമണത്തിലെ ഇരകൾക്ക് ഇടറുന്ന മനസ്സുകളോടെ പത്രാധിപസമിതി ഐക്യദാർഢ്യവും അനുശോചനവും അർപ്പിക്കുന്നു.

- പത്രാധിപർ

# പ്രതികരണങ്ങൾ




## അബുദാബി ഉടമ്പടി

സംഭാഷണത്തിന്റെ സാംസ്കാരിക വഴിയിലേക്ക് ഏപ്രിൽ ലക്കത്തിലെ മുഖവിചാരം വായിച്ചു. സമാധാന സന്ദേശവുമായ അബുദാബിയിൽ ഫ്രാൻസിസ് മാർപാപ്പ പറന്നിറങ്ങിയത് ചരിത്രപരമായി ദൗത്യങ്ങളുമായിട്ടായിരുന്നു. ബാങ്ക് വിളി മുഴങ്ങുന്ന ഇസ്ലാമിന്റെ മണ്ണിൽ ഭൂമിയുടെ അതിരുകളോളം പരന്നുകിടക്കുന്ന ദൈവരാജ്യത്തിന്റെ ഭൂമിയിലെ പത്രോസിന്റെ പിൻഗാമി വിശ്വതീർത്ഥാടകനായെത്തിയത് സംവാദത്തിന്റെയും സൗഹാർദ്ദത്തിന്റെയും സഹവർത്തിത്വത്തിന്റെയും പുത്തൻ ഉടമ്പടികളുമായിട്ടാണ്.

തീവ്രവാദവും പോർവിളികളും കൊലപാതകപരമ്പരകളുമല്ല, തീവ്രസ്നേഹവും പ്രാർത്ഥനയും സഹകരണവുമാണ് ഇന്നത്തെ ലോകത്തിനാവശ്യം. അതിന് മതാന്തര സ്നേഹസംഭാഷണത്തിന്റെ പുത്തൻ വേദികളും ആശയങ്ങളുടെ പങ്കുവയ്ക്കലുകളും പരസ്പരബഹുമാനത്തിന്റെയും ആദരവിന്റെയും മേഖലകളും തുറക്കപ്പെടണം.

അബുദാബി ഉടമ്പടിയാൽ സമാധാനത്തിന്റെ വെള്ളരി പ്രാവുകൾ അശാന്തി നിറഞ്ഞ മാനവ ഹൃദയങ്ങളിൽ പ്രത്യാശയുമായി പറന്നിറങ്ങട്ടെ.

- വിജയമ്മ
ജൂബിലി ആശുപത്രി, പാളയം.

## സ്ത്രീപുരുഷ സമത്വം

സ്ത്രീപുരുഷ സമത്വത്തിലൂന്നി ആരാധനാലയങ്ങളിൽ നവോത്ഥാനം വരുത്തുന്ന കേരളനാട്ടിൽ മാത്രം പള്ളികളിൽ കാണുന്ന ഒരു വേർതിരിയൽ ചൂണ്ടിക്കാണിക്കട്ടെ? പുരുഷനും സ്ത്രീയും പള്ളിയുടെ രണ്ടു ഭാഗത്തായി മാറിയിരിക്കണമെന്നു നാം ഇപ്പോഴും പരോക്ഷമായെങ്കിലും നിർബ്ബന്ധിക്കുന്നു. പുരുഷൻ സ്ത്രീയുടെ സംരക്ഷകനാണെന്ന അർത്ഥത്തിൽ ദൈവാലയത്തിന്റെ ഉള്ളിലെ നടപ്പാതയുടെ ഇടതുവശം സ്ത്രീകൾക്കും വലതുവശം പുരുഷന്മാർക്കും അതുകൊണ്ടുതന്നെ സാധാരണ ഇരിപ്പിടമായി നിശ്ചയിച്ചിരിക്കുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ ഉൾപ്പടെ വിദേശരാജ്യങ്ങളിൽ ഒന്നും ഇത്തരം വേർതിരിവ് ഇല്ല. വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസലിക്കയിൽ ഇത് അശേഷമില്ല. മറ്റു റീത്തുകൾ അംഗീകരിച്ചില്ലെങ്കിലും പെസഹാനാളിലെ പാദക്ഷാളനകർമ്മത്തിൽ സ്ത്രീകളെ ഉൾപ്പെടുത്തിയ തിരുവനന്തപുരം ലത്തീൻ അതിരൂപത ഈ വിഷയത്തിലും സമാനമായി മുൻകൈയെടുത്തു പള്ളികളിലെ ഈ വേർതിരിക്കലിന്റെ സമാപ്തിയ്ക്ക് പതിയെ ഒരു തുടക്കം കുറിക്കുന്നത് നന്നായിരിക്കും.

നോയൽ പാട്രിക്,
ശ്രീകാര്യം

## ഉത്ഥാനം

ഏപ്രിൽ ലക്കത്തിൽ ക്രിസ്തുദാസ് പിതാവിന്റെ ഉത്ഥാനം സൃഷ്ടികളോടുള്ള ദൈവത്തിന്റെ കരുതൽ എന്ന ലേഖനം വായിച്ചു. പാപികളായ മനുഷ്യരെ വീണ്ടെടുക്കാൻ തന്റെ ഏകപുത്രനെ പരിശുദ്ധ കന്യകാമറിയത്തിലൂടെ ദൈവം ഭൂമിയിലേക്കയച്ചു, സുവിശേഷം അറിയിച്ചു. ഗത്സെമനിയിൽ രക്തം വിയർത്തു പ്രാർത്ഥിച്ചതും കാൽവരിയിൽ പീഡകൾക്കും പീഡനങ്ങൾക്കും ഒടുവിൽ കുരിശിൽ മരിച്ചതും നമ്മെ വീണ്ടെടുക്കാനായിരുന്നു. അരിമത്തിയാക്കാരൻ ജോസഫിന്റെ കല്ലറയിൽ നിന്നും മൂന്നാം നാൾ ക്രിസ്തു ഉയിർത്തില്ലായിരുന്നെങ്കിൽ പാപികളുടെ വീണ്ടെടുപ്പും ക്രൈസ്തവ വിശ്വാസവും അപ്രസക്തമാകുമായിരുന്നു. അതുപോലെ സ്വർഗവും നിത്യജീവനും.

ഉത്ഥാനം സൃഷ്ടികളോടുള്ള ദൈവത്തിന്റെ കരുതൽ മാത്രമല്ല, പിതാവായ ദൈവത്തിന്റെ മനുഷ്യരോടുള്ള അത്യഗാധ സ്നേഹത്തിന്റെ പൂർത്തീകരണവും കൂടിയാണ്. പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ വന്ന ഈശോനാഥന് തന്റെ ദൗത്യാന്ത്യത്തിലെ ഉത്ഥാനത്തെക്കുറിച്ചും വ്യക്തമായ അവബോധമുണ്ടായിരുന്നു.

- ജെറാൾഡ് ബി.മിരാൻഡ

## സമദൂരം

ഏപ്രിൽ ലക്കത്തിൽ അഗസ്റ്റിൻ കണിപ്പിള്ളിയുടെ കത്തോലിക്കാ സഭ സമദൂരത്തിൽ തന്നെ വായിച്ചു. സഭകളും മതസംഘടനകളും രാഷ്ട്രീയത്തിൽ ഇടപെടാനോ രാഷ്ട്രീയക്കാർ അനാവശ്യമായി മതത്തിൽ ഇടപെടാനോ പാടില്ല. വോട്ടുചെയ്യാൻ പറയാം എന്നല്ലാതെ ഇന്നയാൾക്ക് തന്നെ വോട്ടുചെയ്യണമെന്ന് സഭകളോ മതമേലധ്യക്ഷൻമാരോ പറയരുത്. മനസാക്ഷി വോട്ട് ചെയ്യാൻ തക്ക പൗരബോധം ജനങ്ങൾക്കുണ്ടല്ലോ. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത് സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക. മത്തായി 22:21.

ആത്മീയവും ഭൗതികവുമായ കാര്യങ്ങൾ പരസ്പരം ഉൾച്ചേർന്നിരിക്കുന്നുവെങ്കിലും വ്യത്യസ്ത തലങ്ങളുമേറെയുണ്ട്. രാഷ്ട്രീയത്തിലെ മതത്തിന്റെയും മതത്തിലെ രാഷ്ട്രീയത്തിന്റെ ഇടപെടലും അമിത സ്വാധീനവും സമൂഹത്തെ ദുഷിപ്പിക്കും. ഇതിനെ അത്യന്തം ഉത്കണ്ഠയോടെയും ഭയപ്പാടോടെയുമാണ് നോക്കിക്കാണേണ്ടത്.

- ജോളി ചെമ്പകമംഗലം



# താളുകളിൽ








6 മാറുന്ന തൊഴിൽ സംസ്കാരത്തിനൊരു അടിക്കുറിപ്പ്
ജോയി ഗോതുരത്ത്

9 ക്രിസ്തുവിനെക്കുറിച്ച്
സെബാസ്റ്റ്യൻ തോബിയാസ്

10 തച്ചനിലെ അച്ഛൻ
ഫാ. ഇമ്മാനുവേൽ

12 സാമൂഹിക മാധ്യമങ്ങൾ മനശാസ്ത്ര കണ്ണുകളിലൂടെ
ഡോ. എ.ആർ.ജോൺ

14 തെരഞ്ഞെടുപ്പിലെ കാണാപ്പുറങ്ങൾ
ഷാജി ജോർജ്ജ്

17 കാനൻ ലോ
ഫാ. ജോസ് ജി.

22 വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

24 വാർത്തകൾ

30 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച



ലേഖനം

**ജോയി ഗോതുരത്ത്**

# മാറുന്ന തൊഴിൽ സംസ്കാരത്തിനൊരു അടിക്കുറിപ്പ്

എട്ടുമണിക്കൂർ ജോലി എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് 1886 മേയ് 4 ന് ചിക്കാഗോയിലെ ഹെയ്മാർക്കറ്റിൽ തൊഴിലാളികൾ പ്രകടനം നടത്തുകയുണ്ടായി. അതിനെതിരെ അതിനിഷ്ഠൂരമായ വിധത്തിലാണ് പോലീസ് വെടിവയ്പ് നടത്തിയത്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നടത്തിയ ഹെയ്മാർക്കറ്റ് മുന്നേറ്റം പിന്നീട് ചരിത്രത്തിന്റെ ഭാഗമായിമാറി. ഹെയ് മാർക്കറ്റ് സംഭവത്തിന്റെ സ്മരണ നിലനിറുത്തുന്നതിനുവേണ്ടിയാണ് എല്ലാ വർഷവും മെയ് 1 അന്താരാഷ്ട്ര തൊഴിലാളിദിനമായി ആചരിച്ചുവരുന്നത്.

1955 മെയ് 1 മുതൽ തൊഴിലാളിയായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ അന്താരാഷ്ട്ര തൊഴിലാളിദിനത്തിൽ തന്നെ കത്തോലിക്കാ സഭ ആചരിച്ചുവരുന്നു. തൊഴിലാളികളുടെ മാഗ്നാകാർട്ട എന്നുവിളിക്കപ്പെടുന്ന 'റേരും നൊവാരും' എന്ന ചാക്രീക ലേഖനം 1891 മെയ് 15 നായിരുന്നു. പരിശുദ്ധ ലിയോ പതിമൂന്നാമൻ പാപ്പ പുറത്തിറക്കിയത്. വ്യവസായ യുഗത്തിന്റെ ഭാഗമായി അതികഠിനമായ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരുന്ന തൊഴിലാളി സമൂഹത്തിന്റെ വികസനത്തിനും വിഭജനത്തിനും വേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതിയായിരുന്നു പരിശുദ്ധ ലിയോ പതിമൂന്നാമൻ പാപ്പ ഈ ചാക്രിക ലേഖനത്തിലൂടെ മുന്നോട്ടു വച്ചിട്ടുള്ളത്. പിന്നീട്

തിരുസഭ പുറത്തിറക്കിയ സഭാ പ്രബോധനങ്ങളിലെല്ലാം തന്നെ മുഖ്യമായ സ്ഥാനം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. പരിശുദ്ധ ഫ്രാൻസിസ് പാപ്പ തൊഴിലാളികൾക്ക്, വിശിഷ്യ കുടിയേറ്റ തൊഴിലാളികൾക്ക്, ചെയ്തു വരുന്ന സേവനങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്.

കേരള കത്തോലിക്ക മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മിഷൻ എല്ലാവർഷവും മെയ്ദിനത്തോടനുബന്ധിച്ച് ഇടയലേഖനം പ്രസിദ്ധീകരിക്കാറുണ്ട്. ഇത്തവണത്തെ തൊഴിലാളി ദിനാചരണത്തെ സംബന്ധിച്ച് ഇടയലേഖനം വിശദീകരിക്കുന്നതിങ്ങനെയാണ്. ഓരോ തൊഴിലാളി ദിനാചരണവും തൊഴിലാളികളോട് ആവശ്യപ്പെടുന്നത്, സംഘടിച്ച് ആത്മധൈര്യമുള്ളവരാകാനും ഉറക്കെ ശബ്ദിക്കാനും, ഭയം നൽകുന്ന അടിമത്തത്തിൽ നിന്നും മോചിതരാകാനുമാണ്. (മെയ്ദിന സന്ദേശം 2019, ഖണ്ഡിക 4).

സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കുവേണ്ടി തൊഴിലാളികൾ സംഘടിച്ച് മുന്നേറുക എന്നതാണ് ഇത്തവണത്തെ മെയ്ദിനത്തിന്റെ ചിന്താവിഷയം. നമ്മുടെ രാജ്യം ഒരു തെരഞ്ഞെടുപ്പിന്റെ പ്രക്രിയയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ്. മെയ് മാസം അവസാനത്തോടെ നമ്മുടെ രാജ്യത്തെ നയിക്കാനുള്ള ഒരു സർക്കാർ കേന്ദ്രത്തിൽ രൂപംകൊള്ളും.

ഇന്ത്യയിൽ 50 കോടി തൊഴിലാളികൾ ഉണ്ട്. ഈ ജനവിഭാഗം നേരിടുന്ന മൗലികമായ പ്രശ്നങ്ങൾ തെരഞ്ഞെടുപ്പിൽ ചർച്ചാ വിഷയമായില്ല എന്നതാണ് ഖേദകരം. യഥാർത്ഥത്തിൽ ഈ ജനവിഭാഗത്തിന്റെ വളർച്ചയിലൂടെയും വികസനത്തിലൂടെയും മാത്രമാണ് വികസിത ഇന്ത്യ എന്ന സ്വപ്നം സാക്ഷാൽക്കരിക്കാനാകൂ.

നടപ്പുവർഷത്തിലും ഇക്കഴിഞ്ഞ വർഷങ്ങളിലും തൊഴിലില്ലായ്മ കഴിഞ്ഞ അരനൂറ്റാണ്ടു കാലയളവിലെ ഏറ്റവും ഉയർന്ന നിലയിലായിരിക്കുന്നുവെന്ന് നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെയും അസിംപ്രേജി ഇൻസ്റ്റിറ്റ്യൂട്ട് പോലെയുള്ള ഗവേഷണ സംഘങ്ങളുടെയും പഠനങ്ങളിൽ നിന്നും വെളിവായിട്ടുണ്ട്. നോട്ട് നിരോധനം, വേണ്ടത്ര പര്യാലോചനയില്ലാതെ ചരക്കുസേവന നികുതി നടപ്പിലാക്കൽ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കൃത്യമായി ഉയർത്തി വൻലാഭമുണ്ടാക്കൽ, തൊഴിൽ നിയ



മങ്ങളുൾപ്പെടെയുള്ള നിയമങ്ങളിൽ വ്യവസായ ഉടമകൾക്കും വൻകുത്തകകൾക്കും അനുകൂലമായ വിധത്തിൽ മാറ്റം ഉണ്ടാക്കാൽ തുടങ്ങിയ നിരവധി നടപടികൾ അടിസ്ഥാന തൊഴിലാളികളുടെ ദൈനംദിന ജീവിതം കൂടുതൽ ദുരിത പൂർണമാക്കി.

ഇക്കാലയളവിൽ സമ്പത്തിന്റെ കേന്ദ്രീകരണം അതിദ്രുതഗതിയിൽ നടക്കുകയുണ്ടായെന്ന് പല റിപ്പോർട്ടുകളും വിലയിരുത്തുന്നു. 2019 ജനുവരി മാസത്തിൽ പുറത്തിറങ്ങിയ ഓക്സ്ഫാം റിപ്പോർട്ടനുസരിച്ച് ഇന്ത്യയിലെ മൊത്തം സമ്പത്തിന്റെ മുക്കാൽ ഭാഗവും മേൽത്തട്ടിലുള്ള പത്ത് ശതമാനം ആളുകളുടെ പക്കലാണുള്ളത്. എന്നാൽ ഇക്കാര്യങ്ങളൊന്നും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ചർച്ചാവിഷയമാവില്ല. അതായത് സാധാരണ പൗരസമൂഹം നേരിടുന്ന ദൈനംദിന ജീവിതപ്രശ്നങ്ങൾക്ക് പകരം ഉപരിപ്ലവവും വൈകാരികവുമായ ചില വിഷയങ്ങളാണ് തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ചർച്ച ചെയ്യപ്പെട്ടത്, അഥവാ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

ഇത് ആദ്യത്തെ അനുഭവമല്ലെന്ന് ഓർക്കണം. ജനങ്ങളിലെ ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികൾ എന്തുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും നിഷ്കാസനം ചെയ്യപ്പെടുന്നു എന്ന പരിചിന്തനം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇന്ത്യൻ സമൂഹത്തിലെ സവർണരാണ് രാജ്യത്തെ മുഖ്യധാരയിലുള്ള എല്ലാം കയ്യടക്കി വച്ചിരിക്കുന്നത്. അവർണരും അസ്പർശ്യരും പ്രാന്തവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഇതുപോലെ ഇന്ത്യ





യിലെ തൊഴിലാളി സമൂഹത്തിലും രണ്ട് വിഭാഗങ്ങൾ ഉണ്ട്. ഇന്ത്യൻ തൊഴിലാളികളെ സവർണരായി സംഘടിത തൊഴിലാളികളെന്ന് (ഔപചാരിക തൊഴിലാളികളെ) വിശേഷിപ്പിക്കാം. ഇവർ മൊത്തം തൊഴിലാളികളിൽ ആറുമുതൽ ഏഴു ശതമാനം മാത്രം വരുന്നവരാണ്. തൊഴിൽ സംരക്ഷണം സാമൂഹിക സുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭിക്കുന്ന തൊഴിലാളികളാണ് സംഘടിത തൊഴിലാളികൾ. വ്യവസായ സ്ഥാപനങ്ങൾ മുതൽ സർക്കാർ ജീവനക്കാർ വരെയുള്ളവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ഇന്ത്യൻ തൊഴിലാളി സമൂഹത്തിലെ അസ്പൃശ്യ-അവർണർക്ക് തുല്യരാണ് അസംഘടിത തൊഴിലാളികൾ. ആരാണ് അസംഘടിത തൊഴിലാളികൾ എന്നു നോക്കാം. രാജ്യത്തെ തൊഴിലാളികൾ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണെന്നാണ് സർക്കാരിന്റെ ഏറ്റവും പുതിയ സ്ഥിതിവിവരകണക്കുകൾ പറയുന്നത്. ഇവർക്ക് യാതൊരു വിധത്തിലുള്ള തൊഴിൽ സംരക്ഷണവും ഇല്ല. ഇന്നു തൊഴിലുണ്ടെങ്കിൽ, നാളെ ഇല്ല. കാലാവസ്ഥയ്ക്കനുസരിച്ച് തൊഴിൽ സാഹചര്യത്തിൽ മാറ്റമുണ്ടാകും. കാലാവസ്ഥാ ദുരന്തങ്ങൾ അപരിഹാസ്യങ്ങളായ ക്ലേശങ്ങളും നഷ്ടങ്ങളുമാണ് ഇവർക്ക് ഉണ്ടാക്കുന്നത്. ഈ വിഭാഗം തൊഴിലാളികൾക്ക് യാതൊരുവിധ നിയമപരിരക്ഷയും ലഭിക്കുന്നില്ല. അസംഘടിത തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവിതം ദുരിതപൂർണമാക്കുന്നതിന്റെ പ്രധാന പങ്കുവഹിക്കുന്ന ഒരുകാര്യമാണ് സാമൂഹിക സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത.

വാർധക്യകാല പെൻഷൻ ഇല്ലെന്നു തന്നെ പറയാം. അഥവ ഉണ്ടെങ്കിൽ തീരെ കുറവ്. മാത്രമല്ല, വിഷുവിനും സംക്രാന്തിക്കും മാത്രം ലഭിക്കുന്നു. (എന്നാൽ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ കാര്യം നോക്കുക. റിട്ടയർ ചെയ്ത് ഇരുപത് വർഷം കഴിയുമ്പോൾ റിട്ടയർ ചെയ്യുമ്പോൾ ലഭിച്ച വേതനത്തേക്കാൾ ഇരട്ടി പെൻഷൻ ചിലർക്ക് ലഭിക്കാറുണ്ട്.) രോഗം വന്നാൽ ചികിത്സാ സൗകര്യമില്ല, ആനുകൂല്യമില്ല. തൊഴിലിടത്ത് അപകടം മരണം എന്നിവ സംഭവിച്ചാൽ ദുരന്തങ്ങളായിമാറുന്നു. ഇന്ത്യൻ സമൂഹത്തെ നിതാന്തമായി വേട്ടയാടുന്ന ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും മൗലീകകാരണം ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്. ലത്തീൻ സമുദായത്തിലെ ബഹുഭൂരിപക്ഷം ഉപജീവനം കണ്ടെത്തുന്നത് മത്സ്യബന്ധനം, കെട്ടിടനിർമ്മാണം, കൃഷിപ്പണി, ഗാർഹികതൊഴിൽ തുടങ്ങിയ അസംഘടിത തൊഴിൽ വഴിയാണ് ലത്തീൻ സമുദായത്തെ നിരന്തരം ഞെരുക്കുന്ന ദാരിദ്ര്യത്തിന്റെ മൗലിക കാരണവും തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവെൻഷനനുസരിച്ച് ഈ സംഘടനയിലെ അംഗരാജ്യങ്ങൾ അവരുടെ രാജ്യത്ത് അന്തസ്സുള്ള തൊഴിൽ എല്ലാവർക്കും ഉറപ്പാക്കേണ്ടതാണ്. കൂടുതൽ തൊഴിൽ സാധ്യത, മെച്ചപ്പെട്ടവരുമാനം, ജോലിസ്ഥലത്ത് സുരക്ഷ, കുടുംബാംഗങ്ങൾ ഉൾപ്പെടെ സാമൂഹിക സുരക്ഷ, സംഘടനയിലൂടെ ശക്തരാകാനുള്ള അവസരം എന്നിവ അന്തസ്സുള്ള തൊഴിലിന്റെ ഘടകങ്ങളാണ്. ദൗർഭാഗ്യവശാൽ ഈ ആനുകൂല്യങ്ങൾ ഇന്ത്യയിലെ സംഘടിത തൊഴിലാളികൾക്ക് മാത്രമേ ഉറപ്പാക്കപ്പെടുന്നുള്ളൂ. അസംഘടിതർ ഈ പരിരക്ഷയ്ക്ക് പുറത്താണ്.

തൊഴിൽ ചെയ്യുക വഴി ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും രക്ഷാകർമ്മത്തിലും പങ്കുചേരുകയാണ് ഓരോ തൊഴിലാളിയും ചെയ്യുന്നത്. (സഭയുടെ സാമൂഹിക പ്രബോധനം 263). ഇത്രമഹത്തായ കർമ്മത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അന്തസോടെ ജീവിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതായിട്ടുണ്ട്. അതിനായി അസംഘടിത (അനൗപചാരിക) തൊഴിലാളികൾ സംഘടിപ്പിച്ച് വിലപേശൽ ശക്തി ആർജിച്ചെടുക്കണം. രാജ്യത്തിന്റെ സമ്പത്തിൽ നിന്നും അർഹവും ആനുപാതികവുമായ വിഹിതം നേടിയെടുക്കാൻ നിർണായക ശക്തിയായി വളരണം. എങ്കിൽ മാത്രമേ ഈ വർഷത്തെ മെയ്ദിനത്തിന്റെ സന്ദേശമായ സാമൂഹിക, സാമ്പത്തിക പുരോഗതി തൊഴിലാളികൾക്ക് കൈവരിക്കാനാകൂ. ■





ലേഖനം

**സെബാസ്റ്റ്യൻ തോബിയാസ്**

# ക്രിസ്തുവിനെക്കുറിച്ച്...

ഒരാൾ തന്റെ കുഞ്ഞിന്റെ ജന്മദിനത്തിൽ ഒരു സുപ്രധാന സമ്മാനം കൊടുക്കുവാനാഗ്രഹിച്ചു. പലകടകളിലും കയറി. കുഞ്ഞിനോടുള്ള തന്റെ വിശേഷാൽ സ്നേഹം പ്രകടിപ്പിക്കുന്ന ഒരു സമ്മാനവും കണ്ടെത്താൻ അയാൾക്ക് കഴിഞ്ഞില്ല. തിരികെ വീട്ടിലെത്തിയ അദ്ദേഹം ഇന്നോളം ആരും ചുംബിച്ചിട്ടില്ലാത്ത സ്നേഹത്തോടെ, സർവസ്നേഹവും ചുണ്ടുകളിൽ നിറച്ച് അവന്റെ മൂർദ്ധാവിൽ സ്നേഹപൂർവ്വം ചുംബിച്ചു. ഇന്നും തന്റെ പിതാവിനെ അവൻ ഓർക്കുന്നത് ഈ സമ്മാനത്തിലൂടെയാണ്.

മനുഷ്യന്റെ മൂർദ്ധാവിൽ വീണ ദൈവത്തിന്റെ സ്നേഹചുംബനമാണ് ക്രിസ്തു. നമുക്ക് ചിന്തിക്കാൻ കഴിയുന്നതിനേക്കാളും ഉയർന്ന രീതിയിൽ ദൈവം നമ്മെ സ്നേഹിക്കുന്നുവെന്ന് വിശുദ്ധ ആൻസലം. ദൈവം മനുഷ്യനെ സ്നേഹിക്കുന്നുവെന്ന് പറയാൻ ഉപയോഗിച്ച വചനമാണ് ക്രിസ്തു. ദൈവം തന്റെ ഏകജാതനെ നൽകാൻ തക്കവിധം ഭൂമിയെ അത്രമാത്രം സ്നേഹിച്ചു. ഈ വചനത്തെ ഒരുവന്റെ അനുഭവത്തിന്റെ കണ്ണിലൂടെ കാണുമ്പോൾ ഇങ്ങനെ മനസ്സിലാക്കാം. ദൈവം തന്റെ ഏകജാതനെ നൽകാൻ തക്കവിധം എന്നെ അത്രമാത്രം സ്നേഹിച്ചു. അനുഭവത്തിന്റെ കണ്ണുകളാണ് ഇവിടെ അധികരിക്കേണ്ടത്.

ഇംഗ്ലീഷിൽ സ്നേഹത്തിന് ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്ന പദം ഫ്രീയോൺ എന്നാണ്. വിമോചിപ്പിക്കുന്നത് എന്നർത്ഥം. ഇങ്ങനെയെങ്കിൽ സ്നേഹമെന്നാൽ വിമോചിപ്പിക്കുന്നത് എന്നർത്ഥം. (ഈ വാക്കിൽ നിന്നാണ് ഫ്രണ്ട് എന്ന വാക്ക് ഉത്ഭവിച്ചത്. സുഹൃത്തെന്നാൽ വിമോചിപ്പിക്കുന്നവൻ എന്നും അർത്ഥമുണ്ട്.) കുരിശിന് താഴെ നിന്ന് വിമോചിപ്പിക്കുന്ന സ്നേഹത്തിന്റെ രൂപം കണ്ടതു കൊണ്ടാവാം ദൈവം സ്നേഹമാണെന്ന് യോഹന്നാൻ കുറിച്ചത്.

കാട്ടിലൊരു ചെറിയ തീപിടിത്തം. അഗ്നിശമനസേനയിലെ രണ്ടുപേർ തീയണയ്ക്കാൻ പുറപ്പെട്ടു. ജോലി കഴിഞ്ഞ് അവർ ഒരു പുഴക്കരയിലെത്തി. ഒരാളുടെ മുഖം കരിപുരണ്ടും കറുത്തും മറ്റേയാളുട മുഖം തികച്ചും ശുചിയായും കാണപ്പെട്ടു. ഗുരു ചോദിച്ചു: ഇപ്പറഞ്ഞ രണ്ടുപേരിൽ ആരായിരിക്കും തന്റെ മുഖം കഴുകി വെടിപ്പാക്കുന്നത്? ശിഷ്യൻ: കരിപുരണ്ടയാൾ തന്നെ. അല്ല, ഗുരു പറഞ്ഞു മുഖത്ത് കരിപുരണ്ടവൻ കൂട്ടുകാരന്റെ മുഖം നോക്കി താനും അയാളെപ്പോലെയാണെന്ന് വിചാരിച്ചു. വൃത്തിയായവൻ സഹപ്രവർത്തകന്റെ മുഖം കണ്ട് തന്നത്താൻ പറയും; എന്റെ മുഖം വൃത്തികേടായിരിക്കും, കഴുകിക്കളയാം.

നമ്മൾ ക്രിസ്തുവിന്റെ മുഖത്ത് നോക്കി ദൈവത്തിന്റെ സ്നേഹവും മനുഷ്യന്റെ മഹത്വവും പഠിച്ചു. അവൻ നമ്മുടെ മുഖത്തുനോക്കി, നമ്മുടെ മുഖത്തെ അഴുക്കിന് ജീവൻകൊണ്ട് പരിഹാരം ചെയ്തു.

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ടെന്ന് ഒരു ചൊല്ലുണ്ട്. ഭൂമിയിൽ നല്കപ്പെട്ടിട്ടുള്ളതിൽ ഏറ്റവും നല്ല ചങ്ങാതി തന്നെയാണ്. അതുകൊണ്ട് തന്നെ ദൈവത്തിന്റെ ഭൂമിയിലെ കണ്ണാടിയാണ് ക്രിസ്തു. ആ കണ്ണാടിയിൽ നോക്കി നമുക്ക് ദൈവസ്നേഹത്തിന്റെ ആഴവും മനുഷ്യന്റെ മഹത്വവും വിലയും പഠിക്കാം. ക്രിസ്തു തന്നെയാണ് എന്റെ ഏറ്റവും വലിയ ചങ്ങാതി. ■

ലേഖനം

ഫാ. ഇമ്മാനുവേൽ



# തച്ചനിലെ അച്ഛൻ

**ഒന്നുപോലെ മറ്റൊന്നില്ല, ഒരച്ഛനെപ്പോലെ മറ്റൊരച്ഛനും. ഇവിടെ പലതരക്കാരായ അപ്പന്മാരിലൂടെ യാത്രചെയ്ത് വി. യൗസേപ്പ് പിതാവിൽ ചെന്നെത്താം...**

മരിക്കുകില്ലച്ഛാ മനസിലൊരിക്കലും
മനസാകെ മരവിച്ചുപോയെന്നിരിക്കിലും
തനിച്ചാകില്ലച്ഛാ ഒരിക്കലുമി മക്കൾ
മരിക്കാത്ത ഓർമ്മകൾ കൂട്ടിനുണ്ടെപ്പോഴും
മനസ്സിൽ വരച്ചിട്ട ചിത്രങ്ങളത്രയും
ശേഷിച്ചകാലം ഞങ്ങൾക്ക് തുണയേകും
ദൈവത്തിൽ ചരത്തുനിൽക്കുന്നച്ഛൻ
എക്കാലവും എൻ ദൈവമാണച്ഛൻ...

ആരാണച്ഛൻ? എന്റെയും നിങ്ങളുടെയും പേരിൽ വാൽപേരാണോ?

അല്ല...

പ്രഭാതത്തിൽ കണ്ണുകൾ എന്നും കണികണ്ടിരുന്ന ദൈവമാണച്ഛൻ.. കൈവിരൽ ചേർത്തുപിടിച്ച് പിടിച്ചുനടത്തിയ നേരായ നിലാവാണച്ഛൻ... മുന്നിലെ ജീവിതപ്പാതയിൽ കൊന്നമരം പോൽ പൂത്ത കനവാണച്ഛൻ.. മക്കളുടെ മുഗ്ദമാം... മോഹങ്ങൾ നെഞ്ചിലേറ്റിനിന്ന ആകാശമാണച്ഛൻ... പിച്ച വച്ചോടി കളിച്ച വീടിന്റെ മേൽക്കൂരയാണച്ഛൻ... കുടുംബമാകുന്ന വാഹനത്തിന്റെ സാരഥിയാണച്ഛൻ... കാലൊന്നു തെറ്റിയാലോ മുഖമൊന്നു വാടിയാലോ താങ്ങി നിർത്തുന്ന ജീവിത തൂണാണച്ഛൻ....

നൊമ്പരങ്ങളുടെ കൊടുങ്കാറ്റടിക്കുമ്പോഴും കെടാതെ ആളിപ്പടരാൻ പഠിപ്പിച്ച അധ്യാപകനാണച്ഛൻ...

അഗ്നിപർവ്വതംപോലെ ഏറെ നീറിയും അക്ഷരമാലകൾ ചൊല്ലിപ്പഠിപ്പിച്ച അക്ഷയപാത്രമാണച്ഛൻ...

ലോകത്തിന് അച്ഛൻ ഒരു വ്യക്തിയായിരിക്കാം പക്ഷെ, നമുക്കെന്നും അച്ഛൻ ലോകമാണ്!

വിശുദ്ധ ഗ്രന്ഥത്തിലെ കുറവുകളുള്ള പിതാക്കന്മാർ

ആദം:– ഭൂമിയിലെ ആദ്യത്തെ അച്ഛൻ. ദൈവപിതാവിന്റെ ഇഷ്ടപാത്രം. ഒരുവേള വീണുപോയി മൺകുടം ഉടയുംപോലെ. നീ എവിടെയെന്ന ചോദ്യത്തിന് ഭൂമിയിലെ ആദ്യത്തെ അച്ഛന്റെ മറുപടി – "ഞാൻ പരിധിക്ക് പുറത്താണ്" യെന്ന്...

നോഹ:– നീതിമാനായ അച്ഛൻ. ദൈവത്തിന്റെ ടാസ്ക് നിറവേറ്റി. ഒരുവേള മുന്തിരിയുടെ പാനീയം അയാളെ നഗ്നനാക്കി. അപ്പന്റെ നഗ്ന

**വ്യത്യസ്തനായ ഒരപ്പനെ വിശുദ്ധഗ്രന്ഥം പരിചയപ്പെടുത്തുന്നുണ്ട്. അയാളുടെ പേര് യൗസേപ്പ് എന്നാണ്. വിവാഹ നിശ്ചയം മുതൽ തുടങ്ങുന്നതാണ് ഈ അപ്പന്റെ കനൽ വഴികൾ. മരുഭൂമിയിലെ ചൂടിൽ ഉരുകിയും.. നടപ്പാതകളിൽ പാതങ്ങൾ വിണ്ടുകീറിയും... ദൈവേഷ്ടം നിറവേറ്റാനുള്ള വ്യഗ്രതയിൽ നെഞ്ചുകലങ്ങിയും.... ജീവിതം ചുരുങ്ങിപ്പോയ ഒരു പാവം അപ്പൻ!**



ത പുറത്തുപറഞ്ഞ നോഹ ശിക്ഷവാങ്ങുന്നു...

അബ്രഹാം:- ദൈവത്തിന്റെ പരീക്ഷകൾ പാസായ വിശ്വാസികളുടെ അച്ഛൻ. സാറയുടെ വാക്കുകൾകേട്ട് തോഴി ഹാഗ്ഗാറിനെയും മകൻ ഇസ്മായേലിനെയും മരുഭൂമിയിൽ അലയാൻ വിട്ടു...

ഇസഹാക്ക്:- ശരീരത്തിന്റെ കുറവായ അന്ധതബാധിച്ച അച്ഛൻ. വിശപ്പും ദാഹവും ഭക്ഷണത്തിനായി കൊതിച്ചപ്പോൾ ഏസാവിനെ അനുഗ്രഹിക്കേണ്ട അച്ഛൻ യാക്കോബിനെ അനുഗ്രഹിച്ചു..

യാക്കോബ്:- പന്ത്രണ്ട് ഗോത്രങ്ങളുടെ പിതാവ്. മക്കളിൽ കൂടുതൽ സ്നേഹം ജോസഫിനോടായപ്പോൾ മറ്റുമക്കളുടെ അമർഷം ഏറ്റുവാങ്ങുന്ന അച്ഛൻ.

മോശ:- നിയമം നൽകുന്ന അച്ഛൻ. ഗെർഷോമിന്റെയും എലിയാസറിന്റെയും അച്ഛൻ മാത്രമല്ല, ഹെബ്രായരുടെ മുഴുവൻ അച്ഛൻ. അടിക്കാൻ പാടില്ലാത്ത പാറയിൽ വടികൊണ്ടടിച്ച് അനുസരണക്കേടുകാട്ടി...

ദാവീദ്:- ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയ അച്ഛൻ. ഈ അച്ഛൻ ഊറിയായെ ചതിയിൽ വധിച്ചു. ബെത്ഷേബയെ വശീകരിച്ചുപാപം ചെയ്തു.

രക്ഷാകര വഴികളിൽ തങ്ങളുടെ ദൗത്യം പൂർത്തിയാക്കുമ്പോൾ മനുഷ്യരെന്ന നിലയിൽ കുറവുകൾ സംഭവിച്ച ഈ അപ്പന്മാരെ ദൈവം ബലപ്പെടുത്തി. അവർക്ക് വഴിതെറ്റിയപ്പോഴൊക്കെ വഴിവിളക്കുമായി ദൈവപിതാവ് കാത്തുനിന്നു...

ഈ പിതാക്കന്മാരിൽ നിന്നും വ്യത്യസ്തനായ ഒരപ്പനെ വിശുദ്ധഗ്രന്ഥം പരിചയപ്പെടുത്തുന്നുണ്ട്. അയാളുടെ പേര് യൗസേപ്പ് എന്നാണ്. വിവാഹ നിശ്ചയം മുതൽ തുടങ്ങുന്നതാണ് ഈ അപ്പന്റെ കനൽ വഴികൾ. മരുഭൂമിയിലെ ചൂടിൽ ഉരുകിയും.. നടപ്പാതകളിൽ പാതങ്ങൾ വിണ്ടുകീറിയും... ദൈവേഷ്ടം നിറവേറ്റാനുള്ള വ്യഗ്രതയിൽ നെഞ്ചുകലങ്ങിയും.... ജീവിതം ചുരുങ്ങിപ്പോയ ഒരു പാവം അപ്പൻ!

അച്ഛൻ എന്ന വാക്കിന്റെ ഇംഗ്ലീഷ് 'Father' എന്നല്ലേ.

ഈ വാക്കിന്റെ അക്ഷരങ്ങൾ ചേർത്തുവച്ചാൽ അച്ഛന്റെ നിർവചനമായി.

F - Father you are the Best (ഏറ്റവും ശ്രേഷ്ഠമായത്)

A - Always standing by (അടുത്തുനിൽക്കുന്ന അച്ഛൻ)

T - Teacher of my life (ജീവിതത്തിന്റെ ഗുരുനാഥൻ)

H - Hero in my Eyes (കണ്ണുകൾ കണ്ട സാഹസികൻ)

E - Engineer of the year (കാലത്തിന്റെ ബ്ലൂപ്രിന്റ് ഉണ്ടാക്കുന്നയാൾ)

R - Role Model of the country (ദേശത്തിന്റെ മാതൃകാപുരുഷൻ)

കാലവും ഈ ലോകവും എന്നും മാതൃകയാക്കുന്ന വത്സല പിതാവാണ് വി.യൗസേപ്പിതാവ്. മഴയത്തും വെയ്‌ലത്തും കടലിലും കായലിലും സാഹസം കാട്ടുന്ന അച്ഛന്മാർക്ക് ഒരു ബിഗ് സല്യൂട്ട്! ആരും നനയാതിരിക്കാൻ കുടവിരിച്ച അപ്പൻ അനാഥാലയത്തിലിരുന്ന് മുകമായി മൂളുന്നു.

നാളെയെന്റെ ശരീരത്തുനിന്ന് ആത്മാവ് പോകുമ്പോൾ

നാലഞ്ചുപേരെങ്കിലും ഒരുമിച്ചു കൂടണം.

ഒരു ചിതയൊരുക്കാനായില്ലെങ്കിലും

ഒരുചടങ്ങിനായ് ഒരു ചന്ദനത്തിരിയെങ്കിലും കത്തിക്കണം.

നിത്യശാന്തിക്കായി അക്ഷരശുദ്ധിയില്ലാത്ത

ഒരുനാമ ജപമെനിക്കേകണം.

ആറടി മണ്ണിലെന്റെ ശരീരം ഇറക്കിടുമ്പോൾ

ആരെങ്കിലുമൊരു തുള്ളി കണ്ണീരൊഴുക്കണം.

കല്ലറ പണിത് സ്മാരകമുയർത്തണ്ട; തൈതെങ്ങും

നട്ടിടേണ്ട കർമ്മങ്ങൾ തീരെവേണ്ട..

മൺകൂനമധ്യത്തിൽ ഒരു കല്ലുവച്ച് വികൃതാക്ഷരത്തിൽ ഇങ്ങനെക്കുറിക്കണം.

ദുഃഖത്തിൽ ജനിച്ച്, ദുഃഖത്തിൽ ജീവിച്ച്, ദുഃഖത്തിൽ മരിച്ച ഒരു നായകന്റെ സ്ഥാനമാണിത്, സ്നേഹമായിരുന്നു എന്റെ ജീവിത പരാജയം! ■

ലേഖനം

റവ. ഡോ. എ. ആർ. ജോൺ



# സാമൂഹിക മാധ്യമങ്ങൾ മനഃശാസ്ത്ര കണ്ണുകളിലൂടെ

ഇന്റർനെറ്റുമായി ബന്ധപ്പെടുക എന്നാൽ ലോകവുമായും മനുഷ്യരുമായി ബന്ധം വിച്ഛേദിക്കുക എന്നാണർത്ഥം. സമുദ്രം എല്ലാവർക്കും ഒരുപോലെയാണ്. എന്നാൽ ചിലർ അതിൽ നിന്നും സമ്പത്തും പവിഴങ്ങളുമായി തിരിച്ചുവരും മറ്റുചിലരാകട്ടെ അതിന്റെ പ്രഹരമേറ്റ് മടങ്ങിവരും മറ്റുചിലർ മടങ്ങിവരാറെയില്ല. സമാനമാണ് സാമൂഹിക മാധ്യമങ്ങളും ചിലർക്കത് വളർച്ചയുടെ അനുവാര്യതയാകുമ്പോൾ മറ്റുചിലർക്ക് അത് അവരെ നശിപ്പിക്കുന്ന അപകടകാരിയാണ്. ഇന്നാകട്ടെ ഇവ ഒഴിച്ചുകൂടാനാവാത്ത തിന്മയാണ്, കൊള്ളാനും തള്ളാനുമാകാത്ത മാനസിക അവസ്ഥയിൽ അവ നമ്മെ എത്തിച്ചിരിക്കുന്നു.

ഇന്ന് കുട്ടികൾക്ക് യഥാർത്ഥകളികളോട് ഇഷ്ടമില്ല എന്നാൽ വിഡിയോ ഗെയിം ഏറെ ഇഷ്ടമാണ്. കൂട്ടുകൂടാൻ താല്പര്യകുറവ് എന്നാൽ ഓൺലൈൻ കൂട്ടുകാരോട് എത്രനേരം വേണമെങ്കിലും ചാറ്റ് ചെയ്യാനിഷ്ടമാണ്. ഇതുവഴി നല്ല സൗഹൃദങ്ങളുണ്ടാക്കാനോ ആസ്വദിക്കാനോ പരിപോഷിപ്പിക്കാനോ ഉള്ള കഴിവും ഹൃദയവും സിദ്ധിയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. യഥാർത്ഥ കളികൾ കുട്ടികളിൽ ഉന്മേഷവും സൗഹൃദങ്ങളും വിജയപരാജയങ്ങളുടെ സ്വാഭാവികതകളും നൽകുമ്പോൾ വീഡിയോ ഗെയിം കളിച്ച് കഴിയുമ്പോൾ കുട്ടികൾ ക്ഷീണിതരും നിരാശരുമായിത്തീരുക മാത്രമല്ല കടുത്ത ഏകാന്തതയും അനുഭവിക്കുന്നു. വീഡിയോ ഗെയിം കൂടിക്കൂടി വരുന്നതിനാൽ കുട്ടികളിൽ മാനസിക ക്ലേശവും പിരിമുറുക്കവും സ്വഭാവ ദൂഷ്യവും അതിനേക്കാൾ കൂടി കൂടിവരുന്നു.

ജിജ്ഞാസ കുട്ടികളിൽ കൂടുതലാണ്. അതി നല്ലതുമാണ്. എന്നാൽ സാമൂഹ്യമാധ്യമങ്ങൾ ഈ നന്മയെ ചൂഷണം ചെയ്ത് അവരെ ബ്ലൂവെയിൽ, മേമു തുടങ്ങിയ ജീവഹാനിവരെ വരുത്തുന്ന പ്രവണതകളിലും ക്രിമിനൽ പ്രവർത്തനങ്ങളിലും എത്തിക്കും. സാമൂഹിക മാധ്യമങ്ങൾ ഇന്ന് കൂടുതൽ നമ്മെ പരസ്പരം ഒന്നിപ്പിക്കുന്നതിനേക്കാൾ കൂടുതൽ അകറ്റിക്കൊണ്ടിരിക്കുന്നു, സഹിഷ്ണുത വളർത്തുന്നതിനേക്കാൾ അസഹിഷ്ണുതയുള്ളവരാക്കുന്നു. സത്യം എത്തിക്കുന്നതിനേക്കാൾ അസത്യവും തെറ്റിദ്ധാരണകളും പ്രചരിപ്പിക്കപ്പെടുന്നു. ശരാശരി ഒരു യുവാവ് ഒരു ദിവസം 5 മുതൽ 7 മണിക്കൂവർ വരെ സാമൂഹിക മാധ്യമങ്ങൾക്കായി ഉപയോഗിക്കുന്നു എന്നുപറയുമ്പോൾ ഇവയുടെ സ്വാധീനവും മാധ്യമ അടിമത്വത്തിന്റെ ആഴവും ചിന്തിക്കാനേയുള്ളൂ.

ചതിക്കുഴികളുടെ ബട്ടനുകൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ് സാമൂഹ്യമാധ്യമങ്ങൾ. ചതി നന്മയുടെ പുറംകുപ്പായം അണിയുന്നതിനാൽ വീണതിനുശേഷമാണ്

തിരിച്ചറിവുണ്ടാകുന്നത്. ചിലർ മടങ്ങിവരും ചിലരാകട്ടെ പതുക്കെ പതുക്കെ മടങ്ങിവരാൻ കഴിയാത്തവിധം അതിന്റെ നീരാളിപിടുത്തത്തിലകപ്പെട്ട് പോകും. അതിനാൽ 'തിങ്ക് ബിഫോർ യു ചിക്.'

സെൽഫി എടുക്കുന്നത് ഒരു മാനസ്സിക രോഗമായി വളർന്നുകൊണ്ടിരിക്കുകയാണ്. മരണവീടെന്നോ റോഡ പകടമെന്നോ തിരിച്ചറിവ് ഇല്ലാതെ ഒരുവന്റെ ഏറ്റവും നിസഹായ അവസ്ഥയെപ്പോലും ക്യാമറയിൽ പകർത്താനുള്ള വ്യഗ്രത ഒരു മനുഷ്യനിൽ മനുഷ്യത്വം എത്രയോ മരവിച്ചുപോയി എന്നതിന്റെ തെളിവാണ്. സെൽഫി മരണങ്ങൾ (selfee death) ഏറ്റവും കൂടുതൽ കൗമാരക്കാരിലാണ് എന്നത് എത്രയോ ദുഃഖകരവും ശേഷിക്കുന്ന കാലം മുഴുവൻ കുടുംബങ്ങളുടെ സന്തോഷങ്ങളെ തകർത്തുകളയുന്നതുമാണ്.

ഇമോജികളുടെ (Emogies) വരവും ഉപയോഗത്തിന്റെ അതിപ്രസരവും യഥാർത്ഥ വികാരപ്രകടനങ്ങളെ തകർക്കുകയും സത്യസന്ധമായ ഹൃദ്യതയുടെ സ്നേഹ ഭാവങ്ങളെ കളങ്കം ചാർത്തുകയും ചെയ്തു. ഇവയെല്ലാം ഒരു കോമാളിത്തരങ്ങളായി തരംതാണിരിക്കുകയാണ്; അതെ വികാരങ്ങളും അതിന്റെ നൈസർഗിക പ്രകടനങ്ങളുംപോലും കപടമായിപ്പോയി.

അമിതമായ സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗം ആരോഗ്യത്തെയും ശീലങ്ങളെയും ജീവിതശൈലികളെയും അപകടകരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് മാധ്യമോപയോഗംവഴി ശരാശരി 90 മിനിറ്റ് ഉറക്കം കുറഞ്ഞിരിക്കുകയാണ്. ഇത് ഉറക്കത്തിന്റെ താളത്തെയും ക്രമത്തെയും ഗുണത്തെയും ബാധിക്കുന്നു (Sleeping Disorder). ആഹാരം കഴിക്കുമ്പോൾ പോലും ടി.വി കാണുകയും നെറ്റ് പരതുകയും ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് എന്നിവ ഉപയോഗിക്കുകയും ചെയ്യുന്നിനാൽ അത് ആഹാരം കഴിക്കുന്നതിനെയും അതിന്റെ അളവിനെയും രീതിയെയും ബാധിച്ച് പൊണ്ണത്തടിയുള്ളവരോ അല്ലെങ്കിൽ ആവശ്യത്തിനുള്ള ആഹാരം പോലും കഴിക്കാൻ മറക്കുന്നവരോ ആയി മാറ്റുന്നു (eating disorder). സ്ക്രീനിൽ അധികമായും തുടർച്ചയായും നോക്കുകയും ആവശ്യത്തിന് മിഴിയടക്കാതിരിക്കുകയും ചെയ്യുന്നതിനാൽ കണ്ണിനെയും അതുവഴി മസ്തിഷ്കത്തെയും സാരമായി ബാധിക്കുന്നു.

സാങ്കേതികവിദ്യകളുടെ നവമായ ഭാവവും അതിരുകടന്ന ഉപയോഗവും സ്വാധീനവും ഓർമ്മശക്തിയെ, മാരകമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ പേരുകൾ, സ്ഥലങ്ങൾ, സംഖ്യകൾ, കണക്ക് എന്നിവ ഹൃദസ്ഥ്യമാക്കാനോ, ഓർത്തെടുക്കാനോ കഴിയാതെ ബൗദ്ധിക ശക്തി വികസിക്കാതെ വരുകയും ഓർമ്മശക്തി കുറഞ്ഞുകുറഞ്ഞുവരികയും ചെയ്യുന്നു. ഇതിനെയാണ് Digital Amnesia എന്ന് പറയുന്നത്. മസ്തിഷ്ക പ്രവർത്തനത്തെയാണിത് സാരമായി ബാധിക്കുന്നത്.

സാമൂഹികമാധ്യമങ്ങൾ ഇന്ന് ഒരു മാനസ്സീക ഒളിത്താവളമാണ്. ജീവിതത്തിൽ നിന്നും ഉത്തരവാദിത്വത്തിൽ നിന്നും അദ്ധ്വാനത്തിൽ നിന്നുമുള്ള ഒളിച്ചോട്ടം. ഇതുവളരെ



നിഷ്ക്രിയരും, മടിയന്മാരുമാക്കി മാറ്റുന്നതിനുമപ്പുറം അവരുടെ വിദ്യാഭ്യാസത്തെ, തൊഴിലിനെ, ഭാവിയെ, കുടുംബത്തെ, ബന്ധങ്ങളെ ഇല്ലാതാക്കും. യഥാർത്ഥ ലോകത്തിൽ നിന്നും ക്രിത്രിമവും സങ്കേതികവുമായ ലോകത്തിലേക്കുള്ള വാസം കുട്ടികളെയും യുവാക്കളെയും മൂല്യങ്ങളിൽ നിന്നും മാനവീകഗുണങ്ങളിൽ നിന്നും അകറ്റും. അതിനാലാണ് ഇന്ന് പ്രത്യേകിച്ച് കുട്ടികളിലും യുവാക്കളിലും പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ശേഷിയില്ല, വെല്ലുവിളികളെ സ്വീകരിക്കാനോ തരണം ചെയ്യാനോ ഉള്ള ശക്തിക്കുറവ്, പങ്കുവയ്ക്കാൻ കഴിയില്ല. അഡ്ജസ്റ്റ്മെന്റില്ല, ത്യാഗം സഹിക്കാനുള്ള ശേഷിയില്ലായ്മ എന്നിവ കാണപ്പെടുന്നത്. അതുപോലെ ചില ദുഷ്യസ്വഭാവങ്ങൾ കടന്നുവരുന്നതുകാരണം മോഷണം, പിടിച്ചുപറി തുടങ്ങി കൊലപാതകങ്ങളിൽ വരെ അവരെ എത്തിക്കും. രക്തബന്ധങ്ങളെ പോലും തിരിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെട്ടിരിക്കുന്നു. ലൈംഗിക സൈറ്റുകളുടെ അധിപ്രസരവും ഉപയോഗവും വഴി ലൈംഗിക അരാജകത്വങ്ങളും അതിന്റെ അടിമത്വവും കടന്നുവരുന്നു. എന്നാൽ മറ്റുചിലരാകട്ടെ നിരാശയും ഒറ്റപ്പെട്ടവരും ദുർബലമായിത്തീർന്ന് യൗവനത്തിൽ തന്നെ വാർധക്യം അനുഭവിക്കുന്നവരായി മാറുന്നു. ഈ അവസ്ഥയെ progeria എന്നാണ് വിളിക്കുന്നത്.

*(സാമൂഹിക മാധ്യമങ്ങൾ കുടുംബങ്ങളെ എങ്ങനെ ബാധിക്കുമെന്നും അവയ്ക്കുള്ള പരിഹാരമാർഗങ്ങളും അടുത്തലക്കത്തിൽ)*



ലേഖനം

ഷാജി ജോർജ്



# തെരഞ്ഞെടുപ്പിലെ കാണാപ്പുറങ്ങൾ

**ഇന്ന് ലോകസഭാതെരഞ്ഞെടുപ്പിൽ പണത്തിന്റെ അധികസ്വാധീനമാണ് നിഴലിക്കുന്നത്. രാഷ്ട്രപിതാവായ ഗാന്ധിജി പകർന്നുനൽകിയ പൊതുപ്രവർത്തനത്തിലെ സത്യസന്ധത രാഷ്ട്രീയത്തിൽ അന്യമായ കാര്യമായി തീരുന്നു.**

പതിനേഴാം ലോക്സഭയിലേക്കുള്ള മൂന്നാം ഘട്ട തെരഞ്ഞെടുപ്പ് ദിവസം അതായത് ഏപ്രിൽ 23ന് ഇന്ത്യയിലെ ഉന്നത നീതിപീഠം നടത്തിയ വിധിപ്രഖ്യാപനം അസാധാരണമായിരുന്നു. ഈ മുറിവുണക്കാൻ എന്തു ചെയ്യണമെന്ന് അറിയില്ലെന്നാണ് സുപ്രീംകോടതി ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട കേസിൽ പറഞ്ഞത്.

അക്ഷരമറിയാത്ത ഒരു പെൺകുട്ടി. കൂട്ടമാനഭംഗത്തിൽ ചിതറിപ്പോയ മനസ്സിനെ നേരെ നിർത്തി വർഷങ്ങളോളം നിർഭയം പോരാടി. നീതിയുടെ വഴികൾ ദുർഘടമായിരുന്നു. എന്നാൽ അവളുറച്ചുനിന്നു. ബിൽക്കിസ് യാക്കൂബ് റസൂൽ എന്നാണ് അവളുടെ മുഴുവൻ പേര്. ബിൽക്കിസ് ബാനു എന്നുപറഞ്ഞാൽ ഇന്ത്യ മുഴുവൻ ഇന്നവളെ അറിയും. 2002ലെ ഗുജറാത്ത് കലാപത്തിന്റെ ഇരയാണ് ബിൽക്കിസ് ബാനു. അന്ന് അഞ്ചുമാസം ഗർഭിണിയായ അവളെ പതിനെട്ടുപേർ കൂട്ടബലാത്സംഗം ചെയ്തു. കുടുംബത്തിലെ പതിനാലു പേരെ അവളുടെ മുന്നിലിട്ട് കൊലപ്പെടുത്തി. അതിലൊരാൾ അവളുടെ മൂന്ന് വയസ്സുള്ള മകൾ സലേഖയായിരുന്നു. അക്രമികൾ പാറക്കൂട്ടത്തിലേക്ക് വലിച്ചെറിഞ്ഞ സലേഖയുടെ തലപിളർന്ന് മരിക്കുന്നത് കണ്ട് ബിൽക്കിസ് ബാനു ബോധരഹിതയായി. കൊടുംക്രൂരത.

ഇന്ത്യയുടെ ഉന്നതനീതിപീഠചരിത്രത്തിലെ തിരിച്ചറിവിന്റെ ശബ്ദമാണ് ഏപ്രിൽ 23ന് നമ്മൾ കേട്ടത്. നീതിക്കുവേണ്ടിയുള്ള ബിൽക്കിസ് ബാനുവിന്റെ നിയമപോരാട്ടത്തിന്റെ നീണ്ട പതിനേഴു വർഷങ്ങൾക്ക് ഒടുവിലാണ് സുപ്രീം കോടതി വിധി. അതുകൊണ്ട് തന്നെയാവണം ചീഫ് ജസ്റ്റിസ് രഞ്ജൻ ഗെഗോയുടെ ശബ്ദത്തിന് ഒരു മനുഷ്യസ്നേഹിയുടെ കടുപ്പം ഉണ്ടായത്. കുടുംബം നാമാവശേഷമാവുന്നതിന് സാക്ഷിയായ ബിൽക്കിസ് ബാനുവിന് നഷ്ടപരിഹാരം ലഭിച്ചതുകൊണ്ട് മാത്രം മതിയായ നീതി ലഭിച്ചു എന്ന് കരുതാനാവില്ലെന്ന സംശയവും കോടതി ഉന്നയിച്ചു. "ഇന്നത്തെ ലോകത്തിൽ മുറിവുണക്കാൻ പണത്തിന് വലിയ ശക്തിയുണ്ട്. എന്നാൽ എല്ലാ മുറിവുമുണക്കാൻ

പണത്തിന് സാധിക്കുമോ എന്ന് ഞങ്ങൾക്കറിയില്ല.”

അരക്കോടി രൂപ നഷ്ടപരിഹാരവും സർക്കാർ ജോലിയും താമസസൗകര്യവും നൽകാൻ ഗുജറാത്ത് സർക്കാരിനോട് സുപ്രീം കോടതി വിധിയിൽ ഉത്തരവായി. ബിൽക്കിസ് ബാനുവും ഗുജറാത്തും ഇന്നും പേടിപ്പെടുത്തുന്ന ഓർമ്മയാണ്. വർഗ്ഗീയതയുടെ അഴിഞ്ഞാട്ടത്തിൽ ഒരു ജനത പേടിച്ചു വിറങ്ങലിച്ചു നിൽക്കുന്നത് ഇന്ത്യയിലെ രാഷ്ട്രീയപാർട്ടികൾ കാണാതെ പോയി എന്നുള്ളതാണ് ഈ തെരഞ്ഞെടുപ്പിലെ ഒരു വിചിത്ര വിശേഷം. എന്ത് ഭക്ഷിക്കണം, എന്ത് ധരിക്കണം, എന്തു പഠിക്കണം എന്ന് ഒരു കൂട്ടർ മാത്രം തീരുമാനിക്കുന്ന ഫാസിസ്റ്റ് പ്രവണതയെ ചെറുക്കാൻ നമ്മുടെ രാഷ്ട്രീയപാർട്ടികൾക്ക് സാധിക്കാതെ വരുന്നു എന്നത് പേടിപ്പെടുത്തുന്ന ഒന്നാണ്.

അഞ്ചു സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകൾക്ക് ശേഷമാണ് പതിനേഴാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിന് രാജ്യം തയ്യാറായത്. സംസ്ഥാന തെരഞ്ഞെടുപ്പുകളിൽ പ്രതിപക്ഷകക്ഷികൾക്ക് പ്രത്യേകിച്ച് കോൺഗ്രസ്സിന് ഉണ്ടായ നേട്ടം പുതിയ പ്രതീക്ഷ ഉണർത്തി. എന്നാൽ ബി.ജെ.പിയേക്കാൾ കടുത്ത രീതിയിൽ വർഗ്ഗീയ ശക്തികൾക്ക് തണൽ നൽകുന്ന പ്രകടനമാണ് അവർ പിൻതുടർന്നത്. ഇതിന് പ്രകടമായ ഉദാഹരണമാണ് മധ്യപ്രദേശിലെ കോൺഗ്രസ്സിന്റെ പ്രകടനപത്രിക. ന്യൂനപക്ഷസമൂഹങ്ങൾക്ക് ഉണ്ടായിട്ടുള്ള ഭീതി ആരു പരിഹരിക്കും എന്നുള്ളത് തെരഞ്ഞെടുപ്പിലെ ഒരു പ്രധാന വിഷയം തന്നെയായിരുന്നു. ആ ഭീതി

**ബിൽക്കിസ് ബാനു എന്നുപറഞ്ഞാൽ ഇന്ത്യ മുഴുവൻ ഇന്നവളെ അറിയും. 2002ലെ ഗുജറാത്ത് കലാപത്തിന്റെ ഇരയാണ് ബിൽക്കിസ് ബാനു. അന്ന് അഞ്ചുമാസം ഗർഭിണിയായ അവളെ പതിനെട്ടുപേർ കൂട്ടബലാത്സംഗം ചെയ്തു. കുടുംബത്തിലെ പതിനാലു പേരെ അവളുടെ മുന്നിലിട്ട് കൊലപ്പെടുത്തി. അതിലൊരാൾ അവളുടെ മൂന്ന് വയസ്സുള്ള മകൾ സലേഖയായിരുന്നു.**



കേരളത്തിൽ യു.ഡി.എഫിന് ശക്തി പകർന്നിട്ടുണ്ടാവും.

## വീണ്ടും തോൽക്കുന്ന അംബേദ്ക്കർ

1951 മുതൽ 52 വരെ നടന്ന ഇന്ത്യയിലെ ആദ്യ പൊതുതെരഞ്ഞെടുപ്പിൽ ഭരണഘടനാ ശില്പി ഡോ. ബാബാ സാഹിബ് അംബേദ്ക്കർ ബോംബെ നോർത്തിൽ നിന്നാണ് പാർലമെന്റിലേക്ക് മത്സരിച്ചത്. എന്നാൽ പിന്നാക്ക ദലിത് ജനവിഭാഗങ്ങളുടെ സംവരണത്തിന് വേണ്ടി വാദിക്കുകയും ഭരണഘടനയിൽ അതുൾപ്പെടുത്തുകയും ചെയ്ത അംബേദ്ക്കർ തെരഞ്ഞെടുപ്പിൽ തോൽക്കുന്ന ചരിത്രവുമാണ് ഇന്ത്യക്കു പറയാനുള്ളത്. സാമൂഹ്യനീതിക്കുവേണ്ടി പടപൊരുതിയ അംബേദ്ക്കറിന് സവർണ്ണശക്തികൾ തോൽപ്പിച്ചു. 2019ലെ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് ബി.ജെ.പി. നേതൃത്വം കൊടുക്കുന്ന എൻ.ഡി.എ സർക്കാർ മുന്നോക്ക വിഭാഗങ്ങൾക്കിടയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം വ്യവസ്ഥ ചെയ്ത് ഭരണഘടനഭേദഗതി കൊണ്ടുവരാൻ ശ്രമങ്ങൾ നടത്തി. സാമ്പത്തികസംവരണം നടപ്പാക്കുന്നതിന് ഭരണഘടനയുടെ 15,16 അനുച്ഛേദങ്ങളാണ് ഭേദഗതി ചെയ്യേണ്ടത്. പാർലമെന്റിലും രാജ്യസഭയിലും പ്രധാന പാർട്ടികളുടെ പിൻതുണയോടെ ഇത് പാസാക്കിയെടുക്കാൻ ബി.ജെ.പി. സർക്കാരിന് കഴിഞ്ഞു. രാജ്യത്തെ ഭൂരിപക്ഷം വരുന്ന പിന്നാക്ക ദലിത് വിഭാഗങ്ങളെ വീണ്ടും അരികുകളിലേക്ക് മാറ്റി നിർത്താനുള്ള ശ്രമങ്ങളാണ് ഇതിലൂടെ സാധ്യമാകുന്നത്. അതിൽ കോൺഗ്രസ് ഉൾപ്പടെയുള്ള കക്ഷികൾ അംബേദ്കറിനോട് അനു





വർത്തിച്ച അതേ നയം തുടരുന്ന കാഴ്ചയാണ് നമുക്ക് ദർശിക്കാനാവുന്നത്. എന്നാൽ പതിനേഴാം ലോകസഭ തെരഞ്ഞെടുപ്പിൽ പിന്നോക്ക ജനവിഭാഗങ്ങൾക്കു നൽകേണ്ട നീതി ഒരു പ്രധാനവിഷയമായി ഉയർന്നില്ല എന്നുള്ളതും വേദനിപ്പിക്കുന്ന സംഭവമാണ്. സംവരണമണ്ഡലങ്ങളിലല്ലാതെ പൊതു മണ്ഡലങ്ങളിൽ ദലിതർക്ക് ഇന്നും സീറ്റില്ല.

## ജനാധിപത്യത്തിലെ പണാധിപത്യം

ഇന്ത്യയിലെ ലോകസഭ തെരഞ്ഞെടുപ്പുകളിൽ ഒരു സ്ഥാനാർത്ഥിക്ക് ചെലവാക്കാൻ സാധിക്കുന്ന തുക 50 ലക്ഷം മുതൽ 70 ലക്ഷം രൂപവരെയാണ്. സംസ്ഥാനങ്ങളുടെ വലിപ്പചെറുപ്പമനുസരിച്ചാണ് ഇത് നിശ്ചയിക്കപ്പെടുന്നത്. എന്നാൽ ഇന്ന് ലോകസഭാതെരഞ്ഞെടുപ്പിൽ പണത്തിന്റെ അധികസ്വാധീനമാണ് നിഴലിക്കുന്നത്. രാഷ്ട്രപിതാവായ ഗാന്ധിജി പകർന്നു നൽകിയ പൊതുപ്രവർത്തനത്തിലെ സത്യസന്ധത രാഷ്ട്രീയത്തിൽ അന്യമായ കാര്യമായി തീരുന്നു. കോഴിക്കോട് മണ്ഡലത്തിലുണ്ടായ ഒളിക്യാമറാവിവാദം ശരിയോ തെറ്റോ എന്നറിയില്ല. എന്നാൽ കേസിലെ പ്രതിയായ സ്ഥാനാർത്ഥി പറയുന്നത് തെരഞ്ഞെടുപ്പു ചെലവിന് 20 കോടി രൂപ ആവശ്യമാണ് എന്നാണ്. ഇന്ത്യയുടെ ജനാധിപത്യത്തിനുമേൽ പണത്തിന്റെ കഴുകൻമാർ വട്ടമിട്ട് പറക്കുകയാണ്. ഭരണത്തിൽ കയറുന്ന കക്ഷികൾക്ക് ഈ കഴുകന്മാരെ അത്രപെട്ടെന്ന് ഒഴിവാക്കാനാവില്ലെന്നാണ് മോദി സർക്കാരിന്റെ അവസാനനാളുകളിലെ അഴിമതി കഥകൾ പറയുന്നത്. സ്ഥാനാർത്ഥിത്വം പിടിച്ചെടുക്കാനും മാധ്യമങ്ങളിലെ പെയ്ഡ് ന്യൂസിനും പാവപ്പെട്ടവന്റെ വോട്ട് വിലക്കെടുക്കാനും കോടികൾ വേണം. ആ സംഖ്യ എത്രയും ജയിച്ച കയറിയാൽ മുതലാക്കാമന്ന ധാരണയാണ് ഇവർക്ക് പ്രചോദനം. അഴിമതി തഴച്ചു വളരുന്നതിനും ശതകോടിശ്വരന്മാർ ഭരണത്തിൽ സ്വാധീനിക്കുന്നതിനും മറ്റു കാരണങ്ങൾ അന്വേഷിക്കേണ്ടതില്ല. അണ്ണാഹസാരെ നടത്തിയ അഴിമതിക്കെതിരെയുള്ള ജനകീയ സമരം നരേന്ദ്രമോദി നയിച്ച മുന്നണിയെ അധികാരത്തിലെത്താൻ സഹായിച്ചിട്ടുണ്ട്. അധികാരമേറ്റാൽ അഴിമതി തുടച്ചു നീക്കുമെന്നും വിദേശബാങ്കുകളിലെ കള്ളപ്പണം രാജ്യത്ത് തിരികെ എത്തിക്കുമെന്നും എൻ.ഡി.എ മുന്നണി വാഗ്ദാനം ചെയ്തത് ആരും മറന്നിട്ടുണ്ടാവില്ല. പിന്നീട് എന്തു സംഭവിച്ചു എന്നത് രാജ്യം നോക്കി കണ്ടു. പണവും പദവികളും കേസുകളിൽ നിന്നുള്ള മോചനവുമൊക്കെ രാഷ്ട്രീയത്തിലെ പുതിയ മാർഗ്ഗങ്ങളായി തീർന്നിരിക്കുന്നു. പാർട്ടിവിട്ടു പാർട്ടിയിൽ ചേക്കേറുന്നതിന് ഇതൊക്കെ അത്യാവശ്യകാര്യങ്ങളായി തീർന്നിരിക്കുന്നു. അങ്ങനെയുള്ളവരുടെ പട്ടികയിൽ സ്ഥാനം നേടിയവരുടെ എണ്ണം പതിനേഴാം ലോകസഭാതെരഞ്ഞെടുപ്പിൽ വലുതാവുന്നു എന്നത് രാഷ്ട്രീയത്തിലെ അധാർമ്മികതയാണ് വെളിപ്പെടുത്തുന്നത്. ഗാന്ധിജി പഠിപ്പിച്ച ധാർമ്മികതയുടെ പാത നമ്മുടെ തെരഞ്ഞെടുപ്പ് രീതികളിലും പൊതുപ്രവർത്തനത്തിലും എന്നാണാവോ പുഷ്പിക്കുക?

## പാളിപ്പോയ പ്രതിപക്ഷം

വിവിധമേഖലകളിൽ പരാജയപ്പെട്ട മോദി സർക്കാരിനെ അധികാരത്തിൽ നിന്ന് ഒഴിവാക്കണമെന്ന മുദ്രാവാക്യം രാജ്യത്ത് കർഷകരും തൊഴിലാളികളും ന്യൂനപക്ഷവിഭാഗങ്ങളും ഉയർത്തിയിരുന്നു. രാജ്യത്തുനടന്ന വൻപ്രക്ഷോഭങ്ങൾ കർഷകരുടേതായിരുന്നു. ഇതിന് ശക്തിപകരാൻ പ്രതിപക്ഷങ്ങൾക്ക് കഴിഞ്ഞിരുന്നു. തൊഴിൽ രംഗത്ത് വലിയ അസ്വസ്ഥതകളാണ് രാജ്യത്തുണ്ടായത്. പുതിയ തൊഴിൽ അവസരങ്ങൾ തുറക്കാൻ കഴിയാത്ത സർക്കാർ നാലു ലക്ഷത്തോളം തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തി എന്നാണ് കണക്കുകൾ പറയുന്നത്. ഇങ്ങനെ ജനവിരുദ്ധത പ്രകടമാക്കിയ സർക്കാരിനെതിരെ യോജിച്ച പ്രതിപക്ഷ മുന്നേറ്റമുണ്ടാകുമെന്ന് ജനങ്ങൾ പ്രതീക്ഷിച്ചു. കരുണാനിധിയുടെ മരണത്തിന് ശേഷം തമിഴ്നാട്ടിൽ പ്രതിപക്ഷനേതാക്കൾ ആ സന്ദേശം വെളിപ്പെടുത്തുകയും ചെയ്തു. എന്നാൽ കാര്യങ്ങളോടടുത്തപ്പോൾ പ്രതിപക്ഷം പലതട്ടുകളിലായി ചിതറുന്നതാണ് നാം കണ്ടത്. ഇതിന്റെ പ്രധാന ഉത്തരവാദിത്വം കോൺഗ്രസ്സിനു തന്നെയാണ്. ചടുലമായ രാഷ്ട്രീയ കരുനീക്കങ്ങളും ശാസ്ത്രീയമായ രൂപരേഖയും ആ പാർട്ടി തയ്യാറാക്കേണ്ടിയിരുന്നു. ഭരണം സ്വന്തമാക്കാൻ ഇതൊന്നും ചെയ്തില്ല എന്നുമാത്രമല്ല സ്ഥാനാർത്ഥിനിർണ്ണയത്തിൽപ്പോലും സമയബന്ധിതമായി തീരുമാനമെടുക്കാൻ കോൺഗ്രസ്സ് നേതൃത്വത്തിന് കഴിയാതെ വന്നു. ഓരോ സംസ്ഥാനത്തേയും രാഷ്ട്രീയാവസ്ഥയെയും പാർട്ടിയുടെ ശക്തിയെയും ഉൾക്കൊണ്ട് മുന്നണി സംവിധാനങ്ങൾ രൂപപ്പെടുത്താനും അവർക്ക് കഴിഞ്ഞില്ല. അതൊക്കെ കൊണ്ടുതന്നെ വീണ്ടും പാർലമെന്റിന്റെ ചവിട്ടുപടികൾ വന്ദിച്ച് അധികാരത്തിന്റെ നെറുകയിലേക്ക് നരേന്ദ്രമോദി നടന്നു കയറുന്ന കാഴ്ച കാണേണ്ടിവരുമെന്ന് തെരഞ്ഞെടുപ്പിലെ പ്രതിപക്ഷപാർട്ടികളുടെ പ്രകടനം വെളിപ്പെടുത്തുന്നു. ■




# ഒരുദിവസം എത്ര തവണ വിശുദ്ധ കുർബാന സ്വീകരിക്കാം?

തിരുവനന്തപുരം അതിരൂപതയിലെ ഒരു കരിസ്മാറ്റിക് പ്രവർത്തകയും നിത്യേനയുള്ള ദിവ്യബലിയിൽ പരമാവധി പങ്കെടുക്കുകയും ചെയ്യുന്ന വ്യക്തിയാണ് ഞാൻ. അപൂർവ്വം ചില ദിവസങ്ങളിൽ രണ്ടും മൂന്നും ദിവ്യബലിയിൽ പങ്കെടുക്കാറുണ്ട്. ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴൊക്കെ വിശുദ്ധ കുർബാന സ്വീകരിക്കാറുമുണ്ട്. കുർബാനയിൽ പങ്കുചേരുന്ന ഓരോ പ്രാവശ്യവും ദിവ്യകാരുണ്യം സ്വീകരിക്കാൻ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC) 1417 ഉപദേശിക്കുകയും ചെയ്യുന്നു. എന്നാൽ, ദിവസം പരമാവധി രണ്ടുതവണ മാത്രമേ ദിവ്യകാരുണ്യം സ്വീകരിക്കാവൂ എന്ന് ഒരു വൈദികൻ പറഞ്ഞു. അതേസമയം കരിസ്മാറ്റിക് പ്രസ്ഥാനത്തിലെ വൈദികർ പലരും പറഞ്ഞത് ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴെല്ലാം ദിവ്യകാരുണ്യം സ്വീകരിച്ചാലേ പങ്കാളിത്തം പൂർണ്ണമാകൂ എന്നാണ്. ഏതാണ് ഞാൻ സ്വീകരിക്കേണ്ടത്? ദിവ്യകാരുണ്യ സ്വീകരണത്തിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ? ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴെല്ലാം ദിവ്യകാരുണ്യം സ്വീകരിച്ചുകൂടെ?




രണ്ടാം വത്തിക്കാൻ കൗൺസിലിലെ പൗരസ്ത്യ സഭകളെക്കുറിച്ചുള്ള പ്രബോധനം (Orientalium Ecclesiarum) 15, ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 920 എന്നിവ പ്രകാരം, വർഷത്തിലൊരിക്കലെങ്കിലും, അനുരഞ്ജന കൂദാശയാൽ ഒരുങ്ങി, ദിവ്യകാരുണ്യം സ്വീകരിക്കണം. CCC 1389 പ്രകാരം, ഞായറാഴ്ചകളിലും തിരുനാൾ ദിവസങ്ങളിലും, അല്ലെങ്കിൽ അതിൽക്കൂടുതൽ ദിവസങ്ങളിലും, ദിവസേനപോലും ദിവ്യകാരുണ്യം സ്വീകരിക്കണം. CIC 917 പ്രകാരം, വിശുദ്ധ കുർബാന സ്വീകരിച്ച വ്യക്തിക്ക് അതേദിവസം താൻ പങ്കെടുക്കുന്ന ദിവ്യബലിമധ്യേ വിശുദ്ധ കുർബാന സ്വീകരിക്കാവുന്നതാണ്. CCC 1417 അനുസരിച്ച്, കുർബാനയിൽ പങ്കുചേരുന്ന ഓരോ പ്രാവശ്യവും ദിവ്യകാരുണ്യം സ്വീകരിക്കാൻ സഭ വിശ്വാസികളെ തീക്ഷ്ണതയോടെ ഉപദേശിക്കുന്നു. വർഷത്തിലൊരിക്കലെങ്കിലും അതുചെയ്യാൻ അവൾ അവരെ കടപ്പെടുത്തുന്നു. ഞായറാഴ്ചകൾക്കും കടമുള്ള ദിവസങ്ങൾക്കും പുറമെയുള്ള സാധാരണ ദിവസങ്ങളിലും വിശുദ്ധ കുർബാന സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്നതാണ് ഈ നിയമങ്ങൾ.

1917–ലെ CIC 857 പ്രകാരം, ഒരിക്കൽ വിശുദ്ധ കുർബാന സ്വീകരിച്ച വ്യക്തി, മരണകരമായ സാഹചര്യത്തിലല്ലാതെ, അതേദിവസം വീണ്ടും (രണ്ടാമതും) വിശുദ്ധ കുർബാന സ്വീകരിക്കാൻ പാടുള്ളതല്ല. 1917–ലെ CIC പ്രകാരമുള്ള വിലക്കിനുള്ള ഇളവാണ് CCC 1417-ലും CIC 917-ലും കാണുന്നത്. ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴെല്ലാം വിശുദ്ധ കുർബാന സ്വീകരിക്കാനുള്ള അനുവാദം പ്രസ്തുത നിയമങ്ങൾ നല്കുന്നില്ല.

സഭാനിയമങ്ങളിൽ അവ്യക്തത തോന്നിയാൽ ആധികാരിക വ്യാഖ്യാനം നല്കുന്നത് Pontifical Commission for the Authentic Interpretation of the Code of Canon Law (CPI) ആണ്. ഒരു ദിവസം പങ്കെടുക്കുന്ന എല്ലാ ദിവ്യബലികളിലും വിശുദ്ധ കുർബാന സ്വീകരിക്കാമോ എന്ന സംശയത്തിന്, ഒരു ദിവസം രണ്ടു തവണയിൽ കൂടുതൽ വിശുദ്ധ കുർബാന സ്വീകരിക്കാൻ പാടില്ലെന്ന് 11.07.1984–ൽ CPI ഔദ്യോഗികമായി നല്കിയ വ്യാഖ്യാനം വ്യക്തമാക്കുന്നു. ഈ നിയമമനുസരിച്ചാണ്, വൈദികർ സാധാരണ ദിവസങ്ങളിൽ രണ്ടിൽ കൂടുതൽ ദിവ്യബലി ആഘോഷിക്കാൻ പാടില്ലെന്ന് സഭ പഠിപ്പിക്കുന്നത്.

ഇനി താങ്കളുടെ സംശയത്തിലേയ്ക്ക് വരുന്നു. സഭാനിയമമനുസരിച്ച്, ഒരു ദിവസം എത്ര ദിവ്യബലിയിൽ വേണമെങ്കിലും പങ്കെടുക്കാം. എന്നാൽ, രണ്ടു തവണയിൽ കൂടുതൽ വിശുദ്ധ കുർബാന സ്വീകരിക്കാൻ പാടില്ല. ഒരുതവണ വിശുദ്ധ കുർബാന സ്വീകിരിച്ച വ്യക്തി, അതിനുശേഷമുള്ള ദിവ്യബലിയിൽ ആദ്യാവസാനം പങ്കെടുത്താൽ മാത്രമേ രണ്ടാമത് വിശുദ്ധ കുർബാന സ്വീകരിക്കാവൂ. ■



**സ്ഫോടനത്തിൽ തകർന്ന നഗോംബോയിലെ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയം**

# ശ്രീലങ്കയിലെ ആക്രമണങ്ങൾ ഹൃദയഭേദകം: ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം

**തിരുവനന്തപുരം:** ശ്രീലങ്കയിൽ 350-ലേറെപ്പേരുടെ മരണത്തിനിടയാക്കിയ സ്ഫോടന പരമ്പര ഹൃദയഭേദകമെന്ന് കെസിബിസി, കെആർഎൽസിസി അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. എം.സൂസപാക്യം പറഞ്ഞു. ശ്രീലങ്കയിൽ കൊല്ലപ്പെട്ടവർക്കു വേണ്ടി പാളയം കത്തീഡ്രലിൽ സംഘടിപ്പിച്ച പ്രാർത്ഥനായോഗത്തിൽ സംസാരിക്കുകയായിരുന്നു ആർച്ച്ബിഷപ്പ്. മരണസംഖ്യ 350ൽ അധികമായിരിക്കുന്നു. മൂന്നു ദേവാലയങ്ങളാണ് ആക്രമിക്കപ്പെട്ടത്. അതിൽ രണ്ട് കത്തോലിക്കാ ദേവാലയങ്ങളും ഒരു പ്രൊട്ടസ്റ്റന്റ് ദേവാലയവും ഉൾപ്പെടുന്നു. നൂറു കണക്കിന് ജനങ്ങൾ അതിന്റെ അവശത അനുഭവിക്കുന്നു. വേദന കടിച്ചമർത്തി ഇപ്പോഴും കഴിയുന്നു. അത് നമ്മൾ ഓർക്കുന്നത് നന്നായിരിക്കും. ഏതാനും കൊല്ലങ്ങൾക്കുമുൻപ് ശ്രീലങ്കയിലെ സന്ദർശന സമയത്ത് നമ്മുടെ നാട്ടിലെ തീരപ്രദേശം പോലൊരു പ്രതിതിയാണ് തോന്നിയത്. അവിടുത്തെ മനുഷ്യരുടെ വേദന അതുകൊണ്ടു തന്നെ നമ്മുടെ വേദനയായി തന്നെ ആനുഭവപ്പെടുന്നു. അവിടുത്തെ മനുഷ്യരുടെ വിശ്വാസം കണ്ട് അതിശയിച്ചുപോയി. ആ ജനങ്ങളാണല്ലോ ഇന്ന് ദുഃഖിതരായി കാണപ്പെടുന്നതെന്ന് ഓർക്കുമ്പോൾ കടുത്ത വേദന അനുഭവപ്പെടുന്നു.

യേശു സമാധാനത്തിന്റെ സന്ദേശവുമായി ലോകത്തിലേക്ക് വന്നു. ഉത്ഥിതനായ യേശു ആരെയൊക്കെ എപ്പോഴൊക്കെ കണ്ടുമുട്ടുമ്പോഴും ആദ്യം ആശംസിക്കുന്നത് സമാധാനമാണ്. യേശുതന്റെ സമാധാനം ലോകത്തിന് കൊടുക്കാൻ വേണ്ടി ജീവിതം തന്നെ ബലികഴിച്ചു. പക്ഷേ നമ്മൾ അന്യന്റെ ജീവിതമെടുക്കുന്നു.

ദൈവത്തിന്റെ പദ്ധതികൾ നിഗൂഢമാണ്. മരണപ്പെട്ടവർക്ക് നമുക്ക് കൊടുക്കാനാകാത്ത ആശ്വാസവും സന്തോഷവുമൊക്കെ ആദൃശ്യമായ രീതിയിൽ ദൈവം അവർക്ക് തീർച്ചയായും കൊടുക്കാതിരിക്കില്ല. വേദനകളിൽ സഹതപിക്കുന്നതും അവരെ ആശ്വസിപ്പിക്കുന്നതും ദൈവമാണല്ലോ. ഒരു പിതാവിന്റെ ഹൃദയത്തോടെ നമ്മെ സ്നേഹിക്കുന്ന ആ ദൈവം വേദന കടിച്ചുതിന്ന് ജീവിക്കുന്നവർക്കും മരണമടഞ്ഞവർക്കും നിത്യശാന്തിയും ആശ്വാസവും നൽകുമെന്ന് പ്രതീക്ഷിക്കാം.

കൊളംബോയുടെ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാൽക്കം രഞ്ജിത്തിനെ പെട്ടെന്ന് ഈ ദുരന്ത വാർത്ത കേട്ടപ്പോൾ ഓർത്തുപോയി. അദ്ദേഹം എന്തുമാത്രം ക്ലേശവും വേദനയും അനുഭവിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും. അവിടത്തെ സഭയെ, കൊളംബോയിലെ സഭയെ, ശ്രീലങ്കയിലെ സഭയെ മുഴുവൻ നമുക്ക് ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കാം. അവരുടെ കൂടെ ആയിരുന്നുകൊണ്ട് അവർക്ക് ആശ്വാസവും ധൈര്യവും നൽകി അവരെ സമാശ്വസിപ്പിക്കണമേയെന്ന് നമുക്ക് ദേവത്തോട് പ്രാർത്ഥിക്കാം. ഈ പൈശാചിക പ്രവർത്തനത്തെ അങ്ങേയറ്റം അപലപിക്കുന്നു. ഇത്തരമൊരു അവ

**സ്ത്രീകളും കുട്ടികളുമടക്കം 253 ലേറെ മരണം.**

**മൂന്നു ദൈവാലയങ്ങളിലും, മൂന്ന് പഞ്ചനക്ഷത്ര ഹോട്ടലുകളിലും സ്ഫോടനം.**

**നഗോംബോ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയും കൊളംബോയിലെ സെന്റ് ആന്റണീസ് പള്ളിയും ബട്ടിക്കലോവയിലെ സിയോൺ ചർച്ചും പൂർണമായും തകർന്നു.**

**ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ ക്രിസ്ത്യൻ ദേവാലയങ്ങളിൽ ദിവ്യബലി നിർത്തിവച്ചു.**





# ശ്രീലങ്കയിൽ ഭീകരാക്രമണം

## ആക്രമണം ഈസ്റ്റർ ദിനത്തിൽ




**വത്തിക്കാൻ സിറ്റി:** ഈസ്റ്റർദിനത്തിൽ ശ്രീലങ്കയിൽ നടന്ന ക്രൂരമായ ഭീകരാക്രമണത്തെ ഫ്രാൻസിസ് പാപ്പ ശക്തമായി അപലപിച്ചു. ശ്രീലങ്കയിലെ അക്രമത്തിന് ഇരയായവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവെന്ന് ഈസ്റ്റർദിനത്തിൽ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ പ്രസംഗിക്കവേ പാപ്പ പറഞ്ഞു

സ്ഥാവിശേഷത്തിന് പൈശാചികമായ സംഘർഷങ്ങൾക്ക് തെറ്റിദ്ധാരണകളാണല്ലോ കാരണമാകുന്നത്. അതുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങളിൽ ക്രിസ്തീയ സ്നേഹത്തിന് സാക്ഷ്യം വഹിക്കാമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു. മോൺസ് നിക്കൊളാസ്, ഫാ. ഡൈസൻ, ഫാ. രജീഷ്, ഫാ. മനീഷ്, ഫാ. ഷൈനിസ്, ഫാ. ദീപക് എന്നിവരും നിരവധി വിശ്വാസികളും സംബന്ധിച്ചു.

## ദൈവകരുണയുടെ ഞായർ ശ്രീലങ്കൻ സഭയ്ക്കുവേണ്ടി പ്രാർത്ഥനാദിനമായി ആചരിച്ചു

**തിരുവനന്തപുരം:** ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലുണ്ടായ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമ്മയിൽ കെസിസിബിയുടെ ആഹ്വാനപ്രകാരം കേരള കത്തോലിക്ക സഭ പ്രാർത്ഥനാദിനമായി ആചരിച്ചു.

മരണത്തിന്മേലുള്ള ജീവന്റെ വിജയം ക്രിസ്ത്യാനികൾ ആഘോഷിക്കുന്ന ഉയിർപ്പുതിരുന്നാൾ ദിനം തന്നെ ഭീകരർ ആക്രമണത്തിന് തെരഞ്ഞെടുത്തുവെന്നത് ഏറെ വേദനാജനകമാണെന്നും സ്നേഹത്തിന്റെയും ക്ഷമയുടെയും പര്യായമായ യേശുക്രിസ്തുവിന്റെ ദിവ്യോപദേശങ്ങൾ ജീവിതപ്രമാണമാക്കുന്ന ക്രൈസ്തവർ ആത്മസമീപനം പാലിച്ചും പ്രത്യാശ കൈവിടാതെ ദുരന്തത്തെ നേരിടുകയും ചെയ്യണമെന്ന് കെസിബിസി ശ്രീലങ്കൻസഭയോടും ജനതയോടും ആവശ്യപ്പെട്ടു.

ശ്രീലങ്കൻ ജനതയോടുള്ള ഐക്യദാർഢ്യപ്രഖ്യാപനമായി ദൈവകരുണയുടെ ഞായറാഴ്ച നടന്ന പ്രാർത്ഥനാദിനത്തെ കാണണമെന്നും കെസിബിസി ആഹ്വാനം ചെയ്തു.

ലോകമെമ്പാടുമുള്ള തീവ്രവാദികൾക്ക് മാനസാന്തരമുണ്ടാകാൻ

*(ശേഷം അടുത്തപേജിൽ)*









വേണ്ടിയും മതത്തിന്റെയും വംശത്തിന്റെയും പേരിൽ കൊല്ലും കൊലയും ശീലമാക്കിയ കഠിനഹൃദയങ്ങൾക്ക് അലിവുണ്ടാകാൻ വേണ്ടിയും വിദ്വേഷത്തിന്റെ ആശയസംഹിതകൾ ഇല്ലാതാക്കി ശത്രുവിനെ സ്നേഹിക്കുക എന്നു പഠിപ്പിക്കുകയും പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല, ഇവരോട് പൊറുക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്ത ക്രിസ്തുവിനെ തള്ളിക്കളഞ്ഞ് കണ്ണിന് പകരം കണ്ണ്, പല്ലിനുപകരം പല്ല് എന്ന യഹൂദരുടെ ആനുപാതിക നീതിയും മൃഗീയവും പൈശാചികവുമായ കിരാതത്വത്തിലേക്കുള്ള മതഭീകരതയും അവസാനിപ്പിക്കണമെന്നും ദൈവകരുണയുടെ ഞായറാഴ്ച നടന്ന പ്രാർത്ഥനാ ദിനാചരണത്തിൽ കേരളീയസഭ പ്രാർത്ഥിച്ചു. ക്രിസ്തു സമ്മാനിച്ച സംസ്കാര സമ്പന്നതയിൽ നിന്ന് മനുഷ്യകുലത്തെയും ചരിത്രത്തെയും അനേകം കാതം പിന്നോട്ടടിക്കുന്ന വെറുപ്പിന്റെയും അക്രമണത്തിന്റെയും സാംസ്കാരിക ശൂന്യതയ്ക്ക് അറുതിവരുത്തണമെന്നും ആയിരുന്നു പ്രാർത്ഥന.

കെസിബിസിയുടെ ആഹ്വാന പ്രകാരം കേരളത്തിലെ എല്ലാ കത്തോലിക്കാ ദേവാലയങ്ങളിലും മതതീവ്രവാദികളുടെ മാനസാന്തരത്തിനും കൊല്ലപ്പെട്ടവരുടെ ആത്മശാന്തിക്കും മുറിവേറ്റവരുടെ സൗഖ്യത്തിനും ഹൃദയം തകർന്നവരുടെ ആശ്വാസത്തിനും ലോകസമാധാനത്തിനുംവേണ്ടി ദിവ്യബലി അർപ്പിക്കുകയും സമാധാന സമ്മേളനങ്ങളും പ്രാർത്ഥനയോഗങ്ങളും സംഘടിപ്പിക്കുകയും ചെയ്തു.

## ശ്രീലങ്കയിൽ ഭീകരരും പോലീസും തമ്മിൽ ഏറ്റുമുട്ടൽ

കൊളംബോ: ഈസ്റ്റർ ദിനത്തിലെ സ്ഫോടനങ്ങളുമായി ബന്ധപ്പെട്ട് കിഴക്കൻ ശ്രീലങ്കയിൽ സുരക്ഷാ സൈന്യം നടത്തിയ പരിശോധനയ്ക്കിടെയുണ്ടായ ഏറ്റുമുട്ടലിൽ ആറ് കുട്ടികളടക്കം 15 പേർ കൊല്ലപ്പെട്ടു. മൂന്നുഭീകരരെ പരിക്കുകളോടെ രക്ഷാസൈന്യം പിടികൂടിയിട്ടുണ്ട്.

കൽമുനൈ നഗരത്തിലെ സെയ്ന്തമുരുവിൽ ഭീകരർ താമസിക്കുന്നുവെന്ന് സംശയിക്കുന്ന വീട്ടിലാണ് പ്രത്യേക ദൗത്യ സംഘം പരിശോധന നടത്തിയത്. പരിശോധനയ്ക്കിടെ മൂന്നുഭീകരർ സ്വയം പൊട്ടിത്തെറിക്കുകയായിരുന്നു. സൈന്യത്തിന് നേരെ വെടിവയ്പ്പുണ്ടായതോടെയാണ് ഏറ്റുമുട്ടലാരംഭിച്ചത്.

ബോംബുണ്ടാക്കാൻ ഉപയോഗിക്കുന്ന സ്ഫോടക വസ്തുക്കളും ആഗോള ഭീകര സംഘടനയായ ഇസ്ലാമിക് സ്റ്റേറ്റിന്റെ യൂണിഫോമും പതാകകളും കണ്ടെടുത്തിട്ടുണ്ട്. പ്രാദേശിക ഭീകര സംഘടനയായ നാഷണൽ തൗഹീദ് ജമാ അത്തിലെ അംഗം മുഹമ്മദ് റിയാസും കൊല്ലപ്പെട്ടവരുടെ കൂട്ടത്തിലുണ്ട്.



*ശ്രീലങ്കയിൽ കൊല്ലപ്പെട്ടവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ നടന്ന പ്രാർത്ഥനയ്ക്ക് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം നേതൃത്വം നൽകുന്നു.*


തിരുവനന്തപുരം ലത്തീൻ അതിരൂപത
പുന്നയ്ക്കാമുഗൾ സെന്റ് ജോർജ് ദേവാലയം
75
ANNIVERSARY
ST. GEORGE
CHURCH
PUNNAKKAMUGAL ESTD: 1944
പ്ലാറ്റിനം ജൂബിലിയും വിശുദ്ധ ഗീവർഗീസിന്റെ തിരുന്നാളും
2019 മെയ് 5 ഞായർ മുതൽ 12 ഞായർ വരെ

അഗസ്റ്റിൻ കണിപ്പിള്ളി



അവഗണിച്ച് ഇല്ലാതാക്കാൻ ശ്രമിക്കുന്ന കുറേയേറെ ദുരന്തനൊമ്പരങ്ങൾക്ക് നടുവിലാണ് നാമും ലോകവും

# കുറെയേറെ പീഡനങ്ങളും മരവിച്ച മനസ്സും

**പാ**ർലമെന്റ് തെരഞ്ഞെടുപ്പിന്റെയും അതുമായി ബന്ധപ്പെട്ട ആരവങ്ങളുടെയും ഉയർന്ന പോളിംഗ് ശതമാനത്തിന്റെയും ഉന്മാദലഹരിയിൽ രമിക്കുന്ന നമുക്ക് ഇത്തരം ദുരന്തങ്ങളെക്കുറിച്ചും മനുഷ്യ ചെയ്തികളെക്കുറിച്ചും ഓർത്തെടുക്കാനും ചിന്തിക്കാനും ദുഃഖിക്കാനും എവിടെ സമയം. സമീപകാലത്ത് കേരളം കണ്ടുനടുങ്ങിയ ശിശുഹത്യകളും കൊലപാതകങ്ങളും ഒരു ദുഃസ്വപ്നംപോലെ നമുക്കുചുറ്റും വട്ടമിട്ട് പറക്കുമ്പോഴാണ് തൊട്ടയൽരാജ്യമായ ശ്രീലങ്കയിൽ ലോകമാകമാനം നടുങ്ങിയ ഭീകരാക്രമണം ഉണ്ടായത്. ദുരന്തങ്ങൾ തുടർക്കഥയായതുകൊണ്ടാകാം പിഞ്ചുകുട്ടികളടക്കം 320 ലേറെപ്പേരുടെ ദാരുണാന്ത്യത്തിനിടയാക്കിയ ചാവേറാക്രമണം നമ്മെ വേദനയുടെ നടുക്കയത്തിലേക്ക് കൈപിടിച്ചുനടത്തിയില്ല. നമ്മുടെ മനസ്സിൽ വേദന സ്ഫോടനങ്ങൾ തീർത്തില്ല. ഈസ്റ്റർദിനത്തിൽ നടന്ന ശ്രീലങ്കൻ ചാവേറാക്രമണത്തോടുള്ള നമ്മുടെ ആശങ്കയും വേദനയും നമ്മുടെ രാജ്യം ഒരപലപനത്തിൽ ഒതുക്കി. വടക്കേന്ത്യൻ സംസ്ഥാനങ്ങളിൽ ഗോമാതാവിന്റെ പേരിൽ ഒഴുക്കുന്ന കണ്ണീരിന്റെ നാലിലൊന്നുപോലും അയൽരാജ്യത്ത് നടന്ന മനുഷ്യക്കുരുതിയുടെ പേരിൽ നാം ഒഴിച്ചില്ല. നമ്മുടെ മാധ്യമങ്ങൾക്ക് അത് നടുക്കമുള്ള വാർത്തയായില്ല. എന്തിന്, മരിച്ചവരിൽ ഏറെയും ക്രിസ്ത്യാനികളായതുകൊണ്ടാണോ? അതുകൊണ്ടാണോ എന്തിനും ഏതിനും പ്രതികരിക്കുന്ന രാഷ്ട്രീയ-സാംസ്കാരിക നായകന്മാർ മിണ്ടാതിരുന്നത്. ഇക്കൂട്ടർ സമൂഹ മനഃസാക്ഷിയെ ഞെട്ടിക്കുന്ന മൗനം പാലിച്ച് ലോകത്തെ നടുക്കിക്കളഞ്ഞു. ദുഃഖിക്കാനും സഹതപിക്കാനും പ്രതിഷേധിക്കാനും പ്രാർത്ഥിക്കാനും ക്രിസ്ത്യാനികൾ മാത്രമേ ഉള്ളൂ. അവർക്കുമാത്രമേ അതിനുകഴിയൂ. കാരണം, അവരുടെ ആദർശപുരുഷൻ ക്രിസ്തുവാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു.

ലോകമാകമാനം ക്രിസ്ത്യാനികളെ കൊന്നൊടുക്കി ക്രിസ്തീയ വിശ്വാസത്തെ തകർക്കുകയെന്ന ലക്ഷ്യത്തോടെ നടക്കുന്ന തീവ്രവാദശ്രമങ്ങളുടെ അവസാനത്തെ ഇരകളാകേണ്ടി

വന്നത് ശ്രീലങ്കൻ ജനതയ്ക്കാണ്. ഈസ്റ്റർ ദിനത്തിൽ രാവിലെയും ഉച്ചയ്ക്കുമായി എട്ട് ചാവേർ സ്ഫോടനങ്ങളിലൂടെയാണ് ശ്രീലങ്കയിൽ തീവ്രവാദികൾ നാശംവിതച്ചത് – ക്രിസ്ത്യാനികളെ കൊന്നൊടുക്കിയത്.

ഈസ്റ്റർദിനാരാധനയ്ക്കിടെ രാവിലെ 8.45 ന് കൊളംബോ സെന്റ് ആന്റണീസ്, നാഗോബോ സെന്റ് സെബാസ്റ്റ്യൻസ് എന്നീ ദേവാലയങ്ങളിലും ബെട്ടിക്കലോവ സിയോൻ ചർച്ചിലുമാണ് ആദ്യ സ്ഫോടനങ്ങൾ നടക്കുന്നത്. ശ്രീലങ്ക ദേശീയ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലമാണ് വിശുദ്ധ അന്തോണീസിന്റെ തിരുശേഷിപ്പ് സൂക്ഷിച്ചിട്ടുള്ള കൊളംബോ സെന്റ് ആന്റണീസ് ദേവാലയം. ഈ സ്ഫോടനങ്ങൾക്കൊപ്പം കൊളംബോയിലെ വിനോദസഞ്ചാരകേന്ദ്രങ്ങളായ ഷാങ്ഗ്രീല, സിനമൺഗ്രാന്റ്, കിങ്സ്ബെറി എന്നീ പഞ്ചനക്ഷത്ര ഹോട്ടലുകളിലും ഉഗ്രസ്ഫോടനങ്ങൾ ഉണ്ടായി. സിനമൺ റസ്റ്ററന്റിൽ ചാവേർ പൊട്ടിത്തെറിക്കുകയായിരുന്നു. കൊളംബോയുടെ തെക്കൻ മേഖലയിലെ ദേശീയ മൃഗശാലയ്ക്കുസമീപവും വടക്കൻമേഖലയിലെ ഒരുവീട്ടിലുമാണ്. പിന്നെയുള്ള സ്ഫോടനങ്ങൾ നടന്നത്.

പത്തുവർഷങ്ങൾക്കുമുൻപ് പുലിത്തലവൻ വേലുപ്പിള്ള പ്രഭാകരനെ വധിച്ച് തമിഴ്പുലികളെ അമർച്ച ചെയ്തും ആഭ്യന്തരയുദ്ധം അവസാനിപ്പിച്ച ശ്രീലങ്ക ഇനിയും ചാവേർ ഭീകരാക്രമണങ്ങളിൽ നിന്ന് മുക്തമായിട്ടില്ലെന്നാണ് ഈസ്റ്റർദിനത്തിലെ സ്ഫോടനങ്ങൾ തെളിയിക്കുന്നത്. അന്ന് ഒരു രാഷ്ട്രത്തിനുവേണ്ടിയായിരുന്നെങ്കിൽ ഇന്നത് ക്രിസ്ത്യാനികളെ ഇല്ലായ്മ ചെയ്യാനുള്ള ലക്ഷ്യത്തിനുവേണ്ടിയാണെന്നു മാത്രം. ശ്രീലങ്ക ഒരു ദ്വീപ് രാഷ്ട്രമായതിനാൽ പുറമെനിന്നുള്ള ഒരാക്രമണത്തിനും തീരെ സാധ്യതയില്ല. അതിനാൽ തന്നെ നാഷണൽ തൗഹിദ് ജമാ അത്ത്, ഐ.എസ് എന്നീ ഭീകരസംഘടനകളാണ് ഈ ചാവേർ സ്ഫോടനങ്ങൾക്ക് പിന്നിലെന്ന ശ്രീലങ്കൻ കണ്ടെത്തലിൽ സംശയത്തിനിടയില്ല.

ഭീകരാക്രമണങ്ങളുടെ കെടുതികളും വേദനകളും ഏറെ അനുഭവിച്ചുപോരുന്ന ഇന്ത്യയ്ക്ക് ശ്രീലങ്കയിലെ ദുരന്തത്തിന്റെ തീവ്രത മനസ്സിലാവും – മനസിലാകേണ്ടതാണ്. ശ്രീലങ്കയ്ക്ക് പിന്തുണ പ്രഖ്യാപിച്ചതുകൊണ്ടു മാത്രം അയൽക്കാരന്റെ കടമ തീരുന്നില്ല. തീവ്രവാദത്തെ ഉന്മൂലനം ചെയ്യാനുള്ള കൂട്ടായ പദ്ധതിക്കും ശ്രമത്തിനും മറ്റ് ലോകരാഷ്ട്രങ്ങളുടെ പിന്തുണയോടെയും സഹകരണത്തോടെയും നേതൃത്വം കൊടുക്കേണ്ടത് ഇന്ത്യയുടെ കടമയും കർത്തവ്യവുമാണ്.



എന്തുകൊണ്ടിങ്ങനെ അസ്വസ്ഥനാകുന്നുവെന്നല്ലേ സന്ദേഹം. അതിന് കാരണമുണ്ട്. ശ്രീലങ്കൻ ആക്രമണത്തിൽ പൊലിഞ്ഞ പിഞ്ചുകുഞ്ഞുങ്ങളുടെ നിരനിരയായി കിടത്തിയിരിക്കുന്ന മൃതദേഹങ്ങളുടെ ദൃശ്യം, തൊടുപുഴയിൽ അമ്മയുടെ സുഹൃത്ത് ഏഴുവയസ്സുകാരനെ കൊടുംക്രൂരതയ്ക്ക് വിധേയനാക്കി അരുംകൊല ചെയ്ത സംഭവം, എടപ്പാളിൽ നാടോടി ബാലികയെ ആക്രമിച്ച് മാരകമായി പരിക്കേൽപ്പിച്ചത്, എറണാകുളം ഏലൂരിൽ മൂന്നുവയസ്സുകാരനെ അമ്മ മസ്തിഷ്കം തല്ലിത്തകർത്ത് മരണത്തിന് വിട്ടുകൊടുത്തതും, കോഴിക്കോട് അഞ്ചുവയസ്സിന് താഴെ പ്രായമുള്ള മൂന്നുകുഞ്ഞുങ്ങളെ വീട്ടിൽ പൂട്ടിയിട്ട് അമ്മ സ്ഥലം വിട്ടത്, കണ്ണൂർ അഴിക്കോട് പിതാവ് മദ്യലഹരിയിൽ എട്ടുവയസ്സുള്ള മകളെ എടുത്ത് നിലത്തെറിഞ്ഞതും പന്ത്രണ്ടുവയസ്സുള്ള മകന്റെ കൈ പിടിച്ചൊടിച്ചതും തൃശൂരിൽ വിവാഹാഭ്യർഥന നിരസിച്ച ബി.ടെക് വിദ്യാർത്ഥിയെ തീവച്ചുകൊന്നതും കൊച്ചിയിൽ ഊട്ടി സ്വദേശിയായ മലയാളി യുവതിയെ പ്രേമാഭ്യർത്ഥന നിരസിച്ചതിന്റെ പേരിൽ പെട്രോളൊഴിച്ച് കത്തിക്കാൻ ശ്രമിച്ചതുമൊക്കെ നാം തെരഞ്ഞെടുപ്പ് ചൂടിൽ വിസ്മരിച്ചുപോയ സമീപകാല സംഭവവികാസങ്ങളാണ്. ശിശുപീഡനം തടയാൻ നിയമനിർമാണം നടത്തുമെന്ന ഒറ്റവാചകത്തിൽ മേൽപ്പറഞ്ഞ കൊടുംപാതകങ്ങൾക്ക് പരിഹാരം കൽപിച്ച സംസ്ഥാന ആരോഗ്യ ശിശുക്ഷേമവകുപ്പുമന്ത്രി മറ്റൊരൗദാര്യം കൂടി പ്രഖ്യാപിച്ചതോടെ ശിശുപീഡനകഥകൾ വിസ്മൃതിയിലായി. ക്രൂരപീഡനങ്ങൾക്കിരയായി ആശുപത്രിയിൽ കഴിയുന്ന കുട്ടികളുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കുമെന്ന പ്രഖ്യാപനം നികുതിദായകരായ കേരളജനതയുടെ മനം കുളിർപ്പിച്ചുകളഞ്ഞു. കോടീശ്വരനായ ഒരു മുൻമന്ത്രി സ്വന്തം ചികിത്സയ്ക്കായി സംസ്ഥാന സർക്കാർ ഖജനാവിൽ നിന്ന് രണ്ടുകോടിയിൽപ്പരം രൂപ ചെലവിട്ട സ്ഥാനത്താണ് തുച്ഛമായ ഈ ശിശുക്ഷേമം എന്നോർക്കണം. സംഭവിക്കാനുള്ളത് സംഭവിച്ചു. അല്ലെങ്കിൽ ഇത്തരം കാര്യങ്ങൾ എങ്ങനെ തടയാനാവും. ഇതിൽ ദുഃഖിക്കാനും ഉത്കണ്ഠപ്പെടാനും എന്തിരിക്കുന്നു. എന്നിങ്ങനെയുള്ള നിസംഗതാഭാവമാണ് നമ്മിലെ ആർദ്രഹൃദയത്തെ ശിലാസമാനമാക്കുന്നത്. ഇനിയൊരു നിയമനിർമ്മാണമല്ല ആവശ്യം. ഇവിടെ ശിശുക്കൾക്കും മനുഷ്യർക്കും പരിരക്ഷയും സംരക്ഷണവുമാണ് വേണ്ടത്. ■

# വാർത്തകൾ

## ഏകദിന ധ്യാനം നടത്തി

**തിരുവനന്തപുരം:** സെന്റ് വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വഞ്ചിയൂർ അമലോത്ഭവ മാതാ കോൺഫറൻസിന്റെ നേതൃത്വത്തിൽ, വിശുദ്ധവാരത്തോടനുബന്ധിച്ച് സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ ചാപ്പലിൽ വച്ച് വിവിധ ഇടവകകളിലെ വിൻസെൻഷ്യൻ പ്രവർത്തകർക്കും, ഇടവക ജനങ്ങൾക്കുമായി ഏകദിനധ്യാനം സംഘടിപ്പിച്ചു. സി. ഡോ. തേരേസ് ആലഞ്ചേരി ധ്യാനത്തിന് നേതൃത്വം നൽകി. 255 പേർ പങ്കെടുത്തു.

വിവിധ ഇടവകകളിലെ മിടുക്കരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവർക്ക് തിരുവനന്തപുരം സെൻട്രൽ കൗൺസിൽ സ്കോളർഷിപ്പ് വിതരണം ചെയ്തു. പ്രസിഡന്റ് ആർ.സഖറിയാസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം കോവളം ഫെറോന വികാരി ഫാ. ബെബിൻസൺ ഉദ്ഘാടനം ചെയ്തു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിന് വളരെ ഉപകാരപ്രദമാണെന്ന് ഉദ്ഘാടന സന്ദേശത്തിൽ ഫാ. ബെബിൻസൺ പറഞ്ഞു. തുടർന്ന് കുട്ടികളുടെ സ്കോളർഷിപ്പും ഓഖി ദുരിത കുടുംബങ്ങൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായവും വിതരണം ചെയ്തു.

സി. ക്യാൻഡി പൗലോസ് ഡോൺ ബോസ്കോ ബെനഡിക്റ്റ് രാജ്, ഡയനേഷ്യസ് പെരേര എന്നിവർ പ്രസംഗിച്ചു.

### അറിയിപ്പ്

ജീവനും വെളിച്ചവും മാസികയുടെ വരിസംഖ്യ പുതുക്കാത്തവർ എത്രയും വേഗം വരിസംഖ്യ അടച്ച് ജീവനും വെളിച്ചത്തോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു,

– പത്രാധിപർ




*ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഡോ. ബാബുപോൾ അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു*

## ഡോ. ഡി. ബാബുപോൾ അതുല്യപ്രതിഭ: ആർച്ച് ബിഷപ്പ് ഡോ. എം. സൂസപാക്യം

**തിരുവനന്തപുരം :** സമൂഹത്തിനും സഭയ്ക്കും മികച്ച സംഭാവനകൾ നൽകിയ അതുല്യപ്രതിഭയായിരുന്നു മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.ഡി.ബാബുപോൾ എന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ.എം. സൂസപാക്യം. തിരുവനന്തപുരം വൈ.എം.സി.എ.യുടെ നേതൃത്വത്തിൽ യുണൈറ്റഡ് ക്രിസ്റ്റ്യൻ മൂവ്മെന്റ്,എബൻഡന്റ് ലൈഫ് ഇന്ത്യ, ട്രിവാൻഡ്രം ക്ലർജി ഫെലോഷിപ്പ്, ബൈബിൾ സൊസൈറ്റി എന്നീ എക്യുമെനിക്കൽ സംഘടനകളുടെ സഹകരണത്തോടെ വൈ.എം.സി.എ. ആഡിറ്റോറിയത്തിൽ നടത്തിയ ഡോ. ബാബുപോൾ അനുസ്മരണസമ്മേളനം ഉത്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്പ്. ഏവർക്കും പ്രോത്സാഹനവും ഉപദേശങ്ങളും പ്രശ്നപരിഹാരങ്ങളും നിർദ്ദേശിച്ചിരുന്ന അസാമാന്യ പ്രതിഭയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ വേർപാട് സമൂഹത്തിൽ ശൂന്യതയുടെ അനുഭവം സൃഷ്ടിച്ചിരിക്കുന്നു. കൊടുക്കുന്നതാണ് സ്വീകരിക്കുന്നതിനെക്കാൾ ശ്രേഷ്ഠമെന്ന ബൈബിൾ വാക്യം പോലെ ഒന്നും തിരിച്ച് പ്രതീക്ഷിക്കാതെ കൊടുത്തുകൊണ്ടേയിരുന്ന വ്യക്തിയായി രുന്നു അദ്ദേഹമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു. വിവിധ മേഖലകളിലെ നൈപുണ്യത്താൽ ഒരു സൂപ്പർ ഹ്യൂമൻ തന്നെയായിരുന്നു ഡോ.ബാബുപോൾ എന്ന് മുൻ അംബാസിഡർ ഡോ. ടി.പി. ശ്രീനിവാസൻ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു.

## കൗൺസലിംഗ് ഡിപ്ലോമാ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു

**തിരുവനന്തപുരം:** ലത്തീൻ അതിരൂപത കുടുംബശുശ്രൂഷ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടെ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ് ഡിപ്ലോമാ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

ജൂലൈയിൽ ആരംഭിക്കുന്ന കോഴ്സിലേക്ക് അപേക്ഷിക്കേണ്ട അവസാന തീയതി 2019 ജൂൺ 10 ആണ്. ഏതെങ്കിലും വിഷയത്തിൽ ബിരുദമോ അതിലുപരിയോ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പ്രായപരിധിയില്ലാതെ കോഴ്സിന് ചേരാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ, കുടുംബ പ്രേഷിത ശുശ്രൂഷ, തിരുവനന്തപുരം അതിരൂപത, വെള്ളയമ്പലം എന്ന വിലാസത്തിലോ 8281123941 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

# തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് ആറ് നവ വൈദികർ കൂടി



*തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ച നവവൈദികരായ ഫാ. സൂസൈ ആന്റണി (നീരോടി), ഫാ. മാർതോമ (തൂത്തൂർ), ഫാ. ജോൺ ജേക്കബ് (നീരോടി), ഫാ. ജോസ് വർഗീസ് (അടിമലത്തുറ), ഫാ. പ്രമോദ് പി. (പുതിയതുറ), ഫാ. ടോമി തോമസ് (പൂവ്വാർ) എന്നിവർ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. ക്രിസ്തുദാസ്, വികാരി ജനറൽ മോൺ. ഡോ. സി.ജോസഫ് എന്നിവരോടൊപ്പം.*

# കെ.എൽ.എം ന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ സംരംഭം

പാളയം: സ്വയം തൊഴിൽ സംരംഭ പ്രോത്സാഹനത്തിന്റെ ഭാഗമായി കെ.എൽ.എം നിലവിലുള്ള ഏഴ് ഫെറോനകളിലായി 1250 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

പുതുക്കുറിച്ചി, പുല്ലുവിള, അഞ്ചുതെങ്ങ്, കോവളം, കഴക്കൂട്ടം ഫെറോനകൾ ഫെറോനതലത്തിലും പാളയം, പേട്ട ഫെറോനകൾ സംയുക്തമായും കോഴികുഞ്ഞ് വിതരണം നടത്തി. പാളയം, പേട്ട സംയുക്ത പരിപാടി കെ.എൽ.എം രൂപത എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺ ഡാൾ ഉദ്ഘാടനം ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തോമസ്, കെ.എൽ.എം രൂപത കോർഡിനേറ്റർ അന്നറീറ്റ എന്നിവർ പ്രസംഗിച്ചു.

ഫെറോനാതല കോഴിക്കുഞ്ഞ് വിതരണത്തിന്റെ ഉത്ഘാടനം ഫാ. ജോർജ്ജ് ഗോമസ്, ഫാ. ബെബിൻ സൺ, ഫാ. ജീസസ് എന്നിവർ നിർവ്വഹിച്ചു.



*സ്വയംതൊഴിൽ സംരംഭപ്രോത്സാഹനത്തിന്റെ ഭാഗമായി കെഎൽഎമ്മിന്റെ ആഭിമുഖ്യത്തിലുള്ള കോഴിക്കുഞ്ഞ് വിതരണം റ്റിഎസ്എസ്എസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തോമസ് നിർവഹിക്കുന്നു*

# വാർത്തകൾ

## സെന്റ് ആൻഡ്രൂസിൽ വിനിമയ സ്കൂളിന് തുടക്കമായി

തിരുവനന്തപുരം: ലത്തീൻ അതിരൂപത നടത്തുന്ന വിനിമയ മ്യൂസിക് സ്കൂളിലെ അവധിക്കാല ക്ലാസുകൾക്ക് തുടക്കമായി. കഴക്കൂട്ടം സെയിന്റ് ആൻഡ്രൂസ് ഇടവകയിലാണ് വരുന്ന രണ്ടു മാസക്കാലവും ഉച്ചയ്ക്കുശേഷം സ്കൂൾ കുട്ടികൾക്കായി സംഗീത, നൃത്ത, വാദ്യോപകരണ, ചിത്രകലാ വിഭാഗങ്ങളിലായി ക്ലാസ്സുകൾ നടക്കുക. റവ. മോൺസ്. വിൽഫ്രെഡ് ആശംസകളർപ്പിച്ചു സംസാരിച്ചു. കല സ്വപ്നവും പുതിയ ചിറകുകളും നല്കുന്നുവെന്നു അദ്ദേഹം പറഞ്ഞു. റെൻ അക്കാദമി ഓഫ് മ്യൂസിക് ആൻഡ് പെർഫോർമിങ് ആർട്സ് ഡയറക്ടർ മോസസ് ഫെർണാണ്ടസ് കളാസ്സുകൾ ഉദ്ഘാടനം ചെയ്തു. ഫാ. ഷാജൻ ജോസ്, ഫാ. ദീപക് ആന്റോ സഹൻ, സാബു, രജിത്, ബിനീഷ് കുമാർ എന്നിവർ സന്നിഹിതരായിരുന്നു. ക്ലാസ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 9495058627 വിളിക്കുക.

*സെന്റ് ആൻഡ്രൂസിൽ ആരംഭിച്ച വിനിമയ മ്യൂസിക് സ്കൂളിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ഫാ. ഷാജിൻ ജോസ് ക്ലാസ് നയിക്കുന്നു*





*ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കെസിബിസിയുടെ ആഭിമുഖ്യത്തിൽ നല്കുന്ന ധനസഹായത്തിന്റെ ആദ്യഗഡു തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ വിതരണം ചെയ്യുന്നു. ഫാ. ലെനിൻരാജ്, ഫാ. ജോർജ്ജ് വെട്ടിക്കാട്ട് തുടങ്ങിയവർ സമീപം.*

## ഓഖി ദുരന്തം ഇനിയും നഷ്ടപരിഹാരം ലഭിക്കാത്തത് ഖേദകരം: ബിഷപ്പ് ഡോ. ക്രിസ്തുദാസ്

തിരുവനന്തപുരം: ഓഖി ദുരന്തം ഒന്നരവർഷം കഴിഞ്ഞിട്ടും ബോട്ടുകളും വള്ളങ്ങളും മത്സ്യബന്ധനോപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് ഇനിയും അർഹമായ നഷ്ടപരിഹാരവും സാമ്പത്തിക സഹായവും ലഭിച്ചില്ല എന്നത് ഏറെ വേദനാജനകവും പ്രതിഷേധാർഹവുമാണെന്ന് തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. പറഞ്ഞു. ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം കിട്ടിയതുകൊണ്ടുമാത്രം തീരത്തിന്റെ ദുരന്തം തീരില്ലെന്നും പരിക്കേറ്റവർക്കും നാശനഷ്ടം സംഭവിച്ചവർക്കുംകൂടി അടിയന്തിരമായി നഷ്ടപരിഹാരം ലഭിക്കണമെന്നും ബിഷപ്പ് പറഞ്ഞു.

ഓഖിയിൽപ്പെട്ട് മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കേരള കാത്തലിക് ബിഷപ്പ് കോൺഫറൻസ് നൽകുന്ന ധനസഹായത്തിന്റെ ആദ്യഗഡു 30 പേർക്ക് വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്പ് ഡോ. ക്രിസ്തുദാസ്. കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ തിരുവനന്തപുരം അതിരൂപതാ സാമൂഹ്യശുശ്രൂഷാ സമിതി ഡയറക്ടർ ഫാ. ലെനിൻരാജ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡോണി ഡി.പോൾ, കെ.സി.ബി.സി. അൽമായ കമ്മീഷൻ പ്രസിഡന്റ് പി.കെ.ജോസഫ്, സിസ്റ്റർ ഷിജി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

# തപസ്സുകാല സൗഹൃദങ്ങളുമായി നന്ദൻകോട് കോൺഫറൻസ്

**നന്ദൻകോട്:** സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ നന്ദൻകോട് സേക്രട്ട് ഹാർട്ട് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ അംഗങ്ങളും ഇടവകജനങ്ങളും സന്യസ്തരും തപസ്സുകാലത്ത് അതുരശുശ്രൂഷാ കേന്ദ്രങ്ങളും വൃദ്ധസദനങ്ങളും അനാഥശാലകളും ഉൾപ്പെടെ ഒൻപത് കേന്ദ്രങ്ങൾ സന്ദർശിച്ചു. വസ്ത്രങ്ങൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ വിതരണം ചെയ്തും അന്തേവാസികങ്ങളോടൊപ്പം ഭക്ഷണം കഴിച്ചും ശുശ്രൂഷിച്ചുമായിരുന്നു സന്ദർശനം. ഇതുകൂടാതെ പള്ളം ഇടവകയിൽ ഓഖി ബാധിതരായ അഞ്ചു കുടുംബങ്ങളെ സന്ദർശിച്ച് ഭക്ഷണകിറ്റും വിതരണം ചെയ്തു.



*നന്ദൻകോട് കോൺഫ്രൻസ് കല്ലയം ബെതേൽ ഹോം സന്ദർശിച്ചപ്പോൾ*



*തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ മങ്കാട്ടുകടവിൽ പ്രവർത്തിക്കുന്ന വിശ്വപ്രകാശ് സെൻട്രൽ സ്കൂളിന്റെ മധ്യവേനൽ അവധിക്കാല ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾ അധികൃതരോടൊപ്പം*

## തയ്യൽ യൂണിറ്റുകൾ ഉദ്ഘാടനം ചെയ്തു

**വിഴിഞ്ഞം:** സാമൂഹ്യ ശുശ്രൂഷാ സമിതിയുടെ കീഴിൽ എസ്.എച്ച്.ജിയുടെ ആഭിമുഖ്യത്തിൽ വിഴിഞ്ഞം ഇടവകയിൽ കടയ്ക്കുളം ഏര്യയിൽ ആരംഭിച്ച പൈതൃകം തയ്യൽ യൂണിറ്റിന്റെയും വസ്ത്രാലയത്തിന്റെയും ഉദ്ഘാടനം ഇടവക വികാരി ഫാ. ജെസ്റ്റിൻ ജൂഡിൻ നിർവഹിച്ചു. എസ്.എച്ച്.ജി. കോർഡിനേറ്റർ അന്നറീറ്റ ആനിമേറ്റർ തങ്കം, പ്രതീജ ബിസിസി കോർഡിനേറ്റർ സിസ്റ്റർ മേഴ്സി എന്നിവർ പ്രസംഗിച്ചു. പൂന്തുറ ഇടവകയിൽ റ്റി.എസ്.എസ്.എസിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ടെയിലറിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം ഇടവകസഹവികാരി ഫാ. പ്രബിനും നിർവഹിച്ചു.



*വിഴിഞ്ഞം ഇടവകയിൽ ആരംഭിച്ച പൈതൃകം തയ്യൽ യൂണിറ്റിന്റെ ഉദ്ഘാടന വേളയിൽ എസ്.എച്ച്.ജി. അംഗങ്ങൾ ഇടവക വികാരി ഫാ. ജെസ്റ്റിൻ ജൂഡിനോടൊപ്പം*

# കടലാക്രമണവും ഫാനി ചുഴലിക്കാറ്റും: തീരദേശം ദുരിതത്തിലേക്ക്

തിരുവനന്തപുരം: കേരളതീരത്ത് കടൽക്ഷോഭം രൂക്ഷമാകുകയും ഫാനി ചുഴലിക്കാറ്റിന് സാധ്യതയേറുകയും ചെയ്ത സാഹചര്യത്തിൽ തീരദേശമേഖലയാകെ ആശങ്കയിൽ.

ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭൂമധ്യരേഖാ പ്രദേശത്തും തെക്കു-പടിഞ്ഞാറ് ബംഗാൾ ഉൾക്കടലിലുമായി ന്യൂനമർദ്ദം ശക്തിപ്രാപിച്ചതിനെ തുടർന്നാണ് കേരള തീരത്ത് രൂക്ഷമായ കടൽക്ഷോഭം രൂപപ്പെട്ടത്. രൂക്ഷമായ കടൽക്ഷോഭത്തിൽ തലസ്ഥാനത്ത് നൂറോളം വീടുകൾ വെള്ളത്തിനടിയിലായി. കൊച്ചുതുറ, വലിയതുറ, ചെറിയതുറ, ശംഖുമുഖം, പൂന്തുറ, അഞ്ചുതെങ്ങ് തുടങ്ങിയ തീരദേശ മേഖലയിൽ കടൽക്ഷോഭം ശക്തമാണ്. വലിയതുറയിൽ ഇതിനോടകം മൂന്ന് ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. കടലേറ്റം കാരണം മത്സ്യബന്ധനം മുടങ്ങിയതോടെ വലിയതുറ-പൂന്തുറ തീരദേശങ്ങൾ ദാരിദ്ര്യത്തിലേക്ക് നീങ്ങുകയാണ്. വലിയതുറ പ്രദേശത്തെ 20 ലേറെ കുടുംബങ്ങളാണ് ഇപ്പോൾ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത്.

സൗജന്യ റേഷൻ ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തില്ലെങ്കിൽ തീരദേശം ആകെ ദുരിതത്തിന്റെ പിടിയിലാകും. വരും ദിവസങ്ങളിൽ കേരള തീരത്ത് ചുഴലിക്കാറ്റിന് സാധ്യതയുള്ളതിനാൽ മത്സ്യബന്ധനം അസാധ്യമാകും. ഈ സാഹചര്യത്തിൽ അടിയന്തിര സഹായമെത്തിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.



*കടലാക്രമണത്തിൽ തകർന്ന വലിയതുറ തീരപ്രദേശം.*

## പ്രോ ലൈഫ് മേഖല സമ്മേളനം

തിരുവനന്തപുരം: കൂടുതൽ മക്കളുള്ള കുടുംബങ്ങൾക്ക് പ്രോത്സാഹനവുമായി കെസിബിസി പ്രോ-ലൈഫ് തിരുവനന്തപുരം മേഖല. നാലാമത്തെ കുഞ്ഞിന് ജന്മം നൽകുന്ന മാതാപിതാക്കളെ സന്ദർശിച്ച് കുടുംബത്തിനാവശ്യമായ സഹായങ്ങൾ നൽകിയും നവദമ്പതികൾക്ക് പ്രോ-ലൈഫിൽ ബോധവൽക്കരണം നടത്തിയും ആത്മഹത്യ, ലഹരി, ട്രാഫിക് നിയമങ്ങൾ എന്നിവ സംബന്ധിച്ച് അറിവ് പകർന്നും ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യമായി ആഹാരവും വസ്ത്രവും നൽകിയും പ്രോ-ലൈഫ് പ്രോത്സാഹിപ്പിക്കാനുള്ള തീരുമാനങ്ങളോടെയാണ് പ്രോ-ലൈഫ് തിരുവനന്തപുരം മേഖല സമ്മേളനം സമാപിച്ചത്. മേഖലാ പ്രസിഡന്റ് ആന്റണി പത്രോസിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപത കുടുംബശുശ്രൂഷാ ഡയറക്ടർ ഡോ. എ. ആർ. ജോൺ ഉദ്ഘാടനം ചെയ്തു.

ഓരോ പ്രോ ലൈഫ് പ്രവർത്തകരും ജീവന്റെ സംരക്ഷകരും ക്രിസ്തുവിന്റെ വചന വാഹകരുമായി മാറണമെന്നും ഡോ. എ.ആർ.ജോൺ പറഞ്ഞു. വൈ സാമുവൽ, ജോർജ്, സേവ്യർ, സിസ്റ്റർ ആദർശ തുടങ്ങിയവർ പ്രസംഗിച്ചു.



*കെസിബിസി പ്രോലൈഫ് തിരുവനന്തപുരം മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് ഡോ. എ.ആർ.ജോൺ പ്രസംഗിക്കുന്നു*

# അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ് എച്ച്എസ്എസ് ശതോത്തര രജത ജൂബിലി ആഘോഷിക്കുന്നു

അഞ്ചുതെങ്ങ്: അറബിക്കടലിനും കായലിനുമിടയിൽ അറിവിന്റെ അക്ഷയ ജ്യോതിസ്സായി വിളങ്ങുന്ന അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ ശതോത്തര രജതജൂബിലി ആഘോഷിക്കുന്നു. തലമുറകളെ വിദ്യകൊണ്ട് വിശ്വ സംസ്കാരം പഠിപ്പിച്ച് ഉന്നതങ്ങളിലെത്തിച്ച ഈ വിദ്യാലയ മുത്തശിക്ക് ഇന്ന് പ്രായം 125 വർഷം. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ഒട്ടേറെ മഹത്വ്യക്തികളെ സംഭാവന ചെയ്ത ഈ വിദ്യാലയമുത്തശി ശതോത്തര രജത ജൂബിലി ആഘോഷിക്കുന്ന അപൂർവം വിദ്യാലയങ്ങളിലൊന്നാണ്.

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ 1893 ൽ ഒരു പ്രൈമറി ഇംഗ്ലീഷ് മീഡിയം സ്കൂളായിട്ടാണ് സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത്. 1966 ൽ ഹൈസ്കൂളായും, 1998 ൽ ഹെയർ സെക്കണ്ടറി സ്കൂളായും ഉയർത്തപ്പെട്ടു. കെജി, എൽപി, യുപി, എച്ച്.എസ്, എച്ച്എസ്എസ് എന്നീ വിഭാഗങ്ങൾ ഇന്നിവിടെ പ്രവർത്തിക്കുന്നു.

സ്കൂളിന്റെ ശതോത്തര രജത ജൂബിലി വിപുലമായ പരിപാടികളോടെ ആഘോഷിക്കാനുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. മെയ് 2, 3, 4 തീയതികളിൽ നടക്കുന്ന ആഘോഷങ്ങൾക്ക് അഞ്ചുതെങ്ങ് ഇടവക വികാരി ഫാ. പ്രദീപ് ജോസഫ് കൺവീനറായി ഒരു ആഘോഷ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.





*റോമിലെ ലാറ്ററൽ യൂണിവേഴ്സിറ്റിയിൽ നിന്ന് അജപാലന ദേവശാസ്ത്ര ഡോക്ടറൽ ഗവേഷണത്തിൽ ഉയർന്ന മാർക്കോടെ ഡോക്ടറേറ്റ് നേടിയ ഫാ. സാബാസ് ഇഗ്നേഷ്യസ് (തിരുവനന്തപുരം ലത്തീൻ അതിരൂപത) യൂണിവേഴ്സിറ്റി അധികൃതരോടൊപ്പം*


തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട ഇടവകകളിലെ
കിടപ്പുരോഗികൾക്ക് സഹായഹസ്തവുമായി

"A helping hand here at home & around the world."
LENNY PETERS
foundation









# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

പെസഹാകാലം മൂന്നാം ഞായർ (മേയ് 5)

## പത്രോസ് പ്രാക്ടിക്കലായി

അപ്പോ. 5:27b-32, 40b-41 | വെളി. 5:11-14 | യോഹ. 21: 1-19



ശിഷ്യന്മാർ യേശുവിനെ ഉപേക്ഷിച്ചെങ്കിലും യേശു അവരെ ഉപേക്ഷിക്കുന്നില്ല. കരയിൽ കാത്തിരുന്ന കർത്താവ് പ്രഭാതഭക്ഷണം ഒരുക്കി അവരെ അമ്പരപ്പിച്ച് കളഞ്ഞു. ഇന്ന് നമ്മളോടും യേശു അപ്രകാരം ഇടപെടുന്നു. ചില സന്ദർഭങ്ങൾ നാമും യേശുവിനെ വിസ്മരിച്ചേക്കാം.

ക്രിസ്തുവിന്റെ മരണം ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം വലിയ ദുരന്തമായിരുന്നു. കുരിശുമരണം മാത്രമല്ല അതിനോട് അനുബന്ധിച്ച് നടന്ന സംഭവങ്ങളും പരിഹാസ്യമായിരുന്നു. കൂട്ടത്തിൽ നടന്നവൻ ഒറ്റുകാരനായി. മരിക്കാൻ സന്നദ്ധരാണെന്നും, സഹനത്തിന്റെ കാസയിൽ നിന്ന് കുടിക്കാമെന്നും പറഞ്ഞവർ ആപത്തിന്റെ സമയത്ത് നാലുപാടും ചിതറി. സകല പ്രതീക്ഷയുമറ്റവർ പിന്നീട് ഒത്തുചേർന്നപ്പോൾ തങ്ങൾ ഉപേക്ഷിച്ച തലങ്ങൾ തേടി മടക്കയാത്ര ആരംഭിച്ചു. മത്സ്യം പിടിക്കാനല്ല മനുഷ്യരെ പിടിക്കാനാണ് യേശു ശിഷ്യരെ വിളിച്ചത്. മനുഷ്യരെ പിടിക്കാൻ ഒരിക്കൽ അനുഗമിച്ചവർ യേശു മരിച്ചപ്പോൾ വ്യതിചലിച്ചു. ആർക്കും സംഭവിക്കാവുന്ന വീഴ്ചയാണിത്. വലിയ കാര്യങ്ങളിലേക്ക് നിയോഗിക്കപ്പെട്ടിട്ട് അതിനുവേണ്ടി പലതും ഉപേക്ഷിച്ച ശേഷം പിന്നീട് ഉപേക്ഷിച്ചവയെ തേടിയുള്ള മടക്കയാത്ര.

പ്രശസ്തനായ ട്രാപ്പിസ്റ്റ് സന്ന്യാസിയാണ് തോമസ് മേർട്ടൻ (Thomas Merton). വിശ്വാസികളും ആ ഗണത്തിൽപെടാത്തവരുമായ പലരും ആർത്തിയോടെ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിക്കുകയും 'ലോകം ഉപേക്ഷിച്ച് ക്രിസ്തുവിനെ പുണരാൻ ഒരു വ്യക്തിയെ പ്രേരിപ്പിക്കുന്നതെന്ത്' എന്ന് അത്ഭുതപ്പെട്ടിട്ടുമുണ്ട്. തോമസ് മേർട്ടനിൽ നിന്നും വളരെ വ്യത്യസ്തമാണ് മോനിക്ക ബാൾഡ്വിന്റെ (Monica Baldwin) I Leap Over the Wall എന്ന പുസ്തകം. അത് മഠം ഉപേക്ഷിച്ച് പുറത്തേക്കിറങ്ങുന്ന ബ്രിട്ടീഷ് കന്യാസ്ത്രീയുടെ പുസ്തകമാണ്. എന്താണ് അവരെ അതിന് പ്രേരിപ്പിച്ചത്? ഒരാൾ ക്രിസ്തുവിനുവേണ്ടി ലോകം ഉപേക്ഷിച്ചപ്പോൾ മറ്റേയാൾ ലോകത്തിനു വേണ്ടി ക്രിസ്തുവിനെ ഉപേക്ഷിച്ചു. എല്ലാം റിയലിസ്റ്റിക്കും പ്രാക്ടിക്കലുമായി കാണുന്ന സമൂഹത്തിലാണല്ലോ നമ്മൾ ജീവിക്കുന്നത്. ഇങ്ങനെ റിയലസ്റ്റിക്കും പ്രാക്ടിക്കലും ആകുന്നത് കൊണ്ടാവാം വിവിധ ജീവിത അന്തസ്സിലുള്ളവർ തങ്ങൾ എടുത്ത വാഗ്ദാനങ്ങൾ മാറി ചിന്തിക്കുന്നത്. ഒരു പക്ഷേ ആ മനോഗതി ക്രിസ്തുവിനും വിശ്വാസികൾക്കും ആദർശങ്ങൾക്കും പൊളിച്ചെഴുതലുകൾ നടത്തിയേക്കാം. ക്രിസ്തു മരിച്ചു. പലതായ ശിഷ്യരുടെ പ്രതീക്ഷകൾ അസ്തമിച്ചു. അവരും റിയലിസ്റ്റിക്കും പ്രാക്ടിക്കലുമായോ...? 'ഞാൻ മീൻ പിടിക്കാൻ പോകയാണ്' പത്രോസ് പ്രാക്ടിക്കലായി.

ത്യജിക്കുന്നത് എപ്പോഴും ക്രിസ്തുവിന് വേണ്ടിയാകണമെന്നില്ല. ചില സന്ദർഭങ്ങളിൽ ക്രിസ്തുവിനെയും ത്യജിച്ചേക്കാം. പരസ്യമായി എടുത്ത വാഗ്ദാനങ്ങൾ രഹസ്യമായെങ്കിലും ലംഘിച്ചേക്കാം. വിശ്വാസ പ്രഖ്യാപനങ്ങൾ തള്ളിപ്പറച്ചിലായി പരിണമിച്ചേക്കാം. ഉപേക്ഷിക്കപ്പെട്ട വസ്തുക്കൾക്കും



വ്യക്തികൾക്കും പൂർവ്വാധികം ശക്തിയോടെ ജീവിതത്തിൽ സ്ഥാനം കൊടുത്തേക്കാം. ആരും ഒരു ദ്വീപല്ല. ആരും സ്വർഗ്ഗത്തിലേക്കോ, നരകത്തിലേക്കോ ഒറ്റയ്ക്ക് യാത്രയാകുന്നില്ല. പലരേയും അവൻ കൂടെ കൂട്ടാറുണ്ട്. പത്രോസ് ഒറ്റയ്ക്കല്ല മടക്കയാത്ര ആരംഭിച്ചത്. വേറെ ആറു പേരും അവനോടൊപ്പമുണ്ട്.

ക്രിസ്തുവിനെ കൂടാതെ പരിശ്രമിച്ച ശിഷ്യന്മാരുടെ പ്രയത്നങ്ങൾ വിഫലമായിരുന്നു. ക്രിസ്തുവിനെ കൂടാതെയുള്ള പരിശ്രമങ്ങൾ പരാജയങ്ങളുടെ പരമ്പരയായിരുന്നു. നിങ്ങൾക്ക് എന്തെങ്കിലും കിട്ടിയോ? എന്ന ക്രിസ്തുവിന്റെ ചോദ്യവും ഇല്ല എന്ന ശിഷ്യരുടെ മറുപടിയും ആത്മവിശകലനത്തിന് പോന്നവയാണ്. വെള്ളമില്ലാത്തിടത്ത് കുഴിച്ചിട്ട് കാര്യമുണ്ടോ? മീനില്ലാത്തിടത്ത് വലവീശിയാൽ എന്തു പ്രയോജനം. ഒരുവന്റെ തിരഞ്ഞെടുപ്പുകളും അവനായിരിക്കുന്ന ഇടവും നിലപാടുകളും തെറ്റിയാൽ പിന്നെ എത്ര പരിശ്രമിച്ചിട്ട് എന്ത്? എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല എന്നോട് ചേർന്ന് നിൽക്കുന്നവർ ധാരാളം ഫലം പുറപ്പെടുവിക്കുമെന്ന ഗുരുവചനങ്ങൾ അവരുടെ ഓർമ്മയിൽ തെളിഞ്ഞിട്ടുണ്ടാകണം. ഇവിടെ യേശു കുറ്റപ്പെടുത്തുകയല്ല. മറിച്ച് ജീവിതത്തെപ്പറ്റി വീണ്ടുവിചാരമുള്ളവനാക്കുകയാണ് ചെയ്യുന്നത്. അവിടെ ഒരു മടക്ക യാത്ര വീണ്ടും ആരംഭിക്കുന്നു.

തിബേരിയസിന്റെ തീരത്ത് ഉഷസ്സിലുള്ള യേശുവിന്റെ പ്രത്യക്ഷപ്പെടൽ വളരെ അർത്ഥവത്താണ്. സഖറിയാസിന്റെ പ്രവചന ഗീതത്തിൽ യേശുവിനെ ഉയരത്തിൽ നിന്നുള്ള ഉദയരശ്മിയായി വർണ്ണിക്കുന്നുണ്ട്. യേശുവിന്റെ പ്രഭാതം പോലെ ലാളിത്യമുള്ള ഇടപെടൽ. അവന്റെ കടന്നു വരവ് നാം അറിയുന്നതേയില്ല. പ്രഭാതത്തിന് പല സവിശേഷതകളുണ്ട്. പ്രഭാതത്തോടെ അന്ധകാരം അവസാനിക്കുകയാണ്. അവ്യക്തമായിരുന്നത് വ്യക്തമായി കാണാൻ സാധിക്കുന്നു. ഉറങ്ങുന്നത് ഉണരുന്നു. വാടി നിന്നിരുന്നവയ്ക്ക് പ്രഭാതത്തിന്റെ പുത്തൻ ഉണർവ്വുണ്ട്. പ്രഭാതം ഒരു പുതിയ തുടക്കമാണ്. അതുപോലെ തരളിതമാണ് ക്രിസ്തുവിന്റെ പ്രത്യക്ഷപ്പെടൽ. അവൻ അപ്പോൾ ഉച്ചരിക്കുന്ന വാക്കുകളും വാത്സല്യമുള്ളതാണ്. 'കുഞ്ഞുങ്ങളേ...'

മദർ തേരേസ തന്റെ ജീവിതത്തിൽ നടന്ന ഒരു സംഭവം വിവരിക്കുന്നുണ്ട്. ഒരിക്കൽ മദർ പ്രായമായ ഒരു വ്യക്തിയുടെ വീട് സന്ദർശിച്ചു. അലങ്കോലമായ കിടന്നരുന്ന അയാളുടെ വീട് മദറും മറ്റു സിസ്റ്റേഴ്സും നിർബന്ധപൂർവ്വം വൃത്തിയാക്കി. വർഷങ്ങളായി കത്താതെ പൊടിപിടിച്ചു കിടന്ന ഒരു വിളക്ക് മദർ അവിടെ കാണാനിടയായി.

'ഈ വിളക്ക് കത്തിക്കാറില്ലേ...? ഇത് ആരും ഉപയോഗിക്കാറില്ലേ..' 'എന്നെ കാണാൻ ആരും വരാറില്ല. ഞാൻ അത് ആർക്ക് വേണ്ടി കത്തിക്കണം?' അയാൾ മറുപടിയായി ചോദിച്ചു.

''ഞാൻ ഇത് തുടച്ച് വൃത്തിയാക്കാം. പിന്നീട് എന്റെ സിസ്റ്റേഴ്സ് നിങ്ങളെ കാണാൻ വരികയാണെങ്കിൽ നിങ്ങളിത് അവർക്കായി കത്തിക്കുമോ?' 'തീർച്ചയായും' അയാൾ മറുപടി പറഞ്ഞു.

വർഷങ്ങൾക്കു ശേഷം ഒരിക്കൽ മദറിന് ഒരു സന്ദേശം കിട്ടി. 'മദർ എന്റെ ജീവിതത്തിൽ കത്തിച്ച വെളിച്ചം ഇപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നു.' വിളക്കിൽ പ്രകാശമില്ല. തിരി തെളിയിക്കുകയേ വേണ്ടൂ. സ്വയം തിരിതെളിക്കാൻ കഴിവില്ലാത്തപ്പോൾ ദൈവം തിരി കൊളുത്തുന്നു. ആ പ്രക്രിയ പരിഭവങ്ങളോടെയല്ല, കുറ്റപ്പെടുത്തലും ഇല്ല, പരിഹാസത്തിന്റെ ധ്വനിയില്ല. അത് പ്രഭാതം പോലെ മയമുള്ളതാണ്. അറിയാതെ തന്നെ അത് ജ്വലിച്ച് ഉയരും.

''അത് കർത്താവാണ്' ശിഷ്യൻ ഗുരുവിനെ തിരിച്ചറിയുന്നു. കടൽക്കരയിൽ അവന്റെ രൂപം കണ്ടപ്പോൾ തിരച്ചറിഞ്ഞില്ല. ശബ്ദവും മനസിലായില്ല. തീരത്ത് നിന്നവൻ തന്റെ ജീവിത്തിൽ വരുത്തിയ മാറ്റം കണ്ടപ്പോൾ അവൻ കർത്താവിനെ തിരിച്ചറിഞ്ഞു. ജീവിതം പരിവർത്തനം ചെയ്യപ്പെടുകയാണ്. ബല പ്രയോഗങ്ങളിലൂടെയല്ല തികച്ചും സ്വാഭാവികമായി.

ശിഷ്യർ കരക്കിറങ്ങിയപ്പോൾ ഗുരു പ്രാതൽ ഒരുക്കിയിരുന്നു. ഒരമ്മയുടെ കരുതലോടെ. 'വന്ന് പ്രാതൽ കഴിക്കുവിൻ.' ശിഷ്യർ അനുസരണയുള്ള കുട്ടികളേപ്പോലെ അവന്റെ മുമ്പിൽ ഇരുന്നു. ഗുരു ഒന്നും പുതിയതായി പറയുന്നില്ല. ഓർമ്മപ്പെടിത്തലുകൾ മാത്രം. അപ്പം കഴിക്കുന്ന ശിഷ്യർ 'നീയാരാണെന്ന് ചോദിക്കുന്നില്ല' ആ അപ്പം അവരുടെ ശരീരത്തെ മാത്രമല്ല പരിപോഷിപ്പിച്ചത്. അവരുടെ ആത്മാവിനെ ഉണർത്തുകയായിരുന്നു. പ്രഭാത ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന അവരുടെ മനസ്സിൽ ഗുരു പഠിപ്പിച്ച കാര്യങ്ങൾ അവനോടൊപ്പം ചിലവഴിച്ച നിമിഷങ്ങൾ... ഭൂതകാല സംഭവങ്ങൾ എല്ലാം ഉയിർത്തെഴുന്നേറ്റിട്ടുണ്ടാക്കണം.

ശിഷ്യന്മാർ യേശുവിനെ ഉപേക്ഷിച്ചെങ്കിലും യേശു അവരെ ഉപേക്ഷിക്കുന്നില്ല. കരയിൽ കാത്തിരുന്ന കർത്താവ് പ്രഭാതഭക്ഷണം ഒരുക്കി അവരെ അമ്പരപ്പിച്ച് കളഞ്ഞു. ഇന്ന് നമ്മളോടും യേശു അപ്രകാരം ഇടപെടുന്നു. ചില സന്ദർഭങ്ങൾ നാമും യേശുവിനെ വിസ്മരിച്ചേക്കാം. എങ്കിലും യേശു നമ്മെ തേടി കണ്ടെത്തുന്നു. ഇന്നും തിരികെയെത്തുന്ന നമുക്കായി അവൻ ഭക്ഷണം ഒരുക്കുന്നു. അപ്പവും മീനുമെല്ലാം തന്നെതന്നെ വിളമ്പുന്നു. അവൻ വീഴ്ചകളെ ഓർമ്മപ്പെടുത്തുന്നില്ല. തന്റെ സ്നേഹത്തിന്റെ ആഘോഷം ഒരുക്കുകയാണ് ചെയ്യുന്നത്. അത് ഭക്ഷിക്കുന്നവന്റെ മനസ്സിൽ ദൈവസ്നേഹത്തിന്റെ തിരയിളകും ആത്മാർപ്പണം വർദ്ധിക്കുകയും ചെയ്യും. ■

## നീർച്ചാലുകൾ

റവ. ഡോ. ഡൈസൻ

# യേശു നിത്യജീവൻ നൽകുന്ന ദൈവപുത്രൻ

അപ്പോ. 13: 14. 43-52 | വെളി. 7: 9.14b-17 | യോഹ. 10: 27-30



യേശുവിൽ വിശ്വസിക്കുന്ന ഒരുവൻ യേശുവിന്റെ ദൈവികത്വം ഏറ്റുപറയും. അവന് യേശുവുമായി അനിർവചനീയമായ ആത്മബന്ധമുണ്ട്; ആടിന് ഇടയനോടെന്ന പോലെ. മറ്റു വാക്കുകളിൽ സൂര്യനും അതിന്റെ പ്രകാശവും, കടലും തിരയും, ഗായകനും ഗാനവും എത്ര മാത്രം ബന്ധപ്പെട്ടിരിക്കുന്നുവോ അതുപോലെ ഇടയനും ആടുകളും ബന്ധപ്പെട്ടിരിക്കുന്നു.

സോക്രട്ടീസിന്റെ ജീവിതവും മരണവും ലോകം കണ്ട ഏറ്റവും വലിയ സത്യസന്ധനായ തത്വജ്ഞാനിയുടെ ജീവിതവും മരണവുമാണ്. ഏഷ്യായുടെ വെളിച്ചമെന്ന് അറിയപ്പെടുന്ന മഹാനായ ശ്രീ.ബുദ്ധന്റെ ജീവിതവും മരണവും ലോകം കണ്ട ഏറ്റവും നല്ല മനുഷ്യന്റെ, ബോധോദയം ലഭിച്ച നല്ല ഗുരുവിന്റെ ജീവിതവും മരണവും ആണ്. ഇസ്ലാം മതത്തിന്റെ സ്ഥാപകനായ മുഹമ്മദിന്റെ ജീവിതവും മരണവും ലോകം കണ്ട ഒരു വലിയ പ്രവാചകന്റെ ജീവിതവും മരണവുമാണ്. അദ്വൈത തത്വശാസ്ത്രത്തിലൂടെ ഭാരതമനസ്സിൽ ഇടംപിടിച്ച. ശങ്കരാചാര്യന്റെ ജീവിതവും മരണവും ലോകം കണ്ട വലിയ ഒരു താത്വികന്റെ ജീവിതവും മരണവുമാണ്. എന്നാൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കന്യകാമറിയത്തിൽ പിറന്ന കർത്താവായ യേശുവിന്റെ ജീവിതവും മരണവും ഒരു ദൈവത്തിന്റെ ജീവിതവും മരണവുമാണ്; കാരണം മനുഷ്യനായി പിറന്ന യേശു ദൈവമാണ്. മറ്റു വാക്കുകളിൽ യേശു 100% മനുഷ്യനും 100% ദൈവവുമാണ്. അതുകൊണ്ടാണ് എല്ലാ മുട്ടുകളും അവന്റെ മുൻപിൽ മടങ്ങുന്നതും എല്ലാ നാവുകളും അവനെ പുകഴ്ത്തുന്നതും (റോമ: 14:11)

## ആരാണ് യേശു

ഞാനും പിതാവും ഒന്നാണെന്ന് പറയുക വഴി യേശു ദൈവത്തിന്റെ പുത്രനാണെന്ന് സ്ഥാപിക്കുന്നു (യോഹന്നാൻ 10:30). അതുകൊണ്ടുതന്നെ ജനപദങ്ങളെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് ജൈത്രയാത്ര നടത്തിയ നെപ്പോളിയൻ പറഞ്ഞു: എനിക്ക് മനുഷ്യരെ അറിയാം അതിനാൽ ഞാൻ പറയുന്നു യേശു അതിമാനുഷ്യനാണ്. എന്നാൽ ജീവിച്ചിരിക്കുന്ന ഒരു മനുഷ്യനോടും യേശുവിനെ താരതമ്യം ചെയ്യാൻ സാധ്യമല്ല: കാരണം അവിടുന്ന് ദൈവപുത്രനാണ്. വി.മാർക്കോസ് സുവിശേഷം എഴുതുന്നതുതന്നെ യേശു ദൈവപുത്രനാണെന്ന് സ്ഥാപിക്കാൻ വേണ്ടിയാണ് (മാർക്ക് 1:1) ഈ സത്യം വി.മാർക്കോസ് ഉച്ചകോടിയിൽ എത്തിക്കുന്നത് വിജാതീയ ശതാധിപതന്റെ വാക്കുകളിലൂടെയാണ്; 'നിശ്ചയമായും അവൻ ദൈവപുത്രനായിരുന്നു' (മാർക്ക് 15:39)

യേശുവിന്റെ കാലത്ത് യഹൂദരെ അലട്ടിയ വലിയ ഒരു ചോദ്യമാണ് യേശു ആരാണ്? കാറ്റും കടലും യേശുവിനെ അനുസരിക്കുന്നതു കണ്ടപ്പോൾ ശിഷ്യന്മാർ ആശ്ചര്യപൂർവ്വം ചോദിക്കുന്നു ഇവൻ ആരാണ് (മത്തായി 8:27). കാരാഗ്രഹത്തിൽ ആയിരുന്ന യോഹന്നാൻ ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെപ്പറ്റി കേട്ടപ്പോൾ തന്റെ ശിഷ്യന്മാരെ യേശുവിന്റെ പക്കൽ അയച്ചു കൊണ്ട് ചോദിച്ചു വരാൻ ഇരിക്കുന്ന ക്രിസ്തു നീ തന്നെ ആണോ അതോ ഞങ്ങൾ വേറെ ഒരുവനെ പ്രതീക്ഷിക്കണോ (മത്തായി 11:2-3). സൗഖ്യത്തിന് സാക്ഷ്യം വഹിച്ച ജനകൂട്ടം ചോദിച്ചു ഇവനായിരിക്കുമോ ദാവിന്റെ പുത്രൻ (മത്താ 12:23). ഇന്നിന്റെ സുവിശേഷത്തിന്റെ മുൻപുള്ള വചനഭാഗത്ത് പ്രതിഷ്ഠാ തിരുനാളിനു വന്ന യഹൂദർ ചോദിച്ചു: നീ ഞങ്ങളെ എത്രനാൾ ഇങ്ങനെ സന്ദിഗ്ധാവസ്ഥയിൽ നിർത്തും? നീ ക്രിസ്തുവാണെങ്കിൽ വ്യക്തമായി ഞങ്ങളോടു പറയുക? ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് ഗബ്രിയേൽ മാലാഖ പറയുന്നു. പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും (ലൂക്കാ 1:35). യേശു ദൈവപുത്രനാണെന്ന് സ്വർഗ്ഗത്തിലെ ദൈവസ്വരം സാക്ഷിക്കുന്നു. നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (മാർക്ക് 1:11). യേശു ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് അപ്പസ്തോല പ്രമുഖനായ പത്രോസ് ഏറ്റുപറയുന്നു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് (മത്താ: 16:16) എന്തിനേറെ, യേശു

ദൈവത്തിന്റെ പുത്രനാണെന്ന സത്യം പിശാചുപോലും അംഗീകരിക്കുന്നു: യേശുവേ അത്യുന്നതനായ ദൈവത്തിന്റെ പുത്രാ, നീ എന്തിനു ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു (ലൂക്കാ 8:28). എന്നാൽ യേശുവിനെ ദൈവപുത്രനായിട്ടോ യഹൂദർ അംഗീകരിക്കുന്നില്ല. കാരണം അവർക്ക് വിശ്വാസമില്ലായിരുന്നു.

യേശു ദൈവപുത്രനായ ക്രിസ്തുവാണോയെന്ന ചോദ്യം യഹൂദർ യേശുവിനോട് ചോദിക്കുന്നത് (യോഹ 10:24) ഹേമന്തകാലത്ത് നടക്കുന്ന പ്രതിഷ്ഠ തിരുനാളാവസരത്തിലാണ്. ഈ തിരുനാളിനെ വെളിച്ചത്തിന്റെ തിരുനാളെന്നും വിളിച്ചിരുന്നു. കാരണം എല്ലാ യഹൂദ ഭവനങ്ങളിലും പ്രതിഷ്ഠയുടെ ഓർമ്മക്കായി പ്രകാശം തെളിച്ചിരുന്നു. ഈ തിരുനാളിന് ധാരാളം യഹൂദർ ജെറുസലേമിൽ വരുന്ന പതിവുണ്ടായിരുന്നു. കാരണം ഈ തിരുനാൾ അവർക്ക് ഏറ്റവും പ്രിയപ്പെട്ടതും പ്രധാനപ്പെട്ടതുമായിരുന്നു. ബി.സി 164–ാം ആണ്ടിലായിരുന്നു ഈ തിരുനാൾ നിലവിൽ വന്നത്. ഏകദേശം ബി.സി 167–ാം ആണ്ട് അന്തിയോക്കസ് എപ്പിപ്പാനോസ് ജെറുസലേം ദൈവാലയം ആക്രമിച്ച്, അശുദ്ധമാക്കി, ബലിപീഠത്തിൽ വിജാതീയ വിഗ്രഹം സ്ഥാപിച്ചു. എന്നാൽ യൂദാസ് മക്കാബെയോസും സഹോദരരും അശുദ്ധമാക്കപ്പെട്ട ദൈവാലയം നിയമം നിർദ്ദേശിക്കുന്ന പ്രകാരം പുതുക്കി പണിതു ദൈവത്തിന് പ്രതിഷ്ഠിച്ചു. ഈ പ്രതിഷ്ഠയുടെ ഓർമ്മ നിലനിറുത്താൻ വേണ്ടി എല്ലാ വർഷവും എട്ടുദിവസത്തെ തിരുനാൾ ആഘോഷിക്കാൻ ഇസ്രായേൽ സമൂഹം തീരുമാനിച്ചു. അങ്ങനെ പ്രതിഷ്ഠയുടെ ഓർമ്മ പുതുക്കൽ ആണ്ടു തിരുനാളിന്റെ അവസരത്തിലാണ് യേശുവിനോട് യഹൂദർ ചോദ്യം ചോദിക്കുന്നത്. യേശുവിനെ ദൈവമായി അംഗീകരിക്കുവാൻ വേണ്ടിയല്ല, ദൈവത്താൽ നിയോഗിക്കപ്പെട്ട വ്യക്തിയായി സ്വീകരിക്കാനാണ്.

## യേശു നല്ല ഇടയൻ

ഇസ്രായേൽ ജനത അടിസ്ഥാനപരമായി ആട്ടിടന്മാരും കൃഷിക്കാരുമായിരുന്നു. ഉള്ളതിൽ നല്ല ആടിനെ ആട്ടിടയനായ ആബേൽ ബലി അർപ്പിച്ച് ദൈവത്തിന്റെ പ്രതീ നേടുമ്പോൾ, തനിക്ക് ലഭിച്ച കൃഷി ഫലങ്ങളിൽ മോശമായതിനെ ദൈവത്തിന് സമർപ്പിച്ചു ദൈവത്തിന്റെ അപ്രീതി സമ്പാദിച്ച കയേൽ കൃഷിക്കാരനായിരുന്നു. ബൈബിളിന്റെ ആരംഭം മുതൽ ആട്ടിടന്മാരെയും കൃഷിക്കാരെയും കാണുന്നുണ്ട്. അതുകൊണ്ട് ദൈവത്തെ ആട്ടിടയനും മുന്തിരി ചെടിയായും ഇസ്രായേൽ ജനങ്ങളെ അജഗണമായും, മുന്തിരിതോട്ടമായും വിശുദ്ധഗ്രന്ഥത്തിൽ ചിത്രീകരിക്കുന്നു.

യേശുവിൽ വിശ്വസിക്കുന്ന ഒരുവൻ യേശുവിന്റെ ദൈവികത്വം ഏറ്റുപറയും. അവന് യേശുവുമായി അനിർവചനീയമായ ആത്മബന്ധമുണ്ട്; ആടിന് ഇടയനോടെന്ന പോലെ. മറ്റു വാക്കുകളിൽ സൂര്യനും അതിന്റെ പ്രകാശവും, കടലും തിരയും, ഗായകനും ഗാനവും എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവോ അതുപോലെ ഇടയനും ആടുകളും ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഇടയൻ ആടുകളുടെ ജീവൻ രക്ഷിക്കാൻ വേണ്ടി തന്റെ ജീവനെ പണയപ്പെടുത്തുന്നു, വേദനകൾ സഹിക്കുന്നു. നടക്കുവാൻ ബുദ്ധിമുട്ടുള്ള ആടുകളെ തോളിലേറ്റുന്നു.

യജമാന്റെ സ്വരം തിരിച്ചറിയാനുള്ള ആടുകളുടെ കഴിവും, സംഘബോധവും, നിഷ്കളങ്കതയും ആടുകളുടെ മെച്ചപ്പെട്ട പ്രത്യേകതകളാണ്. എന്നാൽ പരിശീലനത്തിനു വിധേയമാകാതെ തന്നിഷ്ടം പ്രവർത്തിക്കുന്ന ആടുകൾ ഇസ്രായേൽ ജനത്തെ പ്രതീവത്കരിക്കുന്നു. മൃഗങ്ങളിൽ കാഴ്ച ശക്തി കുറഞ്ഞ മൃഗം ആടുകളാണ് അതുകൊണ്ടുതന്നെ കൂട്ടം തെറ്റിപോകാൻ ഏറെ സദ്ധ്യയുള്ള മൃഗം ആട് തന്നെയാണ്. മറ്റു മൃഗങ്ങളുമായി പ്രതിരോധിച്ചു നില്കുവാനുള്ള ശക്തിയും കരുത്തും ആടിനില്ല. അതുകൊണ്ട് ഒരു ഇടയൻ ആടുകളുടെ കണ്ണും, കരുത്തും, കൂടെ നടക്കുന്നവനും ആകണം. നല്ല ഇടയനായ യേശുവിന്റെ സ്വരം പിതാവിന്റെ സ്വരം തന്നെയാണ്. പിതാവിന്റെ സ്വരംപോലും യേശുവിലൂടെ തിരിച്ചറിയാതെ സ്വന്തം വഴികളിൽ അപകട മേഖലകളിലേക്ക് സഞ്ചരിക്കുന്ന യഹൂദരെയാണ് സുവിശേഷത്തിൽ നാം ദർശിക്കുന്നത്.

## നിത്യജീവൻ നല്കുന്ന പിതാവും യേശു ക്രിസ്തുവും ഒന്നാണ്

യഹൂദരിൽ പലരും യേശുവിനെ കാണാൻ ആഗ്രഹിച്ചത് ദൈവത്തിന്റെ സന്ദേശവാഹകനായിട്ടോ, പ്രവാചകനായിട്ടോ, മിശിഹായിട്ടോ ആണ്. ഒരിക്കലും യേശുവിനെ ദൈവമായി കാണാൻ അവർ ആഗ്രഹിച്ചില്ല. ഒരു പ്രവാചകനും ഇതു വരെ അവകാശപ്പെടാത്തവാദമാണ് യേശു യഹൂദരോട് ഉന്നയിച്ചത്. അബ്രഹാത്തിനു മുൻപ് ഞാൻ ജീവിച്ചിരുന്നു എന്നതാണ്. മാത്രമല്ല ദൈവവും ഞാനും ഒന്നാണ് എന്ന യേശുവിന്റെ പ്രഖ്യാപനം യഹൂദരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. ഏകദൈവവിശ്വസിയായ ഒരു യഹൂദനും പറയാൻ ആഗ്രഹിക്കാത്ത അപടകം നിറഞ്ഞ വാക്യങ്ങളാണ്, യേശു പറഞ്ഞത്. അത് അവരെ കോപാകുലരാക്കി. അതുകൊണ്ട് അവർ യേശുവിനെ എറിൻ കല്ലുകൾ കൈയിൽ എടുത്തു. പീന്നിട് എങ്ങനെയെങ്കിലും യേശുവിനെ കെണിയിൽപ്പെടുത്താൻ ആഗ്രഹിച്ചു. ദൈവീക ജീവൻ സമൃദ്ധമായി നൽകാനാണ് യേശു സ്വന്തം ജനതയായ യഹൂദരുടെ അടുക്കൽ വന്നത്. എന്നാൽ അവർ അവനെ തിരസ്കരിച്ചു, കാരണം പിതാവ് യേശുവിന് നല്കിയ ആടുകളല്ല അവർ. ആദ്യവായനയിൽ വിജാതീയർക്ക് ദീപമായി ലോകത്തിന്റെ അതിർത്തികൾ വരെ വചനം വിളമ്പുന്ന ശിഷ്യരായ പൗലോസും, ബർണബാസും തങ്ങളുടെ ദൗത്യത്തിൽ ആനന്ദിക്കുകയും, ആത്മാവിന്റെ ശക്തിയാൽ നിറയുകയും ചെയ്യുന്നു. സുവിശേഷ വേലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ദൈവികമായ ആനന്ദവും, ശക്തിയും ലഭിക്കുമെന്ന് ആദ്യവായന പറയുന്നു. രക്ഷ പടിവാതിലിൽ എത്തിയിട്ട് തിരസ്കരിക്കുന്ന യഹൂദരും, നിത്യജീവന് നിയോഗം ലഭിച്ചതിൽ ആനന്ദിക്കുന്ന വിജാതീയരും എന്റെയുളളിലെ യാഥാർത്ഥ്യങ്ങളാണ്. നിത്യജീവനും നിത്യമരണവും എന്റെ മുമ്പിലുണ്ടെന്ന് ഏത് തിരഞ്ഞെടുക്കണമെന്ന് തീരുമാനിക്കേണ്ടത് ഞാനെന്ന വ്യക്തിയാണ്. രണ്ടാം വായനയിൽ യേശുവിനെ ഇടയനായി അംഗീകരിച്ച അസഖ്യം ആളുകൾ നിത്യജീവൻ അവകാശമാക്കി. ദൈവം അവരെ മഹത്വപ്പെടുത്തും. സകല ജനതകളിലും,

ഗോത്രങ്ങളിലും, രാജ്യങ്ങളിലുമുള്ള അവർ വെള്ളയങ്കി അണിഞ്ഞ് കുരുതോലയുമായി ദൈവത്തിന്റെ സിംഹാസനത്തിനു മുൻപ് നിൽക്കുവാൻ സാധിച്ചത് യേശുവിൽ വിശ്വസിച്ചുകൊണ്ടാണ്. ക്രിസ്തു ചിന്തിയ രക്തത്തിൽ കഴുകിയെടുത്ത വിശുദ്ധ അങ്കി അണിഞ്ഞവരാണവർ. ഞെരുകങ്ങളുടെ കാലത്തിൽ ഈ ഭൂമിയിൽ ക്രിസ്തുലുള്ള വിശ്വാസത്തിനു വേണ്ടി സാക്ഷ്യം വഹിച്ച് നിത്യജീവൻ കരസ്ഥമാക്കിയവരാണ്.

ഇന്നത്തെ സുവിശേഷത്തിന്റെ അവസാനത്തിൽ യേശു ദൈവപുത്രനാണെന്ന് സ്ഥാപിക്കാൻ വേണ്ടി പറയുന്നു: ഞാനും പിതാവും ഒന്നാണ്. ഈ വാക്യം പരിശുദ്ധ ത്രിത്വത്തിന്റെ ആഴങ്ങളിൽ നമ്മെ എത്തിക്കുന്നു. യേശു മനുഷ്യരക്ഷ സാധിക്കാൻ വന്ന ത്രിത്വത്തിലെ രണ്ടാമനാണ്. അതുകൊണ്ട് പിതാവും പുത്രനും പരിശുദ്ധാത്മാവും സത്തയിൽ ഒന്നാണ്. യേശു മനുഷ്യരെ രക്ഷിക്കുവാനുള്ള ദൗത്യം ഏറ്റെടുക്കുന്നത് പുത്രനായതുകൊണ്ടാണ്. കാരണം, യേശു ദൈവത്തിന്റെ ഏകപുത്രനാണ്.

യേശു ദൈവത്തിന്റെ പുത്രനാണെന്ന് മഹാത്മാഗാന്ധി പറയുന്നു: നിങ്ങൾ ലോകത്തിലെ വൻകിട നേതാക്കന്മാരുടെയും യോഗീശ്വരന്മാരുടെയും ഒരു സമ്മേളനം വിളിച്ചുകൂട്ടുക. ആ ബുദ്ധിരാക്ഷസന്മാരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കാൻ പറ്റിയ ഒരാളേ ഉള്ളു. ദൈവത്തിന്റെ പുത്രനായ ക്രിസ്തു. യേശുവിനെ ദൈവത്തിന്റെ പുത്രനായി ഏറ്റുപറയണമെങ്കിൽ യേശുവിൽ നമുക്ക് വിശ്വാസമുണ്ടാകണം. വിശ്വാസമുണ്ടെങ്കിൽ നാം യേശുവിന്റെ തൊഴുത്തിൽപ്പെട്ട ആടായിരിക്കും. തൊഴുത്തിൽപ്പെട്ട ആടാണെങ്കിൽ അവൻ നമ്മെ നെഞ്ചോടടുപ്പിക്കും. അപ്പോൾ നമ്മൾ സുകൃതം ചെയ്ത ആട്ടിൻകുട്ടിയാകും. ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

പെസഹാക്കാലം 5-ാം ഞായർ (മേയ് 19)

# ദൈവത്തിന്റെ കൂടാരം

അപ്പോ. 14 : 21b-27 | വെളി. 21:1-5a | യോഹ. 13:31-33a, 34-35



ക്രിസ്തു മഹത്വീകരിക്കപ്പെട്ടിരിക്കുന്നു. സ്നേഹമാണ് ആ മഹത്വത്തിന്റെ അടിസ്ഥാനം. സ്നേഹത്തിന്റെ മാതൃക താൻ തന്നെയാണെന്ന് ക്രിസ്തു. സ്നേഹം എന്ന ഉടമ്പടിയെ പലവട്ടം പലതരത്തിൽ പറഞ്ഞുകൊണ്ടിരുന്നു.

ആത്മശിഷ്യനായ ബർണബാസുമൊത്താണ് പൗലോസിന്റെ യാത്ര. ക്രിസ്തുവിന്റ സ്നേഹം അതേപോലെ ബർണബാസിലേക്ക് ഒഴുക്കിയവൻ, സഹനപർവ്വങ്ങൾ പിന്നിടാൻ ഉപദേശിക്കുന്നുമുണ്ട്. പ്രേഷിത വഴികളിൽ ഇടതടവില്ലാതെയുള്ള ഓട്ടം. ഒരിടത്തു നിന്ന് അടുത്തിടത്തേക്ക്, ഏറെയും കപ്പലോട്ടങ്ങൾ. കടൽപോലെ പ്രക്ഷുപ്ധമായിരിക്കുന്നു മനസ്സും. പുതിയ വിശ്വാസം, പുതിയസഭ, പുതിയ അനുയായികൾ, ചുറ്റിലും എതിർമുഖങ്ങൾ, ഉപവാസവും പ്രാർത്ഥനയും അവരുടെ വഴികളിൽ കരുത്തായി ഒരോ കരങ്ങളിലും നിറയെ സ്നേഹവുമായി അവർ സുവിശേഷപാദങ്ങളൂന്നി.

"I have a dream.." വെള്ളപ്പാച്ചിൽ പോലെ ഇരമ്പിയാർത്ത മാർട്ടിൻ ലൂഥർ കിങ്ങിന്റെ പ്രസംഗം - "എല്ലാ മനുഷ്യരും സമന്മാരായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും തന്റെ വിശ്വാസപ്രമാണത്തിനൊത്ത് ഈ നാടു ജീവിക്കുന്ന ഒരു ദിവസം ഞാൻ സ്വപ്നം കാണുന്നു.

ജോർജിയായിലെ ചെമ്മലകളുടെ മുകളിൽ പണ്ടത്തെ അടിമകളുടെയും ഉടമകളുടെയും മക്കൾ സാഹോദര്യത്തിന്റെ വിരുന്നു മേശയിൽ ഒന്നിച്ചിരിക്കുന്നതു ഞാൻ സ്വപ്നം കാണുന്നു. സ്നേഹമാണ് ഈ പ്രസംഗത്തിന്റെ കാതൽ. ഒരേ സമയം സുവിശേഷ പ്രസംഗകനും രാഷ്ട്രിയ നേതാവുമായിരുന്നവൻ ആത്മിയസത്തയുടെ നിറവിൽ ജീവിച്ചവൻ. ഈ സ്വപ്നത്തെ കുറിച്ച് തന്നെയാണ് വെളിപാടു പുസ്തകത്തിൽ വായിക്കുക, പുതിയ ആകാശവും പുതിയ ഭൂമിയും മലിനമാക്കപ്പെടാത്ത ഒരു ഹരിത ഭൂമി രക്തക്കറകളില്ലാത്ത കല്ലുകൾ ഉടയ്ക്കാത്ത,വിശാല ഹൃദയത്തിന്റെ ആകാശനീലിമ ഉദിക്കുന്ന കാലം, ഒരു മണവാട്ടിയുടെ ഒരുക്കമാണ് ഏറ്റവും വലിയ ഒരുക്കം .ആഴ്ചകളുടെ തയ്യാറെടുപ്പുണ്ട്. മുടിയൊരുക്കൽ, മൈലാഞ്ചിയണിയൽ, മുഖം മിനുക്കൽ, വസ്ത്രം നെയ്യൽ അങ്ങനെ ഒരുപാട്. ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയാണ് ജെറുസലേം. ദൈവം ഇത്രയും റോമാന്റിക്കാണോ, ഇസ്രായേൽ ജനവുമായുള്ള ബന്ധം കുറയുന്നിടത്ത് ദൈവം സോളമനേക്കൾ അലംകൃതനാകുന്നു. ഇസ്രായേലിന് ഞാൻ തുഷാരബിന്ദുപോലെയായിരിക്കണം. ലില്ലിപോലെ അവൻ പുഷ്പിക്കും ഇലവുപോലെ അവൻ വേരുറപ്പിക്കും. (ഹോസിയ 14: 5)

ദൈവത്തിന്റെ കുടാരം മനുഷ്യരുടെയിടയിൽ, പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു, ക്രിസ്തുവാണ് ഈ കൂടാരം. ഇസ്രായേൽ ജനത ജീവിത യാത്രയിൽ കൂടാരവും പെട്ടകവും കൊണ്ടുനടന്ന പോലെ, ബത്‌ലഹേമിൽ നിന്ന് ക്രിസ്തുവാകുന്ന കൂടാരം സഞ്ചരിക്കുകയായിരുന്നു . ഗലീലിയിൽ ജറുസലേമിൽ.. ഒടുവിൽ കാൽവരിയിൽ അത് പ്രതിഷ്ഠിക്കപ്പെട്ടു.

ജീവിച്ചിരിക്കുന്നവർക്ക് വാക്കരി തന്നിട്ട് മരിച്ചവർ എന്ന് കവി അയ്യപ്പൻ പൊള്ളലോടെ പറയുന്നുണ്ട്. മനുഷ്യജീവിതത്തിന്റെ നിലയില്ലാകയങ്ങൾ കവി കാണുന്നുണ്ട്. ഒരു അഭയകൂടാരം അതുമാത്രമാണ് മനുഷ്യന്റെ സ്വാസ്ഥ്യം. മാളമില്ലാത്ത പാമ്പിനെപോലെ നാം കണ്ടുമുട്ടുന്ന മനുഷ്യർ. വീടുണ്ടായിട്ടും അവർ യാത്രയിലാണ്.

സിംഹം താൻ ഇഷ്ടപ്പെട്ട മൃഗങ്ങളെയെല്ലാം കൊന്നു തിന്നിട്ടുണ്ട്, സിംഹത്തിന് ഒരാഗ്രഹം മരപ്പട്ടിയുടെ ഇറച്ചി തിന്നണമെന്ന്, മരിക്കുംമുമ്പുള്ള പൂതിയാണ്, സിംഹം ആ മൃഗത്തെ വേട്ടയാടി . പക്ഷേ അത് ശീഘ്രം ഓടിമറയും. ഒരോ ദിവസവും സിംഹം അതിനെ ഓടിച്ചുകൊണ്ടിരുന്നു, പക്ഷേ അതിനെ പിടിക്കാൻ കഴിഞ്ഞില്ല. സിംഹത്തിന് ആഹാരമാണ് വേണ്ടതെങ്കിൽ അതിന്റെ മുമ്പിൽ അനേകം തരം മൃഗങ്ങളുണ്ട്. അതുകൊണ്ട് സിംഹത്തെക്കാൾ പ്രധാനമാണ് ഓടിയൊളിക്കുന്ന മൃഗത്തിന്റെ കാര്യം. അതിന് ഓടി രക്ഷപ്പെട്ടേ തീരു. മറ്റൊരു മാർഗ്ഗമില്ല. ഇല്ലെങ്കിൽ ഇരയായി തീരും. സിംഹത്തിന് മറ്റ് മൃഗത്തെ തേടാം. ജീവിത പന്തയങ്ങളിൽ നാം ആ മൃഗത്തെപോലെ ഓടിയാൽ വിജയിക്കും.

ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചിട്ടില്ല

ഭയക്കേണ്ട, പൗലോസ് ഇങ്ങനെ പറയുന്നതിനുമുള്ള വാചകം കൂടി വായിക്കണം. "മരിച്ചവർ യഥാർത്ഥത്തിൽ ഉയിർക്കപ്പെടുന്നില്ലെങ്കിൽ ദൈവം ക്രിസ്തുവിനെയും ഉയിർപ്പിച്ചിട്ടില്ല (1കൊറി 15:15)

കൊറിന്തോസുകാരുടെ വിശ്വാസം തീരെ കമ്മിയാണ്. ഭാഷാവരങ്ങളും പ്രവചനവരങ്ങളും നല്കപ്പെട്ടതു തന്നെ വിശ്വാസം ശക്തമാക്കാനാണ്. അടിസ്ഥാനപരമായ വിശ്വാസമില്ലെങ്കിൽ എങ്ങനെ നമുക്ക് ക്രിസ്തുസാക്ഷികളാകാനാകും. സഭ പഠിപ്പിക്കുന്നതൊന്നും നമ്മുടെ വയൽക്കുളങ്ങളിൽ പൂക്കുന്നില്ലല്ലോ? പിന്നെ ദൈവശാസ്ത്ര ഉദ്യാനങ്ങൾ സഭ ഒരുക്കി നിർത്തുന്നതുകൊണ്ടെന്തുകാര്യം.

ക്രിസ്തു മഹത്വീകരിക്കപ്പെട്ടിരിക്കുന്നു. സ്നേഹമാണ് ആ മഹത്വത്തിന്റെ അടിസ്ഥാനം. സ്നേഹത്തിന്റെ മാതൃക താൻ തന്നെയാണെന്ന് ക്രിസ്തു. സ്നേഹം എന്ന ഉടമ്പടിയെ പലവട്ടം പലതരത്തിൽ പറഞ്ഞുകൊണ്ടിരുന്നു. യേശുവിന്റെ ശിഷ്യന്മാരെന്ന് ലോകം അംഗീകരിക്കണമെങ്കിൽ സ്നേഹം നിറഞ്ഞു കവിയണം. പരസ്പരം സ്നേഹിക്കുവാനുള്ളതാകണം സുവിശേഷം.

ക്രിസ്റ്റീന റോസെറ്റി പാടി :

"All earths full rivers cannot fill
The sea that drinking thirsteth still"

ഭൂമിയിലെ സർവനദികളും കടലിലേക്ക് ഒഴുകുന്നു, എന്നിട്ടും അതു പാനം ചെയ്യുന്ന കടലിന്റെ ദാഹം ഒഴിയുന്നില്ല. മനുഷ്യർക്ക് ഒരു ദാഹമല്ല, മറ്റു പലതിനോടുമുണ്ട്. അതുകൊണ്ടാണ് ശമനമില്ലാത്തത്. വേനൽ വെറികളിലാണല്ലോ ദാഹമെന്തെന്ന് നാമറിയുന്നത്. സ്നേഹത്തിന്റെ ഉഷ്ണരാശികൾ വേണം " ഈ ജലം പാനം ചെയ്യുന്നവർക്ക് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല" (യോഹ 4 - 14) ക്രിസ്തുവിന്റെ അടുക്കലുമുണ്ട് സ്നേഹത്തിന്റെ തണ്ണീർപ്പന്തലുകൾ. മുന്തിരി അടകളുടെ കൂട്ടുകാർ കൽഭരണികൾ തന്നെയാണല്ലോ. സ്നേഹിക്കുകയും തലോടുകയും ചെയ്യുന്ന ചില കൽഭരണികൾ നമ്മുടെ വീടുകളിൽ ഉടഞ്ഞുപോയിട്ടുണ്ട്.

വൈൻ ടേസ്റ്റേഴ്സിന് ചില സവിശേഷതകൾ ഉണ്ടാകണം. രുചി, മണം തിരിച്ചറിയാനുള്ള മുകുളങ്ങൾ വേണം. നാവിൻ തുമ്പിൽ സെൻസേഷൻ വേണം. നാവിന്റെ മധ്യഭാഗത്ത് സെൻസേഷൻവേണം. രുചിക്കുന്ന വൈൻ അവർ തുപ്പികളയും കാരണം അവരുടെ ശരീരം ആൽക്കഹോളിക്കാകാൻ പാടില്ല. പിന്നീടുള്ള സമയങ്ങളിൽ മദ്യപാനം, പുകവലി, മറ്റു ബിവറേജസുകൾ ഒന്നുംതന്നെ പാടില്ല. വൈൻ നനവ് നാവിൽ എത്തിയാൽത്തന്നെ അതിന്റെ ആൾക്കഹോളിക് കണ്ടന്റ്, ഗുണം, പഴക്കം ഒക്കെ അവർക്ക് തിരിച്ചറിയാനാകും. നാവാണ് അവരുടെ ആയുധം. സ്നേഹം തിരിച്ചറിയാൻ ഇങ്ങനെ ചില മുകുളങ്ങൾ നമുക്കാവശ്യമുണ്ട്. ഹാങ് ഓവറുകളില്ലാത്ത ജീവിതം. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

പെസഹാ കാലം 6-ാം ഞായർ (മേയ് 26)

# സമാധാനം നിങ്ങളോട് കൂടെ

അപ്പോ. 15:1-2, 22-29 | വെളി. 21:10-14, 22-23 | യോഹ. 14:23-29

ഒരിക്കൽ വളരെ സമ്പന്നനായ ഒരു രാജാവ് തന്റെ കൊട്ടാരപരിചാരകരുമൊന്നിച്ച് ഒരു യാത്ര പുറപ്പെട്ടു. മരുഭൂമിയിലൂടെ കടന്നുപോകുമ്പോൾ കൂട്ടത്തിലുണ്ടായിരുന്ന ഒരു ഒട്ടകം കുഴഞ്ഞു വീണു ചത്തു. ഒട്ടകം വഹിച്ചിരുന്ന അമൂല്യരത്നങ്ങളും സ്വർണ്ണനാ

ണയങ്ങളും സൂക്ഷിച്ചിരുന്ന വലിയ ഒരു പെട്ടി താഴെ വീണ് നാലുപാടും ചിതറി. ഇതു കണ്ട രാജാവ് പരിചാരകരോട് പറഞ്ഞു; നിങ്ങൾ ആവശ്യമുള്ളതെല്ലാം പെറുക്കി എടുത്തുകൊള്ളുക. അത് നിങ്ങൾക്കുള്ളതാണ്. പരിചാരകർ മത്സരിച്ച് സ്വർണ്ണ നാണയം ശേഖരിക്കാൻ തുടങ്ങി. രാജാവ് യാത്ര തുടർന്നു. അൽപം കഴിഞ്ഞ് തിരിഞ്ഞ് നോക്കിയ രാജാവ് അത്ഭുതപ്പെട്ടു, തന്റെ സേവകരിൽ ഒരാൾ മാത്രം തന്നെ പിന്തുടരുന്നു. രാജാവ് ആ മനുഷ്യനോട് ചോദിച്ചു: നീ മാത്രം എന്തേ സമ്പത്ത് ശേഖരിക്കാൻ നിന്നില്ല? സേവകൻ മറുപടി പറഞ്ഞു: 'സമ്പത്തിനേക്കാൾ ഉപരി അങ്ങയെ അനുഗമിക്കുകയാണ് എന്റെ ആനന്ദവും സമാധാനവും'. രാജാവ് പുഞ്ചിരിച്ചു കൊണ്ട് സ്നേഹപൂർവ്വം ഇങ്ങനെ പറഞ്ഞു: 'നീ എന്നെ ഉപേക്ഷിക്കാതിരുന്നതുകൊണ്ട് ഞാനും നിന്നെ ഒരുനാളും ഉപേക്ഷിക്കില്ല -എന്റെ സമാധാനത്തിൽ എന്നും നിനക്ക് പങ്കുണ്ടാവുകയും ചെയ്യും.'

യേശു പറയുന്നു, 'ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു. എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ നൽകുന്നു' (14:27) എന്ന്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കാര്യമാണ് യേശു പഠിപ്പിക്കുന്നത്. സ്നേഹവും, സമാധാനവും നമ്മുടെ ജീവിതത്തിൽ പ്രധാനപ്പെട്ടതാണെന്ന് യേശു പഠിപ്പിക്കുന്നു.

നമുക്കു ചുറ്റും എവിടേയും നോക്കിയാൽ അസമാധാനത്തിന്റെ അവസ്ഥകളാണ് കാണുക. ലോകത്തിലെവിടെയും അസമാധാനം. പാലസ്തീനായിൽ, അഫ്ഗാനിസ്ഥാനിൽ, ഇറാക്കിൽ, ആഫ്രിക്കൻ രാജ്യങ്ങളിൽ, നമ്മുടെ സ്വന്തം രാജ്യത്ത്, എന്റെ കുടുംബത്തിൽ എന്തിനേറെ എന്റെ വ്യക്തിരപമായ ജീവിതത്തിലും സമാധാനം ഇല്ല. സത്യത്തിൽ ക്രിസ്തു എന്താണ് നമുക്ക് നൽകിയിട്ട് പോയത്? 'സമാധാനം – ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു.' എന്നു പറഞ്ഞിട്ടാണ് അവിടുന്ന് പീഡാനുഭവത്തിലേക്ക്, കുരുശുമരണത്തിലേക്ക് നടന്നു കയറുന്നത്. അവന്റെ ജീവിതം മുഴുവൻ അവൻ മറ്റുള്ളവർക്ക് സമാധാനം നൽകാനാണ് ചിലവഴിച്ചത്. രോഗങ്ങളാലും മറ്റു പീഢനങ്ങളാലും സമാധാനക്കേട് അനുഭവിച്ചവർക്ക് അവൻ സമാധാനം പ്രധാനം ചെയ്യുന്നു. യേശുവിന്റെ ഏത് അത്ഭുതങ്ങളുടേയും ലക്ഷ്യം ഇതായിരുന്നു എന്ന് നമ്മൾ മനസ്സിലാക്കണം. ചുരുക്കത്തിൽ അവന്റെ ജീവിതം മുഴുവൻ സമാധാനത്തിനുവേണ്ടിയായിരുന്നു.

ക്രിസ്തു ജനിച്ചപ്പോഴേ ലോകത്തിലേക്ക് സമാധാനത്തിന്റെ സന്ദേശവുമായാണ് വന്നത്. അവൻ ജനിച്ചപ്പോൾ മാലാഖമാർ പാടി 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം' (ലൂക്ക 2:14). സമാധാനമായാണ് ക്രിസ്തു ഭൂമിയിലേക്ക് വരുന്നത് എന്ന് നാം കാണുന്നു. അവൻ മരിച്ചുയർത്തതിനു ശേഷം പ്രത്യക്ഷപ്പെടുമ്പോഴും സമാധാനമാണ് ആശംസിക്കുന്നത് ഏവർക്കും. ക്രിസ്തുവിന്റെ മരണത്തിൽ വ്യസനിച്ച് മഗ്ദലേന മറിയം ഇരിക്കുമ്പോൾ അവളുടെ മനസിലേക്ക് സമാധാനം ഏകികൊണ്ട് ക്രിസ്തു പ്രത്യക്ഷനാകുന്നു. ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുമ്പോഴൊക്കെ ആശംസിക്കുന്നത് 'നിങ്ങൾക്ക് സമാധാനം' എന്നാണ് (യോഹ 20:27). അപ്പോൾ ക്രിസ്തു ജനിക്കുമ്പോഴും ജീവിച്ചിരുന്നപ്പോഴും ഉത്ഥിതനായതിനുശേഷവും നമുക്ക് നൽകുന്നത് സമാധാനം മാത്രമാണ്. പിന്നെങ്ങനെ ഈ സമാധാനം മാത്രം നമുക്ക് അന്യമായി മാറി? അവൻ തന്നിട്ടുപോയ സമാധാനം നമുക്കെങ്ങനെ കൈവിട്ടുപോയി?

ആത്മാർത്ഥമായൊരു ആത്മപരിശോധനയിലൂടെ ഈ സമാധാനം നമുക്കെങ്ങനെ കൈവിട്ടുപോയി എന്ന് കണ്ടുപിടിക്കാവുന്നതാണ്. സ്വാർത്ഥതയുടെ അങ്ങേയറ്റം എവിടെയൊക്കെ ഉണ്ടാകുന്നുവോ അവിടൊക്കെ സമാധാനം ഇല്ലാതാവുകയാണ്. ലോകം മുഴുവൻ എന്റെ ചൊൽപ്പടിക്ക് നിൽക്കണമെന്ന് ഒരു അമേരിക്കൻ ഭരണാധികാരി ആഗ്രഹിക്കുമ്പോൾ, ലോകത്തിലേക്ക് അസമാധാനം കടന്നു വരുന്നു. 'എന്റെ മതമാണ് ഏറ്റവും നല്ല മതം – മറ്റെല്ലാമതങ്ങളും നശിക്കണമെന്ന് എതെങ്കിലുമൊരു മതാനുയായിക്ക് തോന്നിയാൽ അവിടെ അസമാധാനം ആരംഭിക്കുന്നു.' എന്റെ ഇഷ്ടങ്ങൾ മാത്രം എന്റെ കുടുംബത്തിൽ നടത്തണമെന്ന് കുടുംബത്തിലെ ഒരംഗം ശാഠ്യംപിടിക്കുമ്പോൾ കുടുംബത്തിൽ അസമാധാനം തുടങ്ങുന്നു. ഞാനാണ് ഏറ്റവും വലിയവൻ എന്ന ചിന്ത എന്നിൽ പ്രബലമാകുമ്പോൾ എന്നിൽ അസമാധാനം സഹവാസത്തിനെത്തുന്നു.

സമാധാനത്തിന്റെ ദൈവത്തിന്റെ അനുയായികളായതിനാൽ നമുക്കും സമാധാനത്തിനു വേണ്ടി നിലകൊള്ളാം. സമാധാനം സ്ഥാപിക്കുന്നവരാകാം. സമൂഹത്തിലും കുടുംബത്തിലും വ്യക്തിജീവിതത്തിലും ഒപ്പം അപരന് സമാധാനം നൽകുന്നവരുമാകാം. ■



സ്വാർത്ഥതയുടെ അങ്ങേയറ്റം എവിടെയൊക്കെ ഉണ്ടാകുന്നുവോ അവിടൊക്കെ സമാധാനം ഇല്ലാതാവുകയാണ്. ലോകം മുഴുവൻ എന്റെ ചൊൽപ്പടിക്ക് നിൽക്കണമെന്ന് ഒരു അമേരിക്കൻ ഭരണാധികാരി ആഗ്രഹിക്കുമ്പോൾ, ലോകത്തിലേക്ക് അസമാധാനം കടന്നു വരുന്നു. 'എന്റെ മതമാണ് ഏറ്റവും നല്ല മതം- മറ്റെല്ലാമതങ്ങളും നശിക്കണമെന്ന് എതെങ്കിലുമൊരു മതാനുയായിക്ക് തോന്നിയാൽ അവിടെ അസമാധാനം ആരംഭിക്കുന്നു.'

# പുന്നയ്ക്കാമുകൾ സെന്റ് ജോർജ്ജ് ദേവാലയം പ്ലാറ്റിനം ജൂബിലി നിറവിൽ

തിരുവനപുരം ലത്തീൻ അതിരൂപതയിൽ വി.ഗീവർഗീസ് സഹദായുടെ നാമധേയത്തിലുള്ള ഏകദേവാലയമാണ് പുന്നയ്ക്കാമുകൾ സെന്റ് ജോർജ്ജ് ദൈവാലയം ഈ ദേവാലയം സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുകയാണ്.

പൂജപ്പുര, തിരുമല, കുന്നപ്പുഴ, തൃക്കണ്ണാപുരം, മുടവൻമുകൾ എന്നീ പ്രദേശങ്ങൾക്ക് മധ്യത്തിലായി ഏറ്റവും ഉയരം കൂടിയ പുന്നയ്ക്കാമുകളിൽ ഈ ഇടവക ദേവാലയം സ്ഥിതി ചെയ്യുന്നു.




1943 ൽ ഒരു ഓലമേഞ്ഞ ഷെഡ്ഡിൽ 60 കുടുംബങ്ങളുമായി ഈ ഇടവക സ്ഥാപിതമായി. മാസത്തിൽ ഒരു ദിവ്യബലിയും ഞായറാഴ്ചകളിൽ അപ്പാവ് ഉപദേശിയുടെയും ജോസഫ് ഈനോസിന്റെയും നേതൃത്വത്തിൽ വേദപഠന ക്ലാസുകളും നടന്നിരുന്നു. എന്നാൽ കാലക്രമേണ വേണ്ടത്ര പരിഗണന കിട്ടാത്തതിന്റെ ഫലമായി, പ്രത്യേകിച്ച് അദ്ധ്യാത്മിക ആരാധന തലങ്ങളിൽ വേണ്ടത്ര ശ്രദ്ധ ലഭിക്കാത്തതുകൊണ്ട് ഏകദേശം 50 ഓളം കുടുംബങ്ങൾ സിഎസ്ഐ, പെന്തക്കോസ്ത് സഭാവിഭാഗങ്ങളിലേക്ക് ചേക്കേറി. എന്നാൽ പിന്നീട് വന്ന വൈദികരുടെ ശ്രമഫലമായി ഇതിൽ കുറച്ച് കുടുംബങ്ങൾ തിരികെ വന്നു.

1995 ൽ പുന്നയ്ക്കാമുകൾ, തൃക്കണ്ണാപുരം, മുടവൻമുഗൾ എന്നീ ഇടവകകളെ ഒസിഡി കാർമ്മൽഹിൽ മൊണാസ്ട്രിയുടെ കീഴിലാക്കി. ഫാ. പീറ്ററിന്റെ കാലത്താണ് ഇന്നുകാണുന്ന ദൈവാലയം പണികഴിപ്പിച്ചത്.

തുടർന്ന് 2010 ൽ ഈ ഇടവകയെ തിരുവനന്തപുരം അതിരൂപത വൈദികരുടെ ചുമതലയിലാക്കി. ഇടവക ജനങ്ങളിൽ 60 ശതമാനം പേരും ദളിത് കാത്തലിക്കരാണ്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ് ഭൂരിഭാഗവും. ദിവസക്കൂലിക്ക് പണിക്ക് പോകുന്നവരാണധികവും. അതോടൊപ്പം ദുരസ്ഥലങ്ങളിൽ നിന്നും വന്നുതാമസിക്കുന്ന കുടുംബങ്ങളും ഉണ്ട്. ആദ്യകാലത്ത് ബുധനും ഞായറും മാത്രമേ കുർബാനയുണ്ടായിരുന്നുള്ളൂ. എന്നാൽ എല്ലാ ദിവസവും ദിവ്യബലിയും ആരാധനയും കുമ്പസാരവും ബുധൻ, വ്യാഴം, ശനി ദിവസങ്ങളിൽ നൊവേനകളും ആരംഭിയ്ക്കുകയും ചെയ്തതിന്റെ ഫലമായി ഇപ്പോൾ വളരെ സജീവമായൊരു വിശ്വാസി സമൂഹം ഇവിടെ ഉണ്ട്. വളരെയധികം മിഷൻ പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള ഒരു ഇടവകയാണ് ഇത്. ബിസിസി, ഇടവക കൗൺസിൽ അംഗങ്ങളുടെ സജീവ പങ്കാളിത്തവും സഹകരണവും ഉള്ളതുകൊണ്ട് എല്ലാ ശുശ്രൂഷകളും വളരെ സജീവമായി മുന്നോട്ടുപോകുന്നു. ഇവിടെ കർഷക സംഘം, ഡിസിഎംഎസ് എന്നിവയും പ്രവർത്തിക്കുന്നു. ഫാ. ജെറോം അമൃതയ്യനാണ് ഇപ്പോഴത്തെ വികാരി. ഈ ഇടവകയിൽ സേവനം അനുഷ്ഠിച്ച മറ്റ് വൈദികർ ഫാ. ജോസഫ് മരിയ, ഫാ. പോൾ വിക്ടർ, ഫാ. ക്ലീറ്റസ് ഗോമസ്, ഫാ. ജെയിംസ്, ഫാ. സി.ജോസഫ്, ഫാ. മാർട്ടിൻ ഫെർണാണ്ടസ്, ഫാ. സൂസപാക്യം, ഫാ. സിൽവെസ്റ്റർ പൊന്നുമുത്തൻ, ഫാ. ഗോൺസാൽവ്സ്, ഫാ. ഗ്രിഗറി ആർബി, ഫാ. മോഹൻ സി.ലിയോൺ, ഫാ. അലക്സാണ്ടർ ഒസിഡി, ഫാ. സക്കറിയാസ് കരിയിലക്കുളം ഒസിഡി, ഫാ. ജോർജ്ജ് മുണ്ടപ്ലാക്കൽ ഒസിഡി, ഫാ. ജോസഫ് കല്ലംതറ, ഒസിഡി, ഫാ. പീറ്റർ കോതമ്പവനാനിയിൽ ഒസിഡി, ഫാ. ജോക്കബ്, ഒസിഡി, ഫാ. എഡിസൺ വൈ എം, ഫാ. ഷാബിൻ, ഫാ. ലെനിൻഫെർണാണ്ടസ്, ഫാ. റോഷൻ റിച്ചാർഡ്.




**2019 ജൂൺ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# വിദ്യാർഥി കേന്ദ്രീകൃത വിദ്യാഭ്യാസം

### 1. പരിശുദ്ധാത്മാവിന്റെ ഗാനം
### ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. ആമുഖം

വേനൽക്കാല അവധി കഴിഞ്ഞ് പുതിയ അദ്ധ്യായന വർഷം തുടങ്ങുന്നതിന്റെ തിരക്കോടുകൂടിയാണല്ലോ ജൂൺ മാസത്തെ നാം വരവേൽക്കുക. ഒപ്പം ഈശോയുടെ തിരുഹൃദയ ഭക്തിക്കായി പ്രത്യേകം സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരു മാസം കൂടിയാണിത്.

വിദ്യ അഭ്യസിക്കുന്ന ആലയത്തിലേക്ക് ആദ്യമായെത്തുന്ന നിരവധി കുരുന്നുകൾ, വാർഷിക പരീക്ഷ കഴിഞ്ഞ് പ്രൊമോഷൻ ലഭിച്ച് പുതിയ ക്ലാസുകളിലേക്കെത്തുന്ന വിദ്യാർത്ഥികൾ, ഒപ്പം എണ്ണത്തിൽ കുറവാണെങ്കിലും പരാജിതരായി അതേക്ലാസിൽ തുടരേണ്ടി വരുന്ന കുട്ടികൾ, 10-ാം ക്ലാസിലും +2 വിലും വിജയം കൈവരിച്ച് ജീവിതത്തിലേക്കുള്ള വഴിത്തിരിവിനായി ഭാസുരമായൊരു ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് കരിയർ സംബന്ധമായ നിർണ്ണായക തെരഞ്ഞെടുപ്പ് നടത്തുന്ന വിദ്യാർത്ഥികളും മാതാപിതാക്കളും, ഇതിനിടയിൽ ഇനി എന്തു ചെയ്യണമെന്നറിയാതെ, ലക്ഷ്യബോധമില്ലാതെ, ലഭ്യമാകുന്ന വിഷയം തെരഞ്ഞെടുക്കുന്ന, അതിന് നിർബന്ധിതരാകുന്ന കുട്ടികളും മാതാപിതാക്കളും... ഇതിനു പുറമെ താല്പര്യകുറവുകൊണ്ടും, കുടുംബത്തിന്റെ സാമ്പത്തിക പരാധീനതമൂലവും പഠനം നിർത്തി പഠനം ഉപേക്ഷിക്കേണ്ടിവരുന്ന കുട്ടികൾ...

മേൽ സൂചിപ്പിച്ച സ്ഥിതി വിശേഷങ്ങൾ ചേർത്തുവായിക്കുമ്പോൾ സാമുദായികമായും സാമൂഹ്യമായും പ്രാഗത്ഭ്യത്തിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ അഡ്മിഷൻ നേടുന്നതിലും ജോലി സ്വായത്തമാക്കുന്നതിലും ഏറെ പിന്നിൽ നിൽക്കുന്നൊരു സമുദായമാണ് നമ്മുടേതെന്ന് സമ്മതിക്കാതെ വയ്യ. ഇക്കാരൃത്താൽ, ഇനിയും അലസത വെടിഞ്ഞ് ബോധപൂർവ്വം ഉണർന്നു പ്രവർത്തിക്കുന്നില്ലെങ്കിൽ ഇനിയും ഏറെ പിന്തള്ളപ്പെടും നമ്മൾ.

ഇവിടെയാണ് കേരള ലത്തീൻ സഭ ഒരു വർഷത്തിലേറെയായി നിർദ്ദേശിക്കുന്ന വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസ പ്രക്രിയ മനസ്സിലാക്കേണ്ടതിന്റെയും അതനുസരിച്ച് ബി.സി.സി. യൂണിറ്റ്, ഇടവകതലങ്ങളിൽ ഈ ശൈലി നടപ്പിലാക്കേണ്ടതിന്റെയും ആവശ്യകത സജീവമാകുന്നത്.

വളരെ ലളിതമായി പറയുമ്പോൾ സ്കൂളിൽ ആദ്യമായി പ്രവേശിക്കുന്ന ഒരു കുട്ടിയുടെ പ്രത്യേക കഴിവും, പരിമിതിയും അഭിരുചിയും മനസ്സിലാക്കി ഓരോ ഘട്ടത്തിലും ആവശ്യമായ പിന്തുണയേകി, അനുയോജ്യമായൊരു ജോലി നേടുന്നതു വരെ ആ കുട്ടിയെ കുടുംബവും കുടുംബയൂണിറ്റും ഇടവകയും വ്യക്തിപരമായി അനുധാവനം ചെയ്യുന്ന വിദ്യാഭ്യാസ പ്രക്രിയാണിത്.

അതിനായ് നമ്മുടെ കുടുംബങ്ങളെയും പഠിക്കുന്ന മക്കളെയും ഈശോയുടെ തിരുഹൃദയത്തിൽ പ്രത്യേകമായി സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കാം, കൂട്ടായി പ്രവർത്തിക്കാം.

### 4. യേശുവിനെ ക്ഷണിക്കൽ

എല്ലാ അറിവിന്റെയും ഉറവിടവും ഏറ്റവും വലിയ ഗുരുവുമായ യേശുവിനെ, നമ്മെ ഓരോരുത്തരേയും നമ്മുടെ കുടുംബങ്ങളെയും പഠിക്കുന്ന നമ്മുടെ മക്കളെയും തൊട്ട് അനുഗ്രഹിക്കുവാനുമായി നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

**മത്തായി 11:25-30**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 7. വചനവിചിന്തനം

ഇന്നത്തെ യോഗത്തിന്റെ ആമുഖ സന്ദേശത്തിൽ സൂചിപ്പിച്ച രണ്ട് വിഷയങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്ന തിരുവചനഭാഗമാണ് നാം ഇപ്പോൾ ശ്രവിച്ചത്. വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസ പ്രക്രിയയും ഈശോയുടെ തിരുഹൃദയത്തിലുള്ള കുടുംബങ്ങളുടെ പ്രതിഷ്ഠാ പ്രാർത്ഥനയും.

വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസ പ്രക്രിയയെ കുറിച്ച് ചിന്തിക്കുമ്പോൾ ഈ വചനം നമ്മോട് എന്താണ് സംസാരിക്കുന്നത് എന്നതാണ് ആദ്യമായി വിചിന്തനം ചെയ്യേണ്ടത്. സ്വയം ബുദ്ധിമതികളെന്നും വിജ്ഞാനികളെന്നും വിവേകിക

ളെന്നും അഹങ്കരിക്കുന്നവരെ ബോധപൂർവ്വം മാറ്റിനിർത്തിക്കൊണ്ട്, ദൈവീകപദ്ധതിയുടെ രഹസ്യങ്ങളെക്കുറിച്ചുള്ള അറിവ് ശിശുക്കൾക്ക് വെളിപ്പെടുത്തിയ ദൈവീക തീരുമാനത്തെയോർത്ത് സ്തുതിക്കുകയാണ് യേശു. ഇവിടെ ദൈവീക പദ്ധതി വെളിപ്പെടുത്തുവാനായി ദൈവം തെരഞ്ഞെടുത്ത "ശിശുക്കൾ" കുട്ടിത്തം മാറാത്ത നിരുത്തരവാദികളായ, കഴിവില്ലാത്ത, ദുർബലരായ മനുഷ്യരല്ല. മറിച്ച് ഇവിടെ പരാമർശിക്കപ്പെടുന്ന "ശിശുക്കൾ" സ്വന്തം കഴിവിൽ മാത്രം അമിതമായി ആശ്രയിക്കാതെ, ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട്, ദൈവീക പദ്ധതികൾക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന വിനയമുള്ള മനുഷ്യർ; ദൈവീക പരിപാലനയിൽ ആശ്രയിക്കുന്നവർ. കാരണം ഇത്തരക്കാർക്ക് ദൈവം ഉൾവെളിച്ചം നൽകും ഒരു സമൂഹത്തിന്, ഇടവകയ്ക്ക്, ഇന്നത്തെ സാഹചര്യത്തിൽ ഏത് തരം പ്രവർത്തനമാണ് ആവശ്യമെന്ന് അത്തരം പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാനുള്ള ശക്തിയും കൃപയും നൽകും. സ്വന്തം പദ്ധതി നിർവ്വഹിക്കണമെന്ന് ഇത്തരക്കാർ ശാഠ്യം പിടിക്കില്ല. ഇടവകയുടെ പൊതുനന്മക്കും ദൈവീക വെളിപ്പെടുത്തലുകൾക്കും മുൻതൂക്കം നൽകും. കൂടാതെ ശിശുസഹചര്യം ദൈവാശ്രയ ബോധമുള്ള മനുഷ്യർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കൂടെയുള്ളവരുടെ കഴിവുകൾ കൂടി ഫലപ്രദമായി വിനിയോഗിക്കും.

ഇതിനോടൊപ്പം കൂട്ടിവായിക്കേണ്ട വചനഭാഗമാണ് മർക്കോസ് 10:13-16 യേശു തൊട്ട് അനുഗ്രഹിക്കുവാനായി കുട്ടികളെ കൊണ്ടുവരുന്ന രംഗം. യേശുവിന്റെ അനുഗ്രഹത്തിന്റെ വില, അവിടുത്തെ ദൈവീക ശക്തി തിരിച്ചറിയുന്ന മാതാപിതാക്കൾ തങ്ങളുടെ മക്കളെ യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവരുന്നു. ഏതൊരു വിദ്യാഭ്യാസ പ്രക്രിയയുടെയും നിർണ്ണായകമായ ഘടകങ്ങളാണ് വിദ്യാർത്ഥികളെ തൊടുക, അവരുടെ മനസ്സറിയുക, ജീവിത പശ്ചാത്തലം മനസിലാക്കുക, അവരെ ഹൃദയപൂർവ്വം അനുഗ്രഹിക്കുക. ഈ സംഭവത്തിൽ ശ്രദ്ധേയമായൊരു കാര്യം, യേശുവിന്റെ മനസ് അറിയാമെന്ന് കരുതിയ, യേശുവിന്റെ പ്രത്യേക പരിശീലനം ലഭിച്ച, യേശുവിന്റെ പ്രവർത്തനങ്ങൾ നേരിൽ കണ്ട ശിഷ്യന്മാർ തങ്ങളുടെ ഗുരുവിനെ സഹായിക്കാനെന്ന രീതിയിൽ ശിശുക്കളെ തടയുകയാണ്. ഗുരുവിനെ സഹായിക്കുകയാണെന്ന് കരുതി ശിശുക്കളെ തടഞ്ഞ ശിഷ്യന്മാരെ ശകാരിക്കുന്ന യേശുവിനെയാണ് നാം ദർശിക്കുക. കാരണം അതിലൂടെ അവർ യേശുവിന്റെ പുണ്യസ്പർശനത്തെയും അനുഗ്രഹത്തെയും തടസ്സപ്പെടുത്തുകയാണവർ.

ഈ കാഴ്ചപ്പാടിൽ വിദ്യാർത്ഥികേന്ദ്രീകൃത വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത് ഓരോ കുട്ടിയുടെയും അവസ്ഥ മനസ്സിലാക്കി അവരുടെ ജീവിതത്തെ സ്പർശിക്കുവാനും അവർക്ക് അനുഗ്രഹമായിതീരുവാനുമുള്ള പ്രവർത്തനങ്ങളാണ്. അതിനായ് വലിയ പാണ്ഡിത്യമുള്ളവരെയല്ല ദൈവത്തിനാവശ്യം. മറിച്ച് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, തുറന്ന ഹൃദയത്തോടെ തങ്ങളുടെ സമയവും, അറിവും ആരോഗ്യവും സമ്പത്തും പങ്കുവയ്ക്കുവാൻ മനസ്സുള്ളവരെ, പൊതുനന്മ കാംക്ഷിക്കുന്നവരെയാണ് അവിടുത്തേക്കാവശ്യം.

ഈശോയുടെ തിരുഹൃദയത്തിനുവേണ്ടി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ മാസം അവിടുന്ന് നമ്മെ പ്രത്യേകമായി ക്ഷണിക്കുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും".

യേശുവിന്റെ ഹൃദയത്തിന്റെ സവിശേഷത സ്വയം വെളിപ്പെടുത്തുന്ന ആശ്വാസത്തിന്റെ വചനങ്ങൾ. പുതിയൊരു അദ്ധ്യായനവർഷം ആരംഭിക്കുമ്പോൾ, പുതിയൊരു വിദ്യാഭ്യാസ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുവാനൊരുങ്ങുമ്പോൾ യേശു പറയുന്നു: മാതാപിതാക്കളെ, അദ്ധ്യാപകരേ, വിദ്യാഭ്യാസ പ്രവർത്തകരെ നിങ്ങൾ ആദ്യം എന്റെ ഹൃദയത്തിൽ നിന്നും പഠിക്കുവിൻ, അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. യേശു വാഗ്ദാനം ചെയ്യുന്ന ആശ്വാസം എന്നത് നമ്മുടെയും നമ്മുടെ മക്കളുടെയും വരുന്ന തലമുറയുടെ സന്തോഷവും സമാധാനവും സമഗ്രമായ വളർച്ചയുമാണ്. അതിനായ്, ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, ഈ പുതിയ അദ്ധ്യായന വർഷത്തിൽ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. നമ്മുടെ മക്കളെ, നമ്മുടെ കൂട്ടായ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ യേശു തൊടുവാനും അനുഗ്രഹിക്കുവാനുമായി നമുക്ക് പ്രാർത്ഥിക്കാം.

## 8. ചർച്ച

a. നമ്മുടെ യൂണിറ്റിൽ/വാർഡിൽ/ഇടവകയിൽ എഴുത്തും വായനയും അറിയാത്ത കുട്ടികളുടെ സ്ഥിതിവിവരം എടുത്ത് അവരെ യൂണിറ്റ്/വാർഡ്/ഇടവകതലത്തിൽ അക്ഷരവും ഗണിതവും പഠിപ്പിക്കാൻ ക്രമീകരണം ചെയ്യുക.

b. നമ്മുടെ കുടുംബയൂണിറ്റിൽ നിന്നും സാമ്പത്തിക പരാധീനത മൂലം പഠിക്കുവാൻ പ്രയാസപ്പെടുന്ന കുട്ടികളെ കണ്ടെത്തി തുടർപ്രവർത്തനത്തിനായ് സഹായിക്കുക.

c. വിദ്യാഭ്യാസ സമിതി മുൻതൂക്കം നൽകി ചെയ്യേണ്ട രണ്ട് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക. അത് വിദ്യാഭ്യാസ കൺവീനറെ അറിയിക്കുക.

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

നമ്മുടെ എല്ലാ വിദ്യാഭ്യാസ പ്രവർത്തനങ്ങളും ദൈവാശ്രയബോധത്തോടും വിനയത്തോടും ഒത്തൊരുമയോടും നിർവ്വഹിക്കുവാനും അതിലൂടെ നമ്മുടെ മക്കളെയും അവർക്ക് വിദ്യപകർന്നു നൽകുന്നവരേയും യേശു തൊട്ട് അനുഗ്രഹിക്കുവാൻ വേണ്ടി നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും ദൈവതിരുസന്നിധിയിൽ സമർപ്പിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**




# കൊത്തലെംഗോ പ്രീ-പ്രൈമറി സ്കൂൾ

**കരുംകുളം**

കരുംകുളം ഗ്രാമത്തിലെ കുഞ്ഞോമനകൾക്കുള്ളിലെ അക്ഷരപൂട്ടുകൾ തുറന്ന് കൊടുത്തുകൊണ്ട് അറിവിന്റെ ലോകത്തിലേക്ക് കരംപിടിച്ചുയർത്തുവാനായ് 1983 ൽ ഇടവകയുടെ നേതൃത്വത്തിൽ ആരംഭിച്ച കൊത്തൊലെംഗോ പ്രീ-പ്രൈമറി സ്കൂൾ 1989 ൽ അന്നത്തെ ഇടവക വികാരിയായിരുന്ന മോൺ. ജോൺ ഡി.ബോസ്കോ കൊത്തൊലേംഗോ സന്യാസ സമൂഹത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഏല്പിച്ചു. ആരംഭഘട്ടത്തിൽ ഇവിടെ സേവനം അനുഷ്ഠിച്ച ഇറ്റാലിയൻ സിസ്റ്റേഴ്സിന്റെ പ്രയത്നങ്ങൾ സ്കൂളിന്റെ വളർച്ചയിൽ നിർണായക പങ്കുവഹിച്ചിട്ടുള്ളത് സ്മരണാർഹമാണ്.

വിജ്ഞാനത്തിനും അക്ഷരാഭ്യാസത്തിനും പ്രാധാന്യം നൽകികൊണ്ട് മാനുഷികവും ധാർമ്മികവമായ മൂല്യങ്ങൾ കുട്ടികളുടെ കുരുന്നു ഹൃദയങ്ങളിൽ വിതയ്ക്കുന്നതിനോടൊപ്പം അവരിൽ അന്തർലീനമായി കിടക്കുന്ന വൈവിധ്യങ്ങളായ കലാ-കായിക വാസനകളെ വളർത്തുവാനുള്ള പരിശീലനങ്ങൾ നൽകി ഭാവിയിലെ ഉത്തമ പൗരന്മാരായ് അവരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഈ സ്ഥാപനം മുന്നോട്ടുപോകുന്നു.

മലയാളം മീഡിയത്തിൽ ആരംഭിച്ച ഈ നേഴ്സറി പിന്നീട് സമൂഹത്തിന്റെ ആവശ്യകത മനസ്സിലാക്കി 1985 ൽ ഇംഗ്ലീഷ് മീഡിയം സെക്ഷൻ കൂടി ആരംഭിച്ചു. 2009 ൽ, രാഷ്ട്രഭാഷയുടെയും ഐ.ടി മേഖലയുടെയും പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട്, ഹിന്ദി ഭാഷയും കംപ്യൂട്ടറും പഠന വിഷയത്തിൽ ഉൾപ്പെടുത്തി.

ഓരോ കുഞ്ഞും പിറന്നുവീഴുന്നത് മത്സരങ്ങളുടെ ലോകത്തിലേക്കാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് കുട്ടികളുടെ ബുദ്ധിവികാസത്തിനും വ്യക്തിത്വവികാസത്തിനുമായി കുട്ടികളെ കലാകായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും 2011 മുതൽ യുണിക്സ് അക്കാദമി പോലുള്ള വിവിധ മത്സരങ്ങളിൽ പങ്കെടുത്ത സംസ്ഥാനതലം വരെ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച് ബെസ്റ്റ് സ്കൂൾ, ടോപ്പർ സ്കൂൾ അവാർഡുകൾ നേടിത്തന്ന കുരുന്നുകൾ കൊത്തൊലേംഗോ പ്രീ-പ്രൈമറി വിദ്യാലയത്തിനെന്നും അഭിമാനം പകരുന്നതാണ്.

കുട്ടികളുടെ സമഗ്രമായ വളർച്ചയെ സഹായിക്കുന്നതിന് സമർത്ഥരായ വ്യക്തികളുടെ സഹായത്തോടെ മതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു.

മുപ്പത്തിആറ് വർഷം പിന്നിടുമ്പോൾ ജാതി മത ഭേദമന്യേ പല പ്രദേശങ്ങളിൽ നിന്നായ് നൂറിൽ പരം കുട്ടികൾ ഇന്നിവിടെ വിദ്യ അഭ്യസിച്ചുവരുന്നു.





## പൂത്തുമ്പി

എന്റെ കുഞ്ഞിപൂത്തുമ്പി
നമുക്കൊരുമിച്ച് പള്ളിയിൽ പോകാം
നമുക്കൊരുമിച്ച് സ്കൂളിൽ പോകാം
നമുക്കൊരുമിച്ച് തുള്ളിക്കളിക്കാം


## സൃഷ്ടി

ദൈവത്തിൻ സൃഷ്ടിയാം സൂര്യനും
ദൈവത്തിൻ സൃഷ്ടിയാം ചന്ദ്രനും
ദൈവത്തിൻ സൃഷ്ടിയാം താരങ്ങളും
കാണാനെന്തൊരു ഭംഗിയാണ്.

## വഞ്ചി

യേശുയാത്ര ചെയ്ത വഞ്ചി
ശിഷ്യന്മാർ തുഴഞ്ഞ വഞ്ചി
മീൻപിടിക്കാൻ പോകും വഞ്ചി
എന്നെ മറുകര എത്തിക്കും വഞ്ചി

– കാമിലോ ആന്റണി
യുകെജി







## അഹങ്കാരിയായ കുഞ്ഞൻകോഴി

ഒരിടത്തൊരിടത്ത് ഒരു കുഞ്ഞൻകോഴി ഉണ്ടായിരുന്നു. മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കാത്ത അഹങ്കാരിയായിരുന്നു കുഞ്ഞൻ കോഴി. ഒരിക്കൽ കുഞ്ഞൻ കോഴി കുളക്കരയിൽ കളിക്കുകയായിരുന്നു. അമ്മക്കോഴി പറഞ്ഞു, കുഞ്ഞൻകോഴി കുളക്കരയിൽ നിന്ന് മാറിക്കളിക്കൂ. കൂട്ടുകാരുടെ കൂടെ പാടത്ത് കളിക്കൂ. എന്നാൽ കുഞ്ഞൻകോഴിയുണ്ടോ കേൾക്കുന്നു. കളിക്കിടയിൽ കുഞ്ഞൻ കോഴി കാൽ വഴുതി കുളത്തിലേക്ക് വീണു.. 'പ്ളും...' ശബ്ദംകേട്ട് കഞ്ഞൻ കോഴിയുടെ ആച്ഛനും അമ്മയും കൂട്ടുകാരും ഓടിയെത്തി. കുഞ്ഞൻ കോഴിയെ ഒരുവിധത്തിൽ കരയിലെത്തിച്ചു. അങ്ങനെ കുഞ്ഞൻ കോഴിയുടെ അഹങ്കാരമെല്ലാം പമ്പകടന്നു. കുഞ്ഞൻ നല്ല കോഴിയായി മാറി.

ജെ. സി



# കേന്ദ്രഭരണത്തിന് ആര് ചുക്കാൻ പിടിക്കും

ഭാരതത്തെ സംബന്ധിച്ച് സുപ്രധാനവും നിർണായകവുമാണ് 2019 ഏപ്രിൽ 11 മുതൽ മേയ് 19 വരെ നടക്കുന്ന 17-ാം ലോക്സഭ തിരഞ്ഞെടുപ്പ്. പൊതു തിരഞ്ഞെടുപ്പുകൾ ഭാരതത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളിലേക്കും മൂല്യങ്ങളിലേക്കും രാജ്യത്തെ നയിക്കുന്നതിനുള്ള ജന പ്രതിനിധികള തെരഞ്ഞെടുക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു. ഭരണ ഘടനയോടും ഭരണഘടനാ സ്ഥാപനങ്ങളോടും ആദരവുള്ള നേതാക്കൾ ഭര ണത്തിന്റെ തലപ്പത്ത് വരേണ്ടത് രാജ്യത്തിന്റെ ഭാവിക്കും എല്ലാ വിഭാഗം ജന ങ്ങളുടെയും ക്ഷേമത്തിനും ഭാവിക്കും അത്യന്താപേക്ഷിതമാണ്. ജനാധിപത്യ പ്രക്രിയയിൽ രാഷ്ട്രീയ പാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമുള്ള പ്രാധാന്യവും വലുതാണ്. ലോകത്തിലെ പല ജനാധിപത്യരാജ്യങ്ങളും സമ ഗ്രാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാത യിൽ മുന്നേറുന്നു എന്നതാണ് നാളിതുവരെയുള്ള ചരിത്രം. അടുത്ത അഞ്ചു വർഷങ്ങൾ ആരു നയിക്കണമെന്ന ജനഹിതം പരിശോധിക്കുന്ന തെരഞ്ഞെ ടുപ്പിൽ ഒരുനവനേതൃത്വം ഭാരതജനത സ്വപ്നം കാണുകയാണ്.

നോട്ട് നിരോധനം, ജിഎസ്ടി, പൊതുമേഖലയുടെ സ്വകാര്യവൽക്കരണം, കാർഷിക പ്രതിസന്ധി റഫാൽ അഴിമതി, പുൽവാമ-ബാലക്കോട്ട് സംഭവങ്ങൾ വരെയുള്ള ദേശീയ പ്രശ്നങ്ങൾ ഭാരതജനതയുടെ മുന്നിൽ തെളിഞ്ഞു നിൽക്കുന്ന ഒരുകാലയളവിലാണ് അതിപ്രധാനമായ ഒരു തെരഞ്ഞെടുപ്പ് നട ക്കുന്നത്. സംസ്ഥാനതലങ്ങളിൽ വിവിധ പ്രദേശിക പ്രശ്നങ്ങൾ വേറെയും. ഈ പശ്ചാത്തലത്തിൽ സ്ഥിരതയാർന്ന ഒരു കേന്ദ്രഭരണത്തിന് ആര് ചുക്കാൻ പിടിക്കും എന്നതാണ് പ്രസക്തമായ ചോദ്യം. ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന മതേതരമൂല്യങ്ങളും ന്യൂനപക്ഷങ്ങൾക്ക് ഉറപ്പുനൽകിയിരിക്കുന്ന മൗലിക അവ കാശങ്ങളും നിലനിൽക്കണമോ എന്ന് തീരുമാനിക്കുന്ന തെരഞ്ഞെടുപ്പാണിത്. ഒരു വശത്ത് നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി. അവിടെ ധന സമൃദ്ധിയും കെട്ടുറപ്പും വ്യക്തമായി കാണാം. മറുവശത്ത് തെരഞ്ഞെടുപ്പ് പടി വാതിലിൽ വന്ന് മുട്ടിയിട്ടും ഭിന്നതകൾ അവസാനിപ്പിക്കാൻ കൂട്ടാക്കാത്ത കോൺഗ്രസും പ്രതിപക്ഷകക്ഷികളും രണ്ട് മാസം മുൻപ് ഡിസംബറിൽ സംസ്ഥാന തിരഞ്ഞെടുപ്പുകളിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഭരണം പിടിക്കാൻ കോൺഗ്രസിന് കഴിഞ്ഞത് വലിയ ആത്മവിശ്വാസം നൽകി.

ഇന്ത്യയെ ഒരു പരമാധികാര മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി നിലനിറുത്തുന്നതിന് ഓരോ പൗരനും ഉണ്ടായിരിക്കേണ്ട രാഷ്ട്രീയ ഉത്തരവാ ദിത്വമാണ് പ്രധാനം. ജനാധിപത്യ പ്രക്രിയയിലുള്ള പങ്കാളിത്തം ദൈവരാജ്യ നിർമ്മിതിയിലുള്ള പങ്കുചേരലായി ഓരോ ക്രൈസ്തവനും മനസ്സിലാക്കേണ്ട തുണ്ട്. സുവിശേഷ സത്യങ്ങളും ഭരണഘടനാനുകൂല്യങ്ങളുമാണ് ഈ പ്രക്രി യയിൽ മാർഗദർശനമാകേണ്ടതും മനസ്സാക്ഷി രൂപപ്പെടുത്തേണ്ടതും. ■

കിഴക്കിന്റെ പാദുവ

# ചെട്ടിക്കാട്
# സെന്റ് ആന്റണീസ് ഷ്റൈൻ



**2019 മെയ് 14 ചൊവ്വ**

## ഊട്ടുതിരുനാൾ

മെയ് 7 ചൊവ്വ : കൊടികയറ്റം
മെയ് 21 ചൊവ്വ : എട്ടാമിടം

**തിരുക്കർമ്മ സമയം**

ചൊവ്വാഴ്ച : രാവിലെ 6.15, 8, 10.30നും ; വൈകീട്ട് 3, 5, 6.30 നും ദിവ്യബലി, നൊവേന, ആരാധന
മാസാദ്യ ചൊവ്വാഴ്ചകളിൽ : രാവിലെ 10.30ന് രോഗശാന്തി ശുശ്രൂഷ
വെള്ളിയാഴ്ച : രാവിലെ 10ന് ദിവ്യബലി, ആരാധന. ഞായറാഴ്ച : രാവിലെ 6.45നും 9നും വൈകീട്ട് 5നും ദിവ്യബലി
എല്ലാ മാസത്തിന്റെയും നാലാമത്തെ ചൊവ്വാഴ്ച കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനാശുശ്രൂഷ

**Rector : St Antony's Shrine**
Chettikkad, Kunjithai P.O - 683 522, N. Paravur, Ernakulam Dt, Kerala
www.stantonyschettikkad.org, E-mail: stantonyschettikkad@gmail.com
Ph: 0484 - 2482039, 2483512

Total Page 44 Pub. Date : 01.05.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto